لا إله إلا الله محمد رسول الله

# സത്യദൂതൻ

**വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

**പുസ്തകം 71**

**ലക്കം 4**

ഏപ്രിൽ 2003

ശഹാദത്ത് 1382

മുഹർറം-സഫർ -1424

**ചീഫ് എഡിറ്റർ**

മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**

ഏ. എം. മുഹമ്മദ് സലിം



**എഡിറ്റോറിയൽ ബോർഡ്**

പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ. വി. ഈസക്കോയ

കെ. വി. ഹസ്സൻ കോയ

പി. എം. സലിം

പി. എം. ബഷീർ അഹ്മദ്



**സെക്രട്ടറി പീരിയോഡിക്കൽസ്**

പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**

എം. കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**

എസ്. മുഹമ്മദ് സലിം

**വരിസംഖ്യ - 100 ക.**

**ഒറ്റപ്രതി - 10 ക**



വിലാസം

**സത്യദൂതൻ**

**ജി. എച്ച്. റോഡ്**

**കോഴിക്കോട്.**

e-mail: sathyadoothan@ahmadiyya.com


## ഉള്ളടക്കം


4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

**ലേഖനം**

9 ***ഫലസ്തീൻ പ്രശ്നം***
ബി. ഏ. റഫീഖ്

11 ***നേഷൻ ഓഫ് ഇസ്‌ലാം***
ഫരീദ് അഹ്മദ്

14 **മനുഷ്യൻ പരിണാമ വിധേയൻ**
കെ.വി. ഈസക്കോയ

16 ***മരണം ശരീരത്തെ പരിഗ്രഹിക്കുമ്പോൾ***
ഓർച്ചാർഡ് അഹ്മദ്, കണ്ണൂർ

19 ***ഒരു സത്യനിഷേധിയെ ചരിത്രം ശിക്ഷിക്കുന്നു***
മൗലവി മുഹമ്മദ് ഉമർ എച്ച്. ഏ.

23 ***ദൈവിക ശിക്ഷകൾ***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

27 ***കണ്ടാലും കൊണ്ടാലും*** **പഠിക്കാത്തവർ !**
കുഞ്ഞാലൻ ഹാജി

33 ***ഐക്യരാഷ്ട്രസഭയുടെ ഭാവി***
വി.ബി. ഉണ്ണിത്താൻ

34 ***അമീർ സാഹിബുമായുള്ള അഭിമുഖം***

**ഖുത്ബ സീരീസ്**

6 ***ഗൾഫ് യുദ്ധത്തിന്റെ അടിയൊഴുക്കുകൾ***
ഹസ്റത്ത് ഖലീഫത്തുൽ മസിഹ് - IV

**പംക്തികൾ**

29 ***ചാവക്കാട്ടെ സംഗമവേദിയും ഖത്തീബിന്റെ സാഹസകൃത്യവും***
കെ.പി.അഹ്മദ്

31 ***ബറാഹീനെ അഹ്മദിയ്യാ അഞ്ചാം ഭാഗം***
മുഹമ്മദ് ഉമർ എച്ച്.എ.

**കുറിപ്പുകൾ**

38 **ഇറാഖ് യുദ്ധം: കാണാപ്പുറങ്ങൾ**

40 ***പാവം ഢൽഹി ഇമാമും ഇവിടുത്തെ മുസ്‌ലിം കക്ഷികളും***

42 ***അനുസ്മരണം, വാർത്തകൾ***


***മുഖചിത്രം: പുരാതന ഇറാഖിലെ ബാബിലോണിയൻ ചക്രവർത്തി നബുക്കദ് നസറിന്റെ കാലത്തെ(604 B.C.) പടയാളി***


Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. (22:40)


## നബിവചനം

സിറിയയുടെയും ഇറാഖിന്റെയും ഇടയിലൊരിടത്തു നിന്നാകും ദജ്ജാലിന്റെ പുറപ്പാട്. അവൻ ഇടം വലം സഞ്ചരിക്കും. ദൈവദാസന്മാരേ! സ്ഥൈര്യമവലംബിക്കുക.(സഹീഹ് മുസ്‌ലിം)

**യുഗശബ്ദം**

# മഹാനഗരങ്ങൾ മറിഞ്ഞുവീഴും

**ഹസ്റത്ത് അഹ്മദ് (അ)**



അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല ! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല!! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നതു ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ശൂന്യമാകുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലംവരെ ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചുകൂട്ടുന്നതിന്ന് ആവുന്നതും ശ്രമിച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോടു പറയുന്നു! ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പാകെ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. എന്നാൽ, ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന്നു പാത്രമായിത്തീരുന്നതിന്ന് പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവിൻ! ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല, വെറുമൊരു കീടമത്രെ! എവൻ സർവ്വശക്തനെ ഭയപ്പെടുന്നില്ലയോ, അവൻ മൃതപ്രായനാകുന്നു, ജീവനുള്ളവനല്ല.

*(ഹഖീഖത്തുൽ വഹ്‌യ് 1905)*

മുഖക്കുറിപ്പ്

# ഓ, ബഗ്ദാദ്.........!

**അ**ഞ്ച് നൂറ്റാണ്ടു കാലം ഇസ്‌ലാമിക ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്ന ബഗ്ദാദ്, നീലാകാശത്ത് ഇന്ദ്രനീലക്കൊട്ടാരം പണിയുന്ന ഇഫ്‌രീത്തുകളുടെയും ജിന്നുകളുടെയും അത്ഭുതഭൂമി, ഭൂമിക്കടിയിലെ നിധി കുംഭങ്ങൾ കാണിച്ചു തരുന്ന ഭൂതങ്ങളുടെയും നാവികനായ സിൻബാദിന്റെയും ഖലീഫാ മാമൂന്റെയും വിസ്മയ കഥകൾ കൊണ്ട് ലോക കഥാസാഹിത്യത്തെ അതിശയം കൊള്ളിച്ച ആയിരത്തൊന്നു രാവുകളുടെ രംഗഭൂമി....... ബഗ്ദാദ് !! തീർന്നില്ല, ലോകസംസ്കാരത്തിന്റെ ആദ്യ പുലരികൾ കണ്ട യൂഫ്രട്ടീസ് ടൈഗ്രീസ് നദിക്കരയിലെ സുപ്രസിദ്ധമായ മെസപ്പൊട്ടോമിയ, ഇബ്റാഹിം നബി(അ)യുടെ ജന്മ ഗേഹമായ ഊർ, ലോകത്തിന് ആദ്യമായി നിയമഗ്രന്ഥം സമ്മാനിച്ച ഹമ്മുറാബിയുടെയും പരാക്രമശാലിയായ നെബുക്കദ് നസറിന്റെയും ബാബിലോണിയ, സുമേറിയൻ, അസീറിയൻ, കാൽദിയൻ സംസ്കാരങ്ങളുടെ വളർത്തു ഭൂമി ഇതൊക്കെയായിരുന്നു ഇറാഖ്. ഇറാഖ് ഭൂമിയിൽ പതിപ്പിച്ച ചരിത്ര മുദ്രകൾ വിശ്വസംസ്കാരത്തിന്റേതാണ്. ആ ചരിത്ര ഭൂമിയെയാണ് കേവലം അഞ്ഞൂറുകൊല്ലം മുമ്പ് തദ്ദേശീയരെ കൊന്നൊടുക്കി ജീവിതമാരംഭിച്ച അമേരിക്കയിലെ ഹോളിവുഡ് കോമാളികളും ബ്രിട്ടനും ചേർന്ന് ബോംബിട്ട് തകർത്തു തരിപ്പണമാക്കുന്നത്. ചരിത്രമില്ലാത്തവന്റെ ചരിത്ര ബോധമില്ലായ്മ നമുക്കവഗണിക്കാം. അന്യന്റെ വിഭവങ്ങൾ കൊള്ളയടിക്കാനുള്ള അത്യാർത്തിക്കും കൊടും ക്രൂരതയ്ക്കും പച്ചക്കള്ളം പ്രചരിപ്പിച്ചുകൊണ്ടുള്ള മനുഷ്യവേട്ടയ്ക്കും എന്ത് ന്യായീകരണമാണുള്ളത്?

പ്രേതകഥകളിലും യക്ഷിക്കഥകളിലും പോലും കേട്ടുകേൾവിയില്ലാത്ത അധമത്വവും ക്രൂരതതയും പേറി ബലവാന്മാരായ അമേരിക്കയും ബ്രിട്ടനും യഹൂദികളും ഒരു പേക്കിനാവും യാഥാർത്ഥ്യവുമായി ഇറാഖ് ഭൂമിയിൽ വന്നു നിൽക്കുമ്പോൾ അവശരായ ഇറാഖ് ജനത ഗത്യന്തരമില്ലാതെ പതിനായിരക്കണക്കിന് മക്കളെ ബലികൊടുത്തുകൊണ്ട് മനുഷ്യന്റെ യശസ്സിനുവേണ്ടി പോരാടുകയാണ്. നിസ്സഹായരായി നോക്കി നിൽക്കുന്ന ബാക്കി ലോകത്തിനു വേണ്ടി അവർ ശുഹദാക്കളാകുകയാണ്. രണ്ടാം ലോക മഹായുദ്ധത്തിൽ മൗനം പാലിച്ചിരുന്ന മാർപ്പാപ്പയിൽ നിന്നു വിഭിന്നനായി ഇപ്പോഴത്തെ മാർപ്പാപ്പ അമേരിക്കയുടെ യുദ്ധം ദൈവത്തിന്നെതിരായ യുദ്ധമാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ, ഇറാഖ് യുദ്ധത്തെ ബുഷ് കുരിശുയുദ്ധം എന്ന് വിശേഷിപ്പിക്കുന്നു. ദൈവം അയാളുടെ കൂടെ യുണ്ടെന്നും പറയുന്നു. പിശാചുക്കൾ പോലും മുഖം തിരിച്ചു നിന്നേക്കാവുന്ന ഈ യുദ്ധത്തിൽ ക്രിസ്തുമത ഭക്തനായ ബുഷിനെ തുണക്കാൻ ഏത് ദൈവമാണ് വരിക!

ലോകം ഇന്ന് ആഗോള ഗ്രാമമാണ്. നീതിയും അനീതിയും, ധർമ്മവും അധർമ്മവും അതിർത്തികൾ ഭേദിച്ച് ദ്രുതഗതിയിൽ പ്രസരണം ചെയ്യുകയും ആഗോള സമൂഹത്തിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നതാണ് ഈ ആഗോള ഗ്രാമം. അതിനെയാണ് ഒരു നീരാളിയെപ്പോലെ അമേരിക്ക ഗ്രസിച്ചിരിക്കുന്നത്. ലോക പോലീസ് തന്നെ പെരുങ്കള്ളനായാൽ ലോകത്തിന്റെ സാമൂഹ്യക്രമം പിന്നെ എന്തായിത്തീരും? അന്താരാഷ്ട്ര സമൂഹത്തിൽ കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നീതിശാസ്ത്രം പ്രചരിക്കുകയാണ്. രാജ്യങ്ങൾ തമ്മിൽ സംശയങ്ങളും, അസ്വാരസ്യങ്ങളും ഭീതിയും ഉടലെടുക്കുന്ന ഒരു നവലോക ക്രമം രൂപം കൊള്ളുകയാണ്. കരയിലും കടലിലും അധർമ്മം വ്യാപിക്കുകയാണ്. പക്ഷേ, പൈശാചികശക്തികൾക്ക് ലോകമേധാവിത്വം കുറച്ച് സമയത്തേക്ക് മാത്രമായിരിക്കും, അതാണ് ചരിത്ര നിയമം. അമേരിക്കയും ബ്രിട്ടനും യഹൂദികളും ചേർന്നൊരുക്കിയ ഈ തിന്മയുടെ സാമ്രാജ്യം സമീപ ഭാവിയിൽ ചില്ലുകൊട്ടാരംപോലെ തകർന്നടിയുന്നതാണ്. ബുഷ്, ടോണിബ്ലെയർ എന്നീ കിരാതന്മാർക്ക് അറിയാത്തത് അതാണ്. ഖുർആനിൽ പറഞ്ഞ ശക്തന്മാരായ ഒരു ജനതയുടെ ചരിത്രം സ്മരിച്ചുകൊണ്ട് ഇത് ഉപസംഹരിക്കാം.

"എന്നാൽ ആദ്(സമുദായം) ആകട്ടെ അവർ ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു. അവർ പറഞ്ഞു: ശക്തിയിൽ ഞങ്ങളെക്കാൾ മികച്ചവർ ആരാണ്? അവരെ സൃഷ്ടിച്ച അല്ലാഹു ശക്തിയിൽ അവരെക്കാൾ മികച്ചവനാണെന്ന് അവർ കാണുന്നില്ലേ? അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ മനഃപൂർവ്വം നിഷേധിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിനാൽ ഐഹിക ജീവിതത്തിൽ അപമാനകരമായ ശിക്ഷ അവരെ ആസ്വദിപ്പിക്കുന്നതിനുവേണ്ടി ചില ദുർദിനങ്ങളിൽ ഒരു കൊടുംകാറ്റ് നാം അവരുടെ മേൽ അയച്ചു. പരലോകശിക്ഷ കൂടുതൽ അപമാനകരമാണ്താനും. അവർക്ക് സഹായംനൽകപ്പെടുന്നതല്ല."(41:17)

## അമീർ സാഹിബിന് അഭിനന്ദനങ്ങൾ

**കേ**രള സംസ്ഥാന അമീറായി ഏ.പി.കുഞ്ഞാമു സാഹിബിനെ രണ്ടു വർഷത്തേക്ക് കൂടി (2005 വരെ) ഖലീഫത്തുൽ മസീഹ് വീണ്ടും നിയമിച്ചിരിക്കുന്നു. ഇലക്ഷനിലൂടെ തിരഞ്ഞെടുത്ത് ഖലീഫ തിരുമനസ്സ്

*ശേഷം 13-ാ പേജിൽ*

**ജുമുഅ ഖുത്ത്വ്ബ**



# ഗൾഫ് യുദ്ധത്തിന്റെ അടിയൊഴുക്കുകൾ

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## പന്ത്രണ്ടുവർഷംമുമ്പ് ഗൾഫ്‌യുദ്ധവേളയിൽ അഹ്മദ്‌യ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ചെയ്ത ഖുത്ത്വ്ബകളിൽ നിന്ന്.

അമേരിക്കയും ബ്രിട്ടനും ഇറാഖിനെ ചതച്ചരയ്ക്കുന്നതിന്ന് കച്ചകെട്ടിയിരിക്കുകയാണ്. അവരുടെതന്നെ മാർഗ്ഗനിർദ്ദേശത്തോടെ അവരുടെതന്നെ നേതൃത്വത്തിൽ യുദ്ധത്തിന്റെ പെരുമ്പറ മുഴക്കിക്കൊണ്ടിരിക്കുന്നു. ഇറാഖിനെ നിർമ്മൂലനം ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അവർ നിരന്തരം ഘോഷിച്ചുകൊണ്ടിരിക്കുന്നു. എങ്കിൽമാത്രമെ ലോകം അവശേഷിക്കുകയുള്ളുവത്രെ! അതായത്, ഇറാഖ് ഇതേ ശക്തിയോടെ നിലനിൽക്കുന്നപക്ഷം ലോകത്തിന്റെ സമാധാനം അപകടത്തിലായിരിക്കുമെന്നു മാത്രമല്ല, ലോകം തന്നെ നശിച്ചൊടുങ്ങിപ്പോകുമെന്നു പേടിക്കേണ്ടിയിരിക്കുന്നുവെന്നും അവർ പറയുന്നു! ഇന്റർവ്യൂകളിലും പത്രസമ്മേളനങ്ങളിലും ആവർത്തിച്ചാവർത്തിച്ചു പാശ്ചാത്യനേതാക്കൾ ഇതാണ് ഉച്ചത്തിൽ ലോകത്തോടു പറയുന്നത്.......

....ഇറാഖ് അമേരിക്കയോടും ബ്രിട്ടനോടും പറയുന്നു: നിങ്ങൾ ധാർമ്മിക നീതികളും ഉൽകൃഷ്ട തത്ത്വങ്ങളും ഉച്ചത്തിൽ ഉൽഘോഷിക്കുന്നതു നിർത്തുക. ആ തത്ത്വങ്ങൾക്ക് നിങ്ങളുടെ പക്കൽ യാതൊരു വിലയും ഇല്ല. ഉണ്ടെങ്കിൽ, പശ്ചിമേഷ്യയിലെ എല്ലാ പ്രശ്നങ്ങളും ഒരേ തത്ത്വമനുസരിച്ചു പരിഹരിക്കാൻ ശ്രമിക്കുക. ഇറാഖ്-കുവൈത്ത് പ്രശ്നംപോലുള്ള വേറെയും പ്രശ്നം മുമ്പേ നിലനിൽക്കുന്നു. ഈ പ്രശ്നത്തിലും അതേ തത്ത്വങ്ങളനുസരിച്ചു നീതിപൂർവ്വം തീരുമാനമുണ്ടാക്കുമെങ്കിൽ ഞങ്ങൾ അനുകൂലിക്കാൻ തയ്യാറാണ്. അതിന്റെ മുമ്പിൽ ഞങ്ങൾ തലകുനിക്കും. എന്നാൽ മറ്റേ നിലപാട് ഇതാണ്. ഏതെങ്കിലും ഒരു രാഷ്ട്രത്തെ ആക്രമിച്ചു കീഴടക്കാനുള്ള അനുവാദം മറ്റൊരു രാഷ്ട്രത്തിന്ന്, അതു ശക്തിയുള്ള രാഷ്ട്രമാണെന്ന അടിസ്ഥാനത്തിൽ അംഗീകരിച്ചുകൊടുക്കുന്നപക്ഷം ലോകത്ത് സമാധാനം എന്നെന്നേയ്ക്കുമായി നശിച്ചുപോകും. അതായത്, ആക്രമണ പ്രശ്നം വേറെയും അധീന പ്രശ്നം വേറെയും ആയിക്കാണണം. രണ്ടും രണ്ടാണ്. എന്നാൽ ഇപ്രകാരം പറയുന്ന രാഷ്ട്രങ്ങളുടെ പൂർവ്വ ചരിത്രം അവർക്കെതിരായ തെളിവുകളാണ് നൽകുന്നത്.

*(1991 ജനുവരി 11, മസ്ജിദ് ഫസ്ൽ, ലണ്ടൻ)*

**ബൈ**ത്തുല്ലായുടെ സംരക്ഷകരെ കുറിച്ചോർക്കുമ്പോൾ ആശ്ചര്യം തോന്നുന്നു! അവർ അവിടെ താമസിക്കുന്നവരായിട്ടും പടിഞ്ഞാറോട്ടു സുജൂദു ചെയ്യുന്നു. ഇന്നു മുസ്‌ലിംകളെ അവർക്ക് നേരിട്ടിരിക്കുന്ന ആഗോളപ്രശ്നങ്ങളിൽ നിന്നു രക്ഷിക്കാൻ അവരുടെ ഖിബ്‌ല ശരിയാക്കേണ്ടത് ഏറ്റവും അനിവാര്യമാണ്. ഖിബ്‌ല ശരിയാകാത്തിടത്തോളം അവരുടെ ഒരു പ്രശ്നവും പരിഹരിക്കപ്പെടുകയില്ല. മുസ്‌ലിം ജനത രണ്ടു ചേരിയായി പിരിഞ്ഞ ഒരു കാലമുണ്ടായിരുന്നു; അന്ന് ഇരു കൂട്ടരുടെയും ഖിബ്‌ല കിഴക്കോട്ടും പടിഞ്ഞാറോട്ടുമാണ്. ഇവരിൽ ആരുടെയും ഖിബ്‌ല ബൈത്തുല്ലായുടെ നേർക്കായിരുന്നില്ല. അവർക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴെല്ലാം പാശ്ചാത്യ ജനതയിലേക്കാണ് അവർ നോക്കുന്നത്; അല്ലെങ്കിൽ പൗരസ്ത്യ ശക്തികളിലേക്ക്. റഷ്യയും അമേരിക്കയും തമ്മിലുള്ള ബന്ധത്തിൽ, റഷ്യയിലുണ്ടായ രാഷ്ട്രീയ മാറ്റങ്ങളുടെ ഫലമായി ഇപ്പോൾ ഒരു ഖിബ്‌ല അവർക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. ഒരു ഖിബ്‌ല അവർക്കായി അവശേഷിച്ചു. എന്നാൽ, ഒരിക്കലും നശിക്കാത്തതും എന്നെന്നും നിലനിൽക്കുന്നതും എപ്പോഴും മുസ്‌ലിംകളുടെ ക്ഷേമത്തിന് മാർഗ്ഗമായതുമായ ഖിബ്‌ലയിലേക്ക് അവർ തിരിയുന്നില്ല!

*(1991 ജനുവരി 18, മസ്ജിദ് ഫസ്ൽ, ലണ്ടൻ)*

### യുദ്ധത്തിന്റെ പശ്ചാത്തലം

ഈ യുദ്ധത്തിന്റെ പശ്ചാത്തലം നിങ്ങളുടെ മുമ്പിൽ തുറന്നു കാണിക്കുക മാത്രമാണ് എന്റെ ഉദ്ദേശ്യം. ചരിത്രപരമായ വീക്ഷണത്തിന്റെ വെളിച്ചത്തിൽ ലോകത്തിലെങ്ങുമുള്ള അഹ്മദികളും ഈ ശബ്ദംകേൾക്കാൻ കഴിഞ്ഞിട്ടുള്ള മറ്റു മുസ്‌ലിംകളും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നു നല്ലവണ്ണം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പാശ്ചാത്യശക്തികൾ ഇക്കാര്യത്തിൽ എന്താണ് പ്രവർത്തിച്ചിട്ടുള്ളതെന്നും ഇന്നോളവും എന്തു ചെയ്തുവെന്നും അവർ ധരിച്ചിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഐക്യ രാഷ്ട്രങ്ങൾ അഥവാ അതിന്നുമുമ്പ് സർവ്വരാജ്യസഖ്യസഭ (League of Nations) എന്തു ഭാഗമാണ് അഭിനയിച്ചത്? അവ തമ്മിലുള്ള പരസ്പര ബന്ധം എന്തായിരുന്നു? എങ്ങനെയുള്ളതായിരുന്നു? യഹൂദരോടു ഇവർക്കുണ്ടായിരുന്ന ബന്ധം

എന്ത്? എന്തുകൊണ്ട് ആ ബന്ധം ഉണ്ടായി? മുസ്‌ലിംകളുടെ തെറ്റുകൾ ഇതിൽ എത്രത്തോളം ഉണ്ടായിരുന്നു? മുസ്‌ലിംകളുടെ തെറ്റുകൾക്ക് ഇതിൽ എത്രത്തോളം പങ്കുണ്ടായിരുന്നു? ഇവയെല്ലാം വിലയിരുത്തിക്കൊണ്ട്, അല്ലാഹുവിന്റെ സഹായത്തോടെ നിങ്ങളുടെയെല്ലാം മുമ്പിൽ എന്റെ ഉപദേശം സമർപ്പിക്കുവാനാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ ജനതയ്ക്കും പ്രത്യേകം പ്രത്യേകമായി ഞാൻ ഉപദേശം നൽകാം. ഈ എല്ലാ പ്രശ്നങ്ങളും നല്ല വണ്ണം മനസ്സിലാക്കിക്കഴിഞ്ഞാൽ, അവയ്ക്കുള്ള പരിഹാരം താനേ വെളിപ്പെട്ടുകൊള്ളും. ഇപ്പോൾ രോഗനിർണ്ണയം ആണ് സർവ്വപ്രധാനം. അടിസ്ഥാനപരമായിട്ടുള്ളതും അതുതന്നെ. രോഗം നിർണ്ണയിച്ചു കഴിഞ്ഞാൽ ചികിത്സ തേടിപ്പിടിക്കൽ അത്ര പ്രയാസപൂർണ്ണമായിരിക്കില്ല. ഞാൻ യഹൂദികൾക്കും ഉപദേശം നൽകും. ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും ഉപദേശം നൽകുന്നതാണ്. മേലിൽ ശാശ്വതസമാധാനത്തിനുവേണ്ടി എത്തരത്തിലുള്ള നീതിപൂർവ്വമായ നടപടികളാണ് എടുക്കേണ്ടതെന്ന് ഞാനഭിപ്രായം പറയാം.

ഏതായാലും പലസ്തീൻ പ്രശ്നം എന്ന പേരിൽ പരക്കെ അറിയപ്പെടുന്ന അഥവാ ഇക്കാലത്ത് ഗൾഫ് യുദ്ധം എന്ന പേരിൽ സ്മരിക്കപ്പെടുന്ന പ്രശ്നത്തിന്റെ അഗാധമായ കാഴ്ചപ്പാടുകൾ, ചരിത്രപരമായ കാഴ്ചപ്പാടുകൾ വളരെ ചുരുക്കി നിങ്ങളുടെ മുമ്പിൽ വെക്കാൻ ആഗ്രഹിക്കുന്നു.

## ബാൾഫർ പ്രഖ്യാപനം

1917ൽ ബാൾഫർ യഹൂദർക്ക് നൽകിയ വാഗ്ദാനത്തെപറ്റി ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അതിന്നു ശേഷം ലീഗ് ഓഫ് നേഷൻസ് ഒരു 'മാണ്ടേറ്റ് ' മുഖേന പലസ്തീൻ പ്രദേശത്തിന്റെ മേൽനോട്ടക്കാരായി ഇംഗ്ലീഷുകാരെ നിശ്ചയിച്ച ഘട്ടത്തിൽ 1922ൽ വിസ്മയകരമായ ഒരു സംഭവം പുറത്തുവന്നു. ബാൾഫർ യഹൂദരോടു ചെയ്തിട്ടുള്ള വാഗ്ദാനം പൂർത്തീകരിച്ചുകൊടക്കേണ്ടതു പലസ്തീന്റെ മേൽനോട്ടം നടത്തുന്ന ഗവൺമെണ്ടിന്റെ കടമയായിരിക്കുമെന്ന കാര്യവും ആ മാണ്ടേറ്റിൽ ഉൾപ്പെടുത്തി! ലോകചരിത്രത്തിൽ ഇത്രയും നഗ്നമായ ഒരു അനീതി അതിന്നു മുമ്പൊരിക്കലും കൂറുള്ള ഒരു ജനതയോടു കാണിക്കപ്പെട്ടിട്ടില്ലെന്നു പറയണം. 'ലീഗ് ഓഫ് നേഷൻസ്' ലോകത്തിന്റെ മുഴുവനും പ്രതിനിധിയായിരുന്നു. മുഴുലോകത്തിന്റെയും പ്രതിനിധി എന്നാണ് പറയപ്പെട്ടിരുന്നത്. ഇംഗ്ലീഷ്കാരുടെ ഏതോ ഒരു മന്ത്രി ഏതോ ഒരു യഹൂദ പ്രഭുവിന്നു-അയാളുടെപേർ റോത്ത് ചൈൽഡ് എന്നോ റോത്ത്ഷീൽഡ് എന്നോ ആണ് ഉച്ചാരണം ഓർമ്മയില്ല (അയാൾ ഫ്രാൻസിലെ ഒരു വലിയ ബാങ്കർ ആയിരുന്നു) ഒരു കത്തെഴുതി.ലീഗ്ഓഫ് നേഷൻസിൽ അവർക്ക് ഒരു പ്രാതിനിധ്യം നൽകുമെന്നു വാഗ്ദാനം ചെയ്യുന്നു അഥവാ കാബിനറ്റ് അക്കാര്യം ആലോചിച്ചു വരുന്നു എന്ന്. ഇപ്രകാരം ലോകത്തിന്റെ ഭാഗ്യനിർഭാഗ്യങ്ങൾ പകുത്തു നൽകാൻ ലീഗ് ഓഫ് നേഷൻസിന്നു ആരാണ് അധികാരം നൽകിയത്? ഏതൊരു ആളാണോ ഈ വാഗ്ദാനം നൽകിയതു അവർ ആ പ്രദേശത്തിന്റെ മേൽനോട്ടത്തിന്നു മാത്രം നിയോഗിക്കപ്പെട്ടവർ. അങ്ങനെ ഇഷ്ടം പോലെയെല്ലാം പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും അവർക്കധികാരം നൽകി. ഒപ്പംതന്നെ ഒരു ലക്ഷം ജൂതന്മാരെ പുറത്തുനിന്നു കൊണ്ടു വന്നു പാർപ്പിക്കാനുള്ള നിയുക്താവകാശവും നൽകി. അങ്ങനെയാണതു തുടങ്ങിയത്. 1939 മെയ് 17-നു കഴിഞ്ഞ യുദ്ധത്തിന്നുമുമ്പ് ഇംഗ്ലീഷുകാർ ഒരു വൈറ്റ് പേപ്പർ പ്രസിദ്ധപ്പെടുത്തി. അതുവരെ ഒരു ലക്ഷത്തിനുപകരം ലക്ഷത്തിലേറെ യഹൂദർ അവിടെ പാർപ്പുറപ്പിച്ചു കഴിഞ്ഞിരുന്നു.

## 1939ലെ വൈറ്റ്പേപ്പർ

1939ലെ ധവളപത്രപ്രകാരം ഇംഗ്ലീഷുകാർ തങ്ങളുടെ മുമ്പത്തെ നയത്തിൽ മാറ്റംവരുത്തി. അന്നുചേമ്പർലൈൻ ആയിരുന്നു പ്രധാനമന്ത്രി. മറ്റൊരു യുദ്ധത്തിന്റെ വക്കത്തെത്തി നിൽക്കുമ്പോൾ, യഹൂദന്മാർക്കെതിരെ തീരുമാനം ചെയ്തു യഹൂദരെ വെറുപ്പിക്കണമോ എന്ന കാര്യത്തിൽ ഖണ്ഡിതമായ നിശ്ചയം ചെയ്യണമെന്ന ഘട്ടം വന്നപ്പേൾ യഹൂദർക്കെതിരിൽ തീരുമാനമെടുത്ത് യഹൂദരുടെ ശത്രുത നേടുന്നതാണ് അറബികൾക്കെതിരെ തീരുമാനംചെയ്തു അറബികളെ ശത്രുക്കളാക്കുന്നതിനെക്കാൾ നല്ലത് എന്ന തീരുമാനത്തിലുറച്ചു. എന്തെന്നാൽ, രണ്ടാം ലോകമഹായുദ്ധം തലയ്ക്കുമുകളിലായിരുന്നു. ആദ്യതീരുമാനം ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞുള്ളതാണ്. രണ്ടാമത്തെ തീരുമാനം രണ്ടാംലോകമഹായുദ്ധത്തിനു മുമ്പും. ഈ തീരുമാനങ്ങൾ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലെടുത്തവയത്രെ. യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നില്ല.

ഈ വൈറ്റ്പേപ്പർ മുഖേന ഇംഗ്ലീഷ് ഗവർമ്മെണ്ട് പലസ്തീനിൽ യഹൂദി ഭരണം സ്ഥാപിക്കുന്നതിനെ അനുകൂലിക്കുന്നില്ല എന്നും പലസ്തീനിൽ തങ്ങളുടെ ഭരണം പടുത്തുയർത്തുന്നതിനുള്ള യഹൂദരുടെ അവകാശത്തെ അംഗീകരിക്കുന്നില്ല എന്നും ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ടു. അതോടൊപ്പം തന്നെ 75000 യഹൂദരെകൂടി പുറമെനിന്ന് അവിടെ കുടിയിരുത്തുവാനുള്ള അനുവാദവും നൽകി ! ഒരു ലക്ഷത്തിൽ തുടങ്ങിയത് 75000ത്തിൽ നിർത്തി.

ഇക്കൂട്ടർ അന്നു സത്യസന്ധരാണെങ്കിൽ, വിശ്വസ്തരായിരുന്നെങ്കിൽ, ലീഗ് ഓഫ് നേഷൻസിന്ന് മാണ്ടേറ്റ് മടക്കിക്കൊടുക്കേണ്ടതായിരുന്നു. നിങ്ങൾ നിങ്ങളുടെ തീരുമാനപ്രകാരം, 1917ലെ തീരുമാനപ്രകാരം, അതനുസരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി ഞങ്ങളെ അധികാരപ്പെടുത്തി ഇപ്പോൾ ഗവൺമെണ്ട് ഈ തീരുമാനത്തിന്നു എതിരായിരിക്കുന്നതിനാൽ മാണ്ടേറ്റ് സ്വയം അവസാനിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കണമായിരുന്നു. എന്നാൽ അതിനുപകരം അവർക്ക് കൂടുതൽ ക്വോട്ട അനുവദിക്കുകയും 1946ൽ ഈ ക്വോട്ട ഒരു ലക്ഷമാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. 1948ൽ ഈ മാണ്ടേറ്റ് അവസാനിച്ചപ്പോൾ യഹൂദരുടെ ജനസംഖ്യ 85000ത്തിൽനിന്ന് ഗണ്യമായി വർദ്ധിച്ചു. മാണ്ടേറ്റിന്റെ ആരംഭത്തിന്നു മുമ്പ്, അതായത് 1919ൽ (മാണ്ടേറ്റ് 1922ലാണ് ആരംഭിച്ചത്) അന്നത്തെ ജനസംഖ്യ 85000 ആണെന്നാണ് പറയപ്പെടുന്നത് -ഇതിൽ പലതരം ഭിന്നാഭിപ്രായങ്ങളുമുണ്ട്. വളരെ നീണ്ട അന്വേഷണങ്ങളെല്ലാം അതുസംബ്ധിച്ചു നടത്തേണ്ടി വന്നിരുന്നു. ഏതായാലും 85000 എന്നത് ശരിയായിരുന്നു- 1947 വരെ മാണ്ടേറ്റ് അവസാനിക്കാറായഘട്ടത്തിൽ

# ദജ്ജാൽ

അബൂഹുറയ്റയിൽ നിന്ന് നിവേദനം: "റോമക്കാർ മുസ്‌ലിം ലോകത്തിന്റെ അകത്തളങ്ങളിൽ പ്രവേശിക്കുന്നത്വരെ അന്ത്യനാൾ ഉണ്ടാവുകയില്ല. അന്ന് ഭൂമുഖത്തെ അതിവിശിഷ്ടമായ ഒരു സൈന്യം മദീനയിൽ നിന്ന് അവരുടെ നേരെ പുറപ്പെടും. ഇരു സൈന്യങ്ങളും മുഖാമുഖം വന്നാൽ റോമക്കാർ പറയും "ഞങ്ങളെ അധിക്ഷേപിച്ചവരെ ഞങ്ങൾക്കു വിട്ടുതരിക. അവരുമായി ഞങ്ങൾ യുദ്ധം ചെയ്യട്ടെ". ഞങ്ങളുടെ സഹോദരങ്ങളെ ഞങ്ങളൊരിക്കലും വിട്ടുതരികയില്ലെന്നു മുസ്‌ലിംകൾ അല്ലാഹുവിൽ ആണയിട്ടു പറയും. അങ്ങനെ യുദ്ധം ആരംഭിക്കും. മൂന്നിലൊരു ഭാഗം കീഴടങ്ങും. അവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകവഴി മൂന്നിലൊരു ഭാഗം വധിക്കപ്പെടും. ദൈവ മാർഗത്തിലുള്ള അതിവിശിഷ്ടമായ രക്തസാക്ഷികളാണവർ. മൂന്നിലൊരുഭാഗം ജേതാക്കളാകും. ഒരു തരത്തിലുള്ള ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങാത്തവരാണവർ. അനന്തരം കോൺസ്റ്റാന്റിനോപ്പിൾ കീഴടങ്ങും. വാളുകൾ ഒലിവു മരത്തിൽ തൂക്കി സമരാർജ്ജിത സമ്പത്തുകൾ വിഭജിക്കപ്പെട്ടുകൊണ്ടിരിക്കെ യതാ പിശാചിന്റെ നാദം: 'മസീഹ് പിന്നിൽ നിങ്ങളോടൊപ്പം.' അങ്ങനെയവർ പുറപ്പെടുകയായി. അതൊരു ചതിയാണ്. സിറിയയിലെത്തുമ്പോഴായിരിക്കും അദ്ദേഹത്തിന്റെ ആഗമനം. അവർ യുദ്ധസന്നദ്ധരായി നമസ്കാരത്തിന് അണിചേർന്ന് നിൽക്കുമ്പോൾ മറിയമിന്റെ പുത്രൻ ഈസാ ഇറങ്ങിവന്ന് അവർക്ക് നേതൃത്വം നൽകും. അല്ലാഹുവിന്റെ ശത്രു അദ്ദേഹത്തെ കാണുന്ന മാത്രയിൽ ഉപ്പ് ജലത്തിൽ അലിയുംപോലെ അലിയും. അലിയാൻ വിട്ടാൽ അലിഞ്ഞു നശിക്കുകയും ചെയ്യും. മസീഹിന്റെ കരങ്ങളാൽ തന്നെ അവൻ വധിക്കപ്പെടണമെന്നാണ് ദൈവ നിശ്ചയം. അദ്ദേഹം അവന്റെ രക്തം തന്റെ ആയുധത്തിൽ കാണിക്കും(മുസ്‌ലിം).

യു.എൻ.ഒ. പ്രഖ്യാപിച്ചു: പലസ്തീൻ വിഭജിക്കപ്പെടണമെന്നും ഒരു യഹൂദ സ്റ്റേറ്റ് സ്ഥാപിക്കപ്പെടണമെന്നും അതോടൊപ്പം ഒരു മുസ്‌ലിം അറബ് സ്റ്റേറ്റും സ്ഥാപിക്കപ്പെടണമെന്നും! ഇതിന്നിടയിൽ യഹൂദൻമാരുടെ ജനസംഖ്യ വർദ്ധിച്ചു 7 ലക്ഷമായിക്കഴിഞ്ഞിരുന്നു! അന്നു ചില കണക്കുകളനുസരിച്ചു അറബികളുടെ മുഴുവനും ജനസംഖ്യ 20 ലക്ഷം ആയിരുന്നു. അനുപാതം 1:3 ആയിരുന്നു. യഹൂദ ജനസംഖ്യ ഒരു പ്രകാരത്തിലും ലക്ഷം ആകാൻ പാടില്ലായിരുന്നു. മാണ്ടേറ്റിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ ഒരിക്കലും ഈ ജനസംഖ്യ ആകുമായിരുന്നില്ല എന്ന് കൂടുതൽ അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു, യഹൂദരെ വൻ തോതിൽ ഒളിച്ചുകടക്കാൻ അനുവദിച്ചിരുന്നു എന്ന്. ബ്രിട്ടീഷ് ഗവൺമെണ്ട് ചില ഘട്ടത്തിൽ ഇതിനെ തടയാൻ ന്യായമായ ശ്രമങ്ങൾ നടത്തിയിരുന്നിട്ടും ഒളിച്ചുകടക്കൽ തുടർന്നു പോന്നു. ഇതിനെ തടയാൻ ബ്രിട്ടീഷ് ഗവൺമെണ്ട് ശ്രമിച്ചപ്പോളെല്ലാം കലാപങ്ങളുണ്ടായി. അതിനെ നേരിടാനുള്ള നടപടികൾ യഹൂദരുടെ ഭാഗത്തുനിന്നുമുണ്ടായി. എങ്ങനെയായാലും ജനസംഖ്യാനുപാതം 7ഉം 20ഉം ആയി വിവരിക്കപ്പെട്ടു പോന്നു. ഇതിന്റെ അടിസ്ഥാനത്തിൽ യു.എൻ.ഒ. വിഭജനത്തെതുടർന്നു എത്ര ഭാഗം മുസ്‌ലിംകൾക്ക് കൊടുക്കണമെന്നും എത്രഭാഗം യഹൂദികൾക്കു കൊടുക്കണമെന്നും തീരുമാനിക്കാൻ ഇരുന്നു. പലസ്തീന്റെ 56 ശതമാനം പ്രദേശം യഹൂദികളെ ഏൽപ്പിക്കണമെന്നും ബാക്കി 44 ശതമാനത്തിൽ ഉൾപ്പെട്ട ജറുസലേം സാർവ്വദേശീയ മേൽനോട്ടത്തിൽ ആയിരിക്കണമെന്നും - കാരണമെന്തെന്നാൽ, യഹൂദികളുമായും ക്രിസ്ത്യാനികളുമായും മുസ്‌ലിംകളുമായും ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ ഉള്ള പ്രദേശമാണിത്-ആണ് അവർ തീരുമാനിച്ചത്. പിന്നെ അവശേഷിച്ച അല്ലറ ചില്ലറഭാഗം അറബി മുസ്‌ലിംകളെ ഏൽപിച്ചു. അറബി മുസ്‌ലിംകൾക്ക് നൽകേണ്ടതായിരുന്നു ആ പ്രദേശങ്ങൾ. രണ്ടു പ്രദേശങ്ങളിലും രണ്ടു കൂട്ടരുടെയും വ്യവസ്ഥാപിതഭരണങ്ങൾ സ്ഥാപിച്ചെടുക്കുന്ന കാര്യത്തിൽ ബ്രിട്ടീഷ്ഗവൺമെന്റ് ഐക്യരാഷ്ട്രസഭയുമായി സഹകരിക്കണമെന്നും ഐക്യരാഷ്ട്ര സഭയുടെ പ്രതിനിധികമ്മറ്റി ഈ ദൗത്യം ഇംഗ്ലീഷ് ഗവൺമെന്റിന്റെ സഹകരണത്തോടെ പൂർത്തിയാക്കണമെന്നും തീരുമാനിച്ചതായും ഖണ്ഡിതമായി പ്രഖ്യാപിക്കപ്പെട്ടു. സംഭവിച്ചതെന്തെന്നാൽ, ഇക്കാര്യത്തിൽ സഹകരിക്കുന്നതിൽനിന്നും ബ്രിട്ടീഷ് ഗവൺമെന്റ് പൂർണ്ണമായും മാറിനിന്നു. അറബികളെ സംഘടിപ്പിക്കാൻ ആരുമില്ലായിരുന്നു. അതാണ് പ്രത്യക്ഷഫലം. അവരിൽ അസ്വാസ്ഥ്യം ഉടലെടുത്തു. അനിശ്ചിതത്വം നടമാടി. അവിടെ അവരുടെ ഭരണം സ്ഥാപിക്കുന്നതിന് വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ യാതൊരു സ്ഥാപനവും ഉണ്ടായിരുന്നില്ല.

## യഹൂദരുടെ ഭീകരപ്രവർത്തനങ്ങൾ

യഹൂദരെ സംബന്ധിച്ചിടത്തോളം അവർക്കവിടെ രണ്ടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഒന്നു മെനാച്ചെം ബെഗിന്റെ (Menachem Begin) നേതൃത്വത്തിൽശക്തിമത്തായ തീവ്രവാദി സംഘടന(Terrorist Organisation)1948ന്നു മുമ്പ് തന്നെ രൂപമെടുത്തിട്ടുണ്ടായിരുന്നു. അവർ ഇംഗ്ലീഷുകാർക്കെതിരെ ഭീകരപ്രവർത്തനങ്ങൾ നടത്തിപ്പോന്നു. അറബികൾക്കെതിരായും ഭീകര പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. മറ്റൊരു ഭാഗത്ത് ഡേവിഡ് ബംഗൂരിയന്റെ (David Bengurian) നേതൃത്വത്തിൽ അമേരിക്കയിൽനിന്നു ധാരാളം ആയുധങ്ങൾ യഹൂദർക്ക് എത്തിച്ചു കൊണ്ടിരുന്നു. ഇവിടെ മൂന്നു നാലു സംഘടനകൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു. തങ്ങളുടെ പ്രദേശത്ത് പ്രതിരോധം നടത്തുന്നതിനും ഭരണം പടുത്തുയർത്താനും അവർ സംഘടിതമായി പ്രവർത്തിച്ചു പോന്നു. അറബികളുടെ പ്രദേശങ്ങൾ കൂടുതലായി സ്വന്തമാക്കാനും അവർ പരിശ്രമിച്ചു കൊണ്ടിരുന്നു. 1948മുതൽ 1949 വരെ ഒന്നര കൊല്ലക്കാലത്തിനിടയിൽ അറബികളും യഹൂദരും തമ്മിൽ ധാരാളം ഏറ്റുമുട്ടലുകൾ ഉണ്ടായിക്കൊണ്ടിരുന്നു. ഇതിൽ അയലത്തെ അറബ് സ്റ്റേറ്റുകൾ ഭാഗഭാക്കാകയും

*ശേഷം 18-ാം പേജിൽ*

ലേഖനം

# ഫലസ്തീൻ പ്രശ്നം

ബി.എ. റഫീഖ്

## ഇസ്റയേൽ രാഷ്ട്ര രൂപീകരണത്തിന്നെതിരെ അഹ്മദിയ്യാ ജമാഅത്ത് നടത്തിയ പോരാട്ടങ്ങൾ

ഇസ്റായീൽ രൂപവൽക്കരണത്തിനെതിരെ ആദ്യമായി ശബ്ദമുയർത്തിയത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തായിരുന്നു. ഐക്യരാഷ്ട്രസഭയിൽ ഫലസതീൻ പ്രശ്നം ഉയർന്നു വന്നപ്പോൾ 1947 ഒക്ടോബർ 9-ാം തിയ്യതി ജനറൽ അസംബ്ലിയിൽ ഇത് സംബന്ധിച്ച് അതിശക്തമായ പ്രസംഗം നടത്താൻ അല്ലാഹു അവസരം നൽകിയത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്വയം സമർപ്പിത സേവകനായിരുന്ന സർ ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനായിരുന്നു. ഫലസ്തീൻ അറബികൾക്ക് വേണ്ടി അവരുടെ കേസ്സ് ഐക്യരാഷ്ട്രസഭയിൽ വാദിച്ചത് സഫറുല്ലാഹ് ഖാനായിരുന്നു. 1947 ഒക്ടോബർ 12 ന് 'നവായെ വഖ്ത്' ഇപ്രകാരം എഴുതി:

"റോയിട്ടറിന്റെ സ്പെഷൽ കറസ്പോണ്ടൻസ് റിപ്പോർട്ട് പ്രകാരം ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെ കമ്മിറ്റിയുടെ പാക്കിസ്താൻ പ്രതിനിധി മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഫലസ്തീൻ പ്രശ്നത്തെ സംബന്ധിച്ച് ചെയ്ത പ്രസംഗം ഭ്രമാത്മകമായ അവസ്ഥ സംജാതമാക്കിയിരിക്കുന്നു. അമേരിക്ക ഈ പ്രശ്നത്തെ സംബന്ധിച്ച അവരുടെ നിലപാട് വ്യക്തമാക്കാത്തതിനാൽ മറ്റു അംഗങ്ങൾ സംസാരിക്കാൻ വേണ്ടി തയ്യാറെടുത്തിരുന്നില്ല. പ്രസിഡന്റ് ട്രൂമാനും അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ജോർജ് മാർഷലും അമേരിക്കൻ പ്രതിനിധികൾ തന്നെയും സംയുക്തമായി ഒരു നിലപാട് സ്വീകരിക്കുന്നത് വരെ അമേരിക്കൻ പ്രതിനിധികൾ സംസാരിക്കാൻ തയ്യാറായില്ല. കമ്മിറ്റിയുടെ ചെയർമാൻ, ആസ്ത്രേലിയയുടെ ഡോ. ഹെർബർട്ട് ഇവാറ്റ് തനിക്ക് ഈചർച്ചയിൽ പങ്കെടുക്കുവാനുള്ള അസൗകര്യം അറിയിക്കുകയുണ്ടായി. അമേരിക്കൻ പ്രതിനിധികൾ അവരുടെ ചുണ്ടുകൾക്ക് മുദ്ര വെച്ചത് പോലെ നിശ്ശബ്ദരായി കാണപ്പെട്ടു. ഐക്യരാഷ്ട്രസഭയിൽ ഇത്തരമൊരവസ്ഥ ഇതിനു മുമ്പുണ്ടായിട്ടില്ല. പാക്കിസ്താന്റെ പ്രതിനിധിയാണ് മറ്റു പ്രതിനിധികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. മറ്റു പ്രഗത്ഭരായ പ്രതിനിധികൾ സംസാരിക്കാൻ താൽപ്പര്യം കാണിച്ചില്ല. ഫലസ്തീനെ സംബന്ധിച്ച പൊതു ചർച്ച ഒരുപക്ഷേ, അവസാനിച്ചേക്കാം."

(നവായെ വഖ്ത്, 1947 ഒക്ടോ. 12)

പത്രം തുടരുന്നു:

"ഫലസ്തീൻ പ്രശ്നത്തെക്കുറിച്ച് പാക്കിസ്താൻ പ്രതിനിധി മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ലിയിൽ നടത്തിയ പ്രഭാഷണം എല്ലാ നിലക്കും അതുല്യമായി നിൽക്കുന്നു. 150 മിനുട്ട് അദ്ദേഹം സംസാരിച്ചു. ഈ പ്രഭാഷണത്തെക്കുറിച്ച് ഒരു അറബ് പ്രതിനിധി പറഞ്ഞത് 'ഞാനിന്നുവരെ ഫലസ്തീൻ പ്രശ്നത്തെ സംബന്ധിച്ച് ഇത്രയും പ്രഗത്ഭമായൊരു പ്രസംഗം ശ്രവിച്ചിട്ടില്ല' എന്നാണ്."

(നവായെ വഖ്ത്, ഒക്ടോ. 12, 1947)

ഫലസ്തീൻ വിഭജനത്തിനെതിരെയുള്ള വാദമുഖങ്ങളായിരുന്നു സഫറുല്ലാഹ് ഖാൻ സാഹിബിന്റെ പ്രസംഗത്തിൽ മുഴുവൻ നിറഞ്ഞു നിന്നത്. സഫറുല്ലാഹ് ഖാന്റെ പ്രസംഗവേളയിൽ അറബ് പ്രതിനിധികളുടെ മുഖം സന്തോഷം കൊണ്ട് തിളങ്ങുന്നുണ്ടായിരുന്നു. പ്രസംഗം കഴിഞ്ഞ ഉടനെ അറബ് പ്രതിനിധികൾ ഓടിവന്ന് അദ്ദേഹത്തിന്റെ കരം ഗ്രഹിച്ചു; അഭിനന്ദനങ്ങൾ കൊണ്ട് പൊതിഞ്ഞു; അദ്ദേഹത്തിന്റെ പ്രസംഗത്തെ മുക്തകണ്ഠം പ്രശംസിച്ചു. ഒരുബ്രിട്ടീഷ് പ്രതിനിധി, സഫറുല്ലാഹ് ഖാന്റെ പ്രസംഗം വളരെ കാര്യമാത്രപ്രസക്തമായിരുന്നു എന്നും അതിന്റെ ഒരുകോപ്പി കിട്ടുകയാണെങ്കിൽ ശ്രദ്ധാപൂർവ്വം അത് പഠിക്കാമായിരുന്നു എന്നും അറിച്ചുകൊണ്ടുള്ള ഒരു സന്ദേശം അയക്കുകയുണ്ടായി.

ഫലസ്തീൻ പ്രശ്നത്തിന്റെ യഥാർത്ഥ ചിത്രം വ്യക്തമാക്കിക്കൊണ്ടുള്ള സഫറുല്ലാഹ് ഖാന്റെ ചരിത്രപ്രസിദ്ധമായ ഈ പ്രഭാഷണം ഐക്യരാഷ്ട്ര സഭയും പല അംഗരാജ്യങ്ങളും ഫലസ്തീൻ വിഭജനത്തിന് അനുകൂലമായി വോട്ട്ചെയ്യാൻ തീരുമാനിക്കുന്നതിനു മുമ്പായിരുന്നു.വൻ ശക്തികളുടെ സമ്മർദ്ദത്താൽ അവർ പിന്നീട് തീരുമാനം മാറ്റുകയാണുണ്ടായത്.

1947 ഡിസംബർ 9 ന് ലാഹോർ ഗവൺമെന്റ് കോളേജിൽ വെച്ച് ഫലസ്തീനെപ്പറ്റി മുഹമ്മദ് സഫറുള്ളാ ഖാൻ ഒരു പ്രഭാഷണം നിർവഹിക്കുകയുണ്ടായി. ഡിസംബർ 11-ാം തിയ്യതി നവായെ വക്ത് പത്രം അത് ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

"ഐക്യരാഷ്ട്രസഭയിലെ പാക്കിസ്താൻ പ്രതിനിധിയായ മുഹമ്മദ് സഫറുല്ലാഹ് ഖാൻ പലസ്തീൻ പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു. ഫലസ്തീൻ വിഭജനത്തെ അനുകൂലിച്ചുകൊണ്ടുള്ള യു

എൻ പ്രമേയത്തെ തികച്ചും അന്യായമാണെന്ന് പറഞ്ഞ് അദ്ദേഹം അപലപിച്ചു. ഫലസ്തീൻ വിഭജനത്തെ അനുകൂലിക്കാൻ ഐക്യരാഷ്ട്രസഭയിലെ ചെറിയ അംഗരാജ്യങ്ങളുടെ മേൽ അമേരിക്ക സമ്മർദ്ദം ചെലുത്തുന്നതിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ഫലസ്തീൻ പ്രശ്നം അമേരിക്ക തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്കുള്ള തുരുപ്പുശീട്ടാക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഫലസ്തീനിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജൂത രാഷ്ട്രം സ്ഥാപിതമാകുന്നതോടെ ഒരു വലിയവിഭാഗം അറബ്ന്യൂനപക്ഷ ജനത ജൂത ഭരണത്തിൻ കീഴിൽ വരുമെന്ന് മാത്രമല്ല രാജ്യത്തിന്റെ സാമ്പത്തിക നിയന്ത്രണം മുഴുവൻ അന്താരാഷ്ട്ര നിയന്ത്രണത്തിന്നധീനമാകുകയും ചെയ്യും. അതാകട്ടെ അനീതിയുക്തമായ പുരോഗതിയുമാണ് എന്നദ്ദേഹം കുറ്റപ്പെടുത്തി.

“തുടർന്നദ്ദേഹം ഇപ്രകാരം വിശദീകരിച്ചു: നവം. 26-ാം തിയ്യതി പ്രമേയം വോട്ടിനിട്ടാൽ പാസ്സാകുകയില്ലെന്ന് മനസ്സിലാക്കിയ പ്രമേയത്തിന്റെ അനുകൂലികൾ വോട്ടിംഗ് 28-ാം തിയ്യതിയിലേക്ക് അകാരണമായി മാറ്റുകയായിരുന്നു. അപ്പോഴേക്കും പ്രമേയത്തെ എതിർക്കുന്ന കുറച്ചു രാജ്യങ്ങളെക്കൂടി സമ്മർദ്ദം ചെലുത്തി പ്രമേയത്തിന്നനുകൂലമായി വോട്ട് ചെയ്യിക്കാൻ അവർക്ക് സാധിച്ചു. നവംബർ 28ാം തിയ്യതി ഹൈത്തി(Haiti)യുടെ പ്രതിനിധി വോട്ടിംഗിന് ശേഷം കണ്ണീരൊലിപ്പിക്കുന്ന മുഖവുമായി സഫറുല്ലാഖാനെ കാണാൻ ചെല്ലുകയും വോട്ടിംഗിൽ നിന്ന് വിട്ടുനിൽക്കാനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിക്കാൻ കഴിയാഞ്ഞതിൽ മാപ്പു ചോദിക്കുകയും ചെയിതു എന്ന് സഫറുല്ലാഹ് ഖാൻ പറഞ്ഞു. അങ്ങേയറ്റത്തെ സമ്മർദ്ദം മൂലമാണ് പ്രമേയത്തെ അനുകൂലിച്ച് തങ്ങൾ വോട്ട് ചെയ്തതെന്ന് മറ്റു പല പ്രതിനിധികളും ഏറ്റുപറയുകയുണ്ടായി.”

1947 ഡിസംബർ ഒന്നിനു ശേഷം ഫലസ്തീൻ പ്രശ്നം മറ്റൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. അമേരിക്കയുടെയും യു. എസ്. എസ്. ആറിന്റെയും സംയുക്ത പരിശ്രമത്താൽ ഐക്യരാഷ്ട്രസഭ അങ്ങേയറ്റം അനീതി പുലർത്തിക്കൊണ്ട് ഫലസ്തീൻ വിഭജനത്തിന്നനുകൂലമായ പ്രമേയം പാസ്സാക്കി. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഫലസ്തീൻവിഭജനത്തിന്റെ യാഥാർത്ഥ്യത്തെ വ്യക്തമാക്കിക്കൊണ്ട് രണ്ട് കനത്ത ലേഖനങ്ങൾ എഴുതുകയുണ്ടായി. ആദ്യത്തെ ലേഖനം 1947 നവം. 28നും രണ്ടാമത്തെത് ഡിസം. 11 നും പ്രസിദ്ധീകരിക്കപ്പെട്ടു. ഫലസ്തീനിലെ ജൂത അധിനിവേശം അമേരിക്കയും റഷ്യയും ഭാഗഭാക്കായിക്കൊണ്ടുള്ള ഗൂഢാലോചനയുടെ ഫലമായുണ്ടായതാണെന്ന് ആ ലേഖനങ്ങളിൽ അദ്ദേഹം ശക്തിയുക്തം സ്ഥാപിച്ചു. ഈ രണ്ട് വൻ ശക്തികളും രാഷ്ട്രീയമായി വിരുദ്ധ ചേരികളിലായാണ് കാണപ്പെടുന്നതെങ്കിലും മുസ്ലിംകളോടുള്ള വിദ്വേഷത്തിന്റെ കാര്യത്തിൽ അവർ ഒറ്റക്കെട്ടാണെന്നും മുസ്ലിംകളോടോ അറബ് ജനതയോടോ അശേഷം ദയ അവർക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. മുസ്ലിംകൾ സ്വന്തം കാലിൽ നിൽക്കണമെന്നും അതിനു വേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും നടത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ഖലീഫത്തുൽ മസീഹിന്റെ വിപ്ലവാത്മകമായ ഈലേഖനങ്ങൾ സിറിയയിലും ലബനോണിലും ജോർദ്ദാനിലും മറ്റു അറബ് രാജ്യങ്ങളിലും നല്ല പ്രതികരണങ്ങൾ സൃഷ്ടിച്ചു. സിറിയൻ റേഡിയോ ആലേഖനങ്ങളുടെ സംക്ഷിപ്ത രൂപം പ്രക്ഷേപണം ചെയ്യുകയും അത് മുഖേന അവരുടെ ഇംഗിതം അറബ് രാജ്യങ്ങളെ മുഴുവൻ അറിയിക്കുകയും ചെയ്തു. അൽ യൗം, അൽ ഖബർ, അൽ ഖബാസ്. അൽ നസർ, സൗത്തുൽ അശ്ഹാർ തുടങ്ങിയ പ്രസിദ്ധ അറബി പത്രങ്ങൾ ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസിദ്ധീകരിക്കുകയും ലേഖകന്റെ വീക്ഷണങ്ങളെ ഏക കണ്ഠമായി പുകഴ്ത്തുകയും അനുമോദിക്കുകയും ചെയ്തു.

1948 ജൂൺ മാസത്തിൽ ലാഹോറിൽ വെച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ നിർവ്വഹിച്ച ഒരു പ്രഭാഷണത്തിൽ മുസ്ലിംകൾ ഒരുമിച്ചു നിന്നുകൊണ്ട് സിയോണ്സ്റ്റുകളുടെ പിടിയിൽ നിന്ന് ഫലസ്തീനെ മോചിപ്പിക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി. ഈ പ്രഭാഷണത്തെക്കുറിച്ച് ബഗ്ദാദിലെ ശൂറാ പത്രം 1948 ജൂൺ 10-ാം തിയ്യതി ഇപ്രകാരം പ്രതികരിച്ചു:

“ബഗ്ദാദിൽ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖ ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നേതാവ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഇസ്റായീൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടതിനു ശേഷം ലാഹോറിൽ നിർവ്വഹിച്ച ഒരു പ്രഭാഷണമാണ് അതിലെ ഇതി വൃത്തം. ‘അവിശ്വാസികൾ ഒറ്റ സമുദായമാകുന്നു’ എന്നാണ് ആലഘുലേഖയുടെ തലക്കെട്ട്. വളരെ പ്രയോജനപ്രദമായ ഈ ലഘുലേഖ പ്രസിദ്ധീകരിച്ചവരുടെ ധാർമ്മിക രോഷത്തെയും ഇസ്ലാമിക സ്പിരിറ്റിനെയും ഞങ്ങൾ അനുമോദിക്കുന്നു.”

അൽ നഹ്ശാഅ് 1948 ജൂലായ് 12-ാമത്തെ ലക്കത്തിൽ ഇപ്രകാരം എഴുതി:

“ലാഹോറിൽ വെച്ച് അസ്സയ്യിദ് മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് നിർവ്വഹിച്ച ഒരു പ്രഭാഷണം അടങ്ങുന്ന ഒരു ലഘുലേഖ ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. അതിൽ അദ്ദേഹം മുസ്ലിംകൾ ഐക്യപ്പെട്ടുകൊണ്ട് അക്രമികളായ സിയോണിസ്റ്റുകളുടെ കൈയിൽ നിന്ന് ഫലസ്തീനെ മോചിപ്പിക്കാൻ ശക്തവും ഫലപ്രദവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ആഹ്വാനം ചെയ്തിരിക്കുന്നു. പാക്കിസ്താനിലെ ജനങ്ങൾ ഫലസ്തീനിലെ അറബികൾക്ക് സഹായമെത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം അതിൽ പറയുന്നു. മുസ്ലിംകൾക്ക് മുഹമ്മദ്(സ) നബിയോടുള്ള ഭയഭക്തി ഓർമ്മിപ്പിച്ചുകൊണ്ടും വിശുദ്ധ ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചു കൊണ്ടും അമേരിക്കയുടെയും കമ്മ്യൂണിസ്റ്റ് റഷ്യയുടെയും

*ശേഷം 42-ാം പേജിൽ*

# നേഷൻ ഓഫ് ഇസ്‌ലാം

ഫരീദ് അഹ്മദ്

**അമേരിക്കയിലെ കറുത്ത വർഗ്ഗക്കാർക്കിടയിൽ പലരൂപങ്ങളിൽ പ്രചരിക്കുന്ന ഒരു മത വിഭാഗമാണ് 'നേഷൻ ഓഫ് ഇസ്‌ലാം'. ഇസ്‌ലാമിന്റെ പ്രാമാണിക നിലപാടുകളിൽ നിന്ന് വ്യത്യസ്തത പുലർത്തുന്ന ഇവരുടെ ഈസാനബിയെക്കുറിച്ചുള്ള സങ്കൽപവും ഇസ്‌ലാമിൽ നിന്ന് വേറിട്ടതാണ്.**

അമേരിക്കയിൽ സിവിൽറൈറ്റ് പ്രക്ഷോഭണത്തിന്റെ കാലഘട്ടത്തിൽ ശക്തിപ്പെട്ട ഒരു പ്രസ്ഥാനമാണ് നാഷൻ ഓഫ് ഇസ്‌ലാം (Nation of Islam). അടിമക്കച്ചവടത്തിലൂടെ കൊണ്ടുവരപ്പെട്ട ആഫ്രിക്കൻ അമേരിക്കക്കാർ അമേരിക്കയിൽ വളരെ ഹീനമായ വിവേചനത്തിന് വിധേയരായിരുന്നു. അതുകൊണ്ട് വംശീയ വിദ്വേഷത്തിലധിഷ്ഠിതമായ ഒരു പ്രസ്ഥാനത്തിന് അവർക്കിടയിൽ വൻ സ്വീകാര്യത ലഭിക്കുക എന്നത് സ്വാഭാവികമാണ്. അത്രമാത്രം വംശവെറി അനുഭവിച്ചവരായിരുന്നു അവർ. പക്ഷേ, ഇപ്പോൾ അവരുടെ പ്രസ്ഥാനം ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടുന്നു എന്നത് അതിവിചിത്രം. വിശുദ്ധ ഖുർആൻ പഠിക്കുന്ന ഒരാൾക്ക് വർണത്തിന്റെയോ വംശത്തിന്റെയോ അടിസ്ഥാനത്തിൽ യാതൊരുവിധ വിവേചനവും ദർശിക്കാൻ സാധിക്കുകയില്ല. തീർച്ചയായും ഒരു സാർവ്വജനീന മതം എന്ന നിലക്ക് ഇസ്‌ലാമിന് ഒരിക്കലും അങ്ങനെ ചിന്തിക്കാൻ സാധ്യമല്ല. എന്നാൽ നേഷൻ ഓഫ് ഇസ്‌ലാമിന്റെ സ്ഥാപകനായ എലിജാ മുഹമ്മദ് വെള്ളക്കാരെ പിശാചിന്റെ വർഗ്ഗമായാണ് കാണുന്നത്. കറുത്ത വംശമാണ് യഥാർത്ഥ മനുഷ്യവർഗ്ഗം എന്ന് അവർ കരുതുന്നു. അവരാണ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ പ്രതിനിധികളെന്നും അദ്ദേഹം കരുതുന്നു. താൻ സ്വന്തമായി പഠിച്ച കാര്യങ്ങളാണ് എലിജാ മുഹമ്മദ് അദ്ദേഹത്തിന്റെ സിദ്ധാന്തമായി അവതരിപ്പിക്കുന്നത്. തെളിവുകളുടെ അഭാവത്താൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെല്ലാം ഒരു കെട്ടുകഥയുടെ വിതാനത്തിലുള്ളതാണ്.

യേശുവിനെ പറ്റിയുള്ള ഇവരുടെ വിശ്വാസം വളരെ വിചിത്രമാണ്. The True History of Jesus എന്ന പുസ്തകത്തിൽ പറഞ്ഞ ചില കഥകളെ എലിജാ മുഹമ്മദ് അവതരിപ്പിക്കുന്നുണ്ട്. പല ചേരുവകളും ചേർന്ന ഈ കഥ മനസ്സിലാക്കാൻ പ്രയാസമുള്ളതാണ്. ഒരു ദൈവിക പ്രവാചകനെക്കുറിച്ചുള്ള, തെളിവുകളില്ലാത്ത ഈ കഥാ വർണ്ണനകൾക്ക് പിന്നിൽ ചില നിഗൂഢലക്ഷ്യങ്ങളുമുണ്ട്. ഈ ലഘു പുസ്തകം പ്രസിദ്ധീകരിച്ചത് CROE (Coalition for the Remembrance of Elijah) ആണ്. മാസ്റ്റർ W. D. ഫാർദ് എന്നയാൾ തനിക്ക് പറഞ്ഞുതന്ന യേശുവിനെ സംബന്ധിച്ചുള്ള ഈ കഥ സത്യമാണെന്നാണ് എലിജാ മുഹമ്മദ് അവകാശപ്പെടുന്നത്. The personification of God (the Mahdi) എന്ന ഈ പുസ്തകം നേഷൻ ഓഫ് ഇസ്‌ലാമിനെപറ്റി ചില വിവരങ്ങൾ വെളിപ്പെടുത്തുന്നു. ഈ പുസ്തകം വായനക്കാരന് നേഷൻ ഓഫ് ഇസ്‌ലാമിനെപ്പറ്റി പൂർണ വിവരം നൽകുന്നില്ല. അവരുടെ അദ്ധ്യാപനങ്ങൾ പോലെ ദുരൂഹമാണ് അതിന്റെ ഉത്ഭവവും.

എലിജാ പൂലെ (1897–1975) എന്നയാൾ സ്ഥാപിച്ച പ്രസ്ഥാനമാണ് നേഷൻ ഓഫ് ഇസ്‌ലാം. W.D. ഫാർദ് പൂലെയെ പഠിപ്പിച്ച അദ്ധ്യാപനങ്ങളിൽ നിന്നാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടത്. ചിലയാളുകൾ W.D. ഫാർദ് തന്നെയാണ് നേഷൻ ഓഫ് ഇസ്‌ലാമിന്റെ സ്ഥാപകനെന്നും വാദിക്കുന്നു. ആരാണ് W.D. ഫാർദ്? അദ്ദേഹം എവിടെ നിന്ന് വന്നു? അദ്ദേഹം എങ്ങോട്ടുപോയി? എന്നീ കാര്യങ്ങൾ വിശദീകരിക്കപ്പെടാതെ അവശേഷിക്കുന്നു. ഈ ദുരൂഹതക്ക് മുതൽകൂട്ടുമാറ് അദ്ദേഹത്തെ വലി ഫാർദ് മുഹമ്മദ് എന്നും പറയപ്പെടുന്നു. മാൽക്കം എക്സിന്റെ (പിന്നീട് മാൽക്കം എക്സ് അൽഹാജ് മാലിക്ക് അശ്ശഹബാസ് എന്ന പേരിൽ അറിയപ്പെട്ടു) അഭിപ്രായത്തിൽ ഫാർദ് വീടുവീടാന്തരം പട്ടും തുണിത്തരങ്ങളും വിറ്റുനടന്നിരുന്ന ഒരു കച്ചവടക്കാരനായിരുന്നു. 1931ലാണ് എലിജാ മുഹമ്മദ്

മിച്ചിഗണിലെ ഡെട്രോയിറ്റിൽ വെച്ച് അദ്ദേഹത്തെ കണ്ടെത്തുന്നത്. 1933–34 ൽ ഫാർദ് അപ്രത്യക്ഷനായതിന് ശേഷം പൂലെ തന്റെ പേര് മുഹമ്മദ് എന്നാക്കി മാറ്റി. എലിജാ മുഹമ്മദിന്റെ കൃതികളിൽ ഫാർദ് ദൈവത്തിന്റെ ആൾരൂപമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് 'ദൈവം മാസ്റ്റർ ഫാർദ് മുഹമ്മദിന്റെ രൂപത്തിൽ പ്രത്യക്ഷനായി. അദ്ദേഹത്തിന് എന്നുമെന്നും സ്തുതിയായിരിക്കട്ടെ' എന്നാണ്. എലിജാ മുഹമ്മദ് W.D. ഫാർദിനെ മനുഷ്യനായാണോ അതല്ല ദൈവമായാണോ കണക്കാക്കുന്നതെന്ന കാര്യം അവ്യക്തമാണ്. 1975ൽ മരിക്കുന്നത് വരെ എലിജാ മുഹമ്മദ് നാഷൻ ഓഫ് ഇസ്‌ലാമിന്റെ നേതാവായി തുടർന്നു. പിന്നീട് അദ്ദേഹത്തിന്റെ മകൻ ഫരീദുദ്ദീൻ മുഹമ്മദ് നാഷൻ ഓഫ് ഇസ്‌ലാമിന്റെ നേതാവായി. കൗതുകകരമായ വസ്തുത, ഫരീദുദ്ദീൻ അദ്ദേഹത്തിന്റെ പിതാവിന്റെ തീവ്രവാദപരമായ സിദ്ധാന്തങ്ങൾ ഉപേക്ഷിക്കുകയും നാഷൻ ഓഫ് ഇസ്‌ലാം പിരിച്ചുവിടുകയും ചെയ്തു എന്നതാണ്. അതിന് ശേഷം അമേരിക്കൻ മുസ്‌ലിം മിഷൻ എന്നൊരു പ്രസ്ഥാനം അദ്ദേഹം ആരംഭിച്ചു. ഇത് ഏറെക്കുറെ സുന്നി മുസ്‌ലിംകളുമായി താദാത്മ്യം പ്രാപിച്ചതായിരുന്നു. വീക്ഷണത്തിൽ മനുഷ്യർക്കിടയിൽ വർണ്ണവൈവിധ്യം അംഗീകരിക്കുന്നതായിരുന്നു. 1985ൽ ഫരീദുദ്ദീൻ അമേരിക്കൻ മുസ്‌ലിം മിഷനും പിരിച്ചുവിട്ടതായി പ്രഖ്യാപിച്ചു. പുതിയൊരു വിശാലമായ കാഴ്ചപ്പാടിൽ ബ്ലാക്ക് മുസ്‌ലിംസ് ഇൻ അമേരിക്ക എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. ആഗോളവ്യാപകമായി മുസ്‌ലിം സമൂഹവുമായി കൂടുതൽ അടുക്കുക എന്നതായിരുന്നു പുതിയ സംഘടനയുടെ രൂപീകരണോദ്ദേശ്യം. എലിജാ മുഹമ്മദിന്റെ ചില അനുയായികളെ ഈ പൂർണമായ പിന്മാറ്റം നിരാശരാക്കി. അവർ ലൂയിസ് ഫറാഖാൻ എന്നയാളുടെ നേതൃത്വത്തിൽ നാഷൻ ഓഫ് ഇസ്‌ലാം വീണ്ടും പുനരുജ്ജീവിപ്പിച്ചു. എലിജാ മുഹമ്മദിനെ പൂർണ മായും പിന്തുടരുന്നവരാണ് ഫറാഖാന്റെ നാഷൻ ഓഫ് ഇസ്‌ലാം.

## യേശുവിനെപ്പറ്റി എലിജാ മുഹമ്മദ്

എലിജാ മുഹമ്മദിന്റെ പ്രസ്ഥാനത്തെ സെമിറ്റിക് വിരോധികളായിട്ടാണ് കണക്കാക്കുന്നത്. എലിജാ മുഹമ്മദിന്റെ ലേഖനങ്ങൾ വ്യക്തമാക്കുന്നത് അദ്ദേഹം യഹൂദികൾ കാണുന്ന രീതിയിലാണ് യേശുവിനെ കാണുന്നത് എന്നാണ്. അത് ബോധപൂർവ്വമോ അല്ലാതെയോ ആയിരിക്കാം. അദ്ദേഹത്തിന്റെ ലേഖനങ്ങൾ യേശുവിനെ സംബന്ധിച്ച് യഹൂദികൾ വെച്ച് പുലർത്തുന്ന വീക്ഷണത്തിലുള്ളതാണ്. അതാകട്ടെ ഖുർആന്റെ അഭിപ്രായത്തിന്നു വിപരീതവുമാണ്.

ഒന്നാമതായി യേശു മറിയയുടെയും ജോസഫിന്റെയും നിയമവിരുദ്ധമായ സന്താനമാണെന്നാണ് അവർ കരുതുന്നത്. രണ്ടാമതായി യഹൂദന്മാർ യേശുവിന്റെ മരണത്തിനുവേണ്ടി യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്നും റോമൻ പട്ടാളക്കാരാണ് യേശുവിനെ വധിച്ചതെന്നുമാണ്. എലിജാ മുഹമ്മദ് തന്റെ വാദത്തിന്ന് ഖുർആന്റെ പിന്തുണയുണ്ടെന്ന് പറയുന്നു. യേശുവിന്റെ ജനനത്തെയും മരണത്തെയും പറ്റി അവരുടെ അവകാശ വാദങ്ങൾക്ക് തികച്ചും വിരുദ്ധമായ ഒരു ആശയമാണ് ഖുർആൻ മുന്നോട്ടുവെക്കുന്നത് എന്നതാണ് വാസ്തവം. യേശു കുരിശിൽ വെച്ച് മരിച്ചു എന്ന ക്രിസ്ത്യാനികളുടെ വാദത്തെയും അദ്ദേഹം ഖണ്ഡിക്കുന്നു. ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും ഇക്കാര്യത്തിലുള്ള വിയോജിപ്പ് നാഷൻ ഓഫ് ഇസ്‌ലാം അത്ര കാര്യമാക്കിയിട്ടില്ല എന്ന് തോന്നുന്നു. കാരണം അവർ ഒഴുക്കൻ മട്ടിൽ പറയുകയല്ലാതെ ഇത് സംബന്ധമായി തെളിവുകൾ ഉദ്ധരിച്ച് അവരുടെ സിദ്ധാന്തം സമർത്ഥിക്കുന്നില്ല.

## ദൈവത്തിന്റെ ഏകത്വം

'നമ്പർ വൺ സീക്രട്ട്' എന്ന തലക്കെട്ടിൽ എലിജാ മുഹമ്മദ് എഴുതുന്നു: "ഇതാണ് കുട്ടിക്കാലത്തെ ജോസഫിന്റെയും മറിയയുടെയും സ്നേഹത്തെപ്പറ്റി അല്ലാഹുവിനാൽ (മാസ്റ്റർ ഫർദ് എന്നയാളാണ് അല്ലാഹുവിന്റെ ആൾരൂപം-അദ്ദേഹത്തിന് എപ്പോഴുമെപ്പോഴും സ്തുതിയായിരിക്കട്ടെ) പഠിപ്പിക്കപ്പെട്ടത്. യേശുവിന്റെ യഥാർത്ഥ ചരിത്രത്തെപ്പറ്റി അല്ലാഹു (ദൈവം) പഠിപ്പിച്ചു തന്നതിനെപ്പറ്റി എനിക്ക് ധാരാളം എഴുതുവാനുണ്ട്. ഇതാണ് മാസ്റ്റർ ഫാർദിലൂടെ അല്ലാഹു എനിക്ക് പഠിപ്പിച്ചുതന്നത്. അദ്ദേഹത്തിന് എപ്പോഴുമെപ്പോഴും സ്തുതിയായിരിക്കട്ടെ."

## യേശുവിന്റെ മരണം

യേശുവിന്റെ മരണത്തെപ്പറ്റി അതി വിചിത്രമായ ഒരു സിദ്ധാന്തമാണ് എലിജാ മുന്നോട്ടുവെക്കുന്നത്. അതായത്, ഖുർആൻ യേശുവിനെ യഹൂദികൾക്ക് വധിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറഞ്ഞത് കൊണ്ട് റോമക്കാരാണ് യേശുവിനെ വധിച്ചത്. ബൈബിളിലെ കുരിശുമരണകഥ കെട്ടുകഥയാണെന്നാണ് അദ്ദേഹം പറയുന്നത്. എലിജ തികച്ചും മറ്റൊരു കഥയാണ് പറയുന്നത്.

യേശുവിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊടുത്താൽ സമ്മാനത്തുക ലഭിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. അതുപ്രകാരം യേശുവിനെ തേടിയിറങ്ങിയ റോമൻ പടയാളികൾ ഒരു യഹൂദന്റെ പീടികക്കരികെ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന യേശുവിനെ കണ്ടു. അങ്ങനെ അവരുടെ ഇംഗിതമറിഞ്ഞ യേശു, അവർക്ക് തലയെടുക്കാൻ പാകത്തിൽ നിന്നു കൊടുക്കുകയായിരുന്നുവെന്നാണ് എലിജാ മുഹമ്മദ് പറയുന്നത്. ബൈബിളിൽ റോമൻ പടയാളി കുന്തം കൊണ്ട് കുത്തി നോക്കുന്ന രംഗം ഇതാണെന്നാണ് എലിജയുടെ വാദം.

യേശു കശ്മീരിൽ വെച്ചു മരിച്ചു

എന്ന അഹ്മദിയ്യാ വാദത്തെ എലിജാ മുഹമ്മദ് ഖണ്ഡിക്കുന്നു. "ചില മുസ്‌ലിം പണ്ഡിതൻമാരുടെ സാങ്കൽപ്പികമായ സിദ്ധാന്ത പ്രകാരം യേശു ഫലസ്തീനിൽ വെച്ച് മരിച്ചിട്ടില്ലെന്നും കശ്മീരിൽ വെച്ചാണ് മരിച്ചതെന്നും പറയുന്നു. കാരണം കാശ്മീരിലെ ഒരു പഴയ കല്ലറ പാശ്ചാത്യദിക്കിൽ നിന്നു വന്ന ഒരു പ്രവാചകന്റെതാണെന്ന് അവർ കരുതുന്നു. ഇത് ദൈവത്തിന്റെ അധ്യാപനങ്ങൾക്കും യേശുവിന്റെ വചനങ്ങൾക്കുമെതിരാണ്."

ഈ ലോകത്തിന്റെ യഥാർത്ഥസത്യവും ജനങ്ങളിൽ നിന്നു മറക്കപ്പെട്ട രഹസ്യവും ഈ ലോകത്തിന്റെ അവസാനത്തിൽ എല്ലാമറിയുന്ന ദൈവം (അല്ലാഹുവിന്റെ ആൾരൂപം) വെളിപ്പെടുത്തുന്നതാണ്.

കഴിഞ്ഞ 35 വർഷക്കാലമായി (1966ന് മുമ്പ്) എനിക്ക് അദ്ദേഹം (മാസ്റ്റർ ഫാർദ് മുഹമ്മദ്) പഠിപ്പിച്ചതെല്ലാം ഞാൻ നിങ്ങൾക്ക് നിരന്തരം പറഞ്ഞുതരുന്നു. അദ്ദേഹം പഠിപ്പിച്ചു തന്നതല്ലാതെ ഞാനൊന്നും പഠിപ്പിക്കുന്നില്ല. സത്യം അതല്ലാതെ മറ്റൊന്നുമായിരിക്കില്ല."(നമ്പർ വൺ സീക്രട്ട്- പേജ് 16,17).

മേൽ വിവരിച്ചത് പ്രകാരം ഫാർദ് ആരാണെന്നോ എന്താണെന്നോ നമുക്കറിയില്ല. പക്ഷെ പ്രസ്തുത ഉദ്ധരണിയിനിന്നു നമുക്ക് മനസ്സിലാകുന്നത് ഫാർദ് എന്ന ദൈവാവതാരമാണ് എലിജാ മുഹമ്മദിന്റെ ജ്ഞാനങ്ങളുടെ സ്രോതസ്സ് എന്നതാണ് അദ്ദേഹത്തിന്റെ വാദം എന്നാണ്.

യേശുവിനെ സംബന്ധിച്ചുള്ള എല്ലാ കഥകളും W.D. ഫാർദിൽ നിന്നു ലഭിച്ചതാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു എന്ന് മുകളിലെ പ്രസ്താവനയിൽ നിന്നു നമുക്ക് മനസ്സിലാകുന്നുണ്ട്. എലിജാ മുഹമ്മദിന്റെ സിദ്ധാന്തങ്ങൾ ഖുർആന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. ദൈവത്തിൽ ആരേയും പങ്കുചേർക്കരുതെന്നത് ഖുർആന്റെ ഏറ്റവും പ്രധാനപ്പെട്ട തത്ത്വമാണ്. "എന്നോടൊപ്പം ഒന്നിനേയും പങ്കുചേർക്കരുത്" (വി. ഖുർആൻ 22:27). അതിൽകൂടുതലായി ഖുർആൻ പറയുന്നു. ഒന്നിനും തന്നെ അല്ലാഹുവിൽ പങ്കുകാരനായിരിക്കാൻ സാധ്യമല്ല. അവൻ ഏകനാണ്. ഖുർആൻ പറയുന്നു: "അവനെപ്പോലെ ആരും ഇല്ല." (112:5)

അമേരിക്കയിൽ അതിശീഘ്രം വളരുന്ന ബ്ലാക്ക് മുസ്‌ലിംകളിലെ വലിയൊരു വിഭാഗം സുന്നി മുസ്‌ലിം വിശ്വാസങ്ങളുമായി ഏറക്കുറെ അടുത്ത് വരികയാണെന്ന് പറയപ്പെടുന്നു. നാഷൻ ഓഫ് ഇസ്‌ലാം എന്ന വംശീയ വാദത്തിന്റെ അടിസ്ഥാനത്തിലുള്ള മതപ്രസ്ഥാനങ്ങളും അമേരിക്കയിലുണ്ട്. ഏതായാലും ഇസ്‌ലാമിന്റെ പരിശുദ്ധമായ അദ്ധ്യാപനങ്ങളിൽ നിന്ന് എത്രയോ അകന്നുനിൽക്കുകയും കടകവിരുദ്ധമായ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഈ ഇസ്‌ലാമിക സംഘടനയുടെ പേരിൽ മാത്രമേ ഇസ്‌ലാമുള്ളൂ എന്ന് അറിയേണ്ടിയിരിക്കുന്നു. ■

---

*5-ാം പേജിൽ നിന്ന്*

അംഗീകാരം നൽകുന്ന പതിവ് രീതിയിൽ നിന്നു മാറി ഇത്തവണ അദ്ദേഹത്തിന് നേരിട്ട് നിയമനം നൽകുകയായിരുന്നു. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ നേതൃത്വത്തിന്റെ അംഗീകാരമായി ഇതിനെ കാണാം. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി അദ്ദേഹം കേരളത്തിന്റെ അമീറാണ്.

മറ്റുള്ള സംഘടനകളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി അഹ്മദിയ്യാ ജമാഅത്ത് ഒരു ഖിലാഫത്ത് വ്യവസ്ഥയാണ്. ഒരു സംഘടന എന്നതിൽ കവിഞ്ഞ് ഒരു മതസമൂഹം എന്ന നിലക്ക് സർവ്വതലസ്പർശിയായ വികസനവും നിർമ്മാണവുമാണ് ഖിലാഫത്ത് വ്യവസ്ഥകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ഖിലാഫത്ത് വ്യവസ്ഥയുടെ ആത്മാവിനെ സ്വാംശീകരിച്ച്കൊണ്ട് കേരളത്തിൽ ഒരു നേതൃത്വം കാഴ്ചവെക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. നിസാമിന്റെ നിയമ വ്യവസ്ഥകളോട് വിട്ടു വീഴ്ചയില്ലാത്ത അദ്ദേഹത്തിന്റെ പ്രതിബദ്ധത കർശനമാണെങ്കിലും അതിന് അനുപേക്ഷണീയമായ ഒരു അദ്ധ്യാപന മൂല്യമുണ്ടെന്ന് കരുതാം. ജമാഅത്തിന്റെ വേറിട്ടുള്ള അസ്തിത്വം ജമാഅത്തിനകത്തും പുറത്തും ബോദ്ധ്യം വരുത്താൻ ഇത് സഹായകമായിട്ടുണ്ട് എന്ന കാര്യം അവിതർക്കിതമാണ്.

കേരളത്തിലെ 50 ജമാഅത്തുകളെ അഞ്ച് മേഖലകളാക്കി പ്രവർത്തനം പുനസ്സംഘടിപ്പിച്ചതും പ്രചരണ രംഗത്ത് അഹ്മദി പണ്ഡിതന്മാർക്ക് കൂടുതൽ കർമ്മ ചൈതന്യം പകർന്നു പങ്കെടുപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അഹ്മദിയ്യാ സാഹിത്യ പ്രചരണ രംഗത്ത് അദ്ദേഹം നൽകിയ നേതൃത്വം ശ്ലാഘനീയമാണ്. അദ്ദേഹം ചെയർമാനായുള്ള ഫസ്‌ലെഉമർ എഡ്യൂക്കേഷൻ ബോർഡിന്റെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന നാല് പബ്ളിക്ക് സ്കൂളുകൾ സ്തുത്യർഹമായ സേവനങ്ങളർപ്പിച്ചു കഴിഞ്ഞു. സത്യസന്ധവും സുതാര്യവും ആത്മാർത്ഥവുമായ ഒരു വിദ്യാഭ്യാസ സംരംഭത്തിന്റെ അടിത്തറയിടാൻ ഇതിനകം ഫസലെ ഉമർ വിദ്യാഭ്യാസ ബോർഡിന്ന് സാധിച്ചിട്ടുണ്ട്. കേരളത്തിൽ ജമാഅത്തിന്റെ ഇന്നത്തെ പുരോഗതിക്ക് പിന്നിൽ കുഞ്ഞാമുസാഹിബിന്റെ കഠിനാദ്ധ്വാനവും കൂർമ ബുദ്ധിയും നേതൃത്വപാടവവും ഉണ്ട് എന്ന വസ്തുത അനിഷേധ്യമാണെന്ന് ഇവിടെ അനുസ്മരിക്കട്ടെ. പുതിയ അമീറായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന് സത്യദൂതന്റെ അഭിനന്ദനങ്ങൾ - അല്ലാഹു അദ്ദേഹത്തിന് സകല വിജയങ്ങളും നൽകി അനുഗ്രഹിക്കട്ടെ. ■

ലേഖനം

# മനുഷ്യൻ പരിണാമവിധേയൻ

കെ. വി. ഈസക്കോയ

## സൃഷ്ടിവാദികളുടെ കളിമൺകുഴച്ചുള്ള മനുഷ്യസൃഷ്ടിപ്പ്സിദ്ധാന്തത്തെ വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു. മനുഷ്യൻ പരിണമിച്ചുണ്ടായതാണ്. മനുഷ്യനെക്കാൾ ശ്രേഷ്ഠമായ ജീവിവർഗ്ഗം ഉടലെടുക്കുമോ?

ഖുർആനിക വചനങ്ങളും വൈജ്ഞാനിക സത്യങ്ങളും പരസ്പരപൂരകങ്ങളാണ്. ശാസ്ത്രത്തിന്റെ ഇതുവരെയുള്ള കണ്ടെത്തലുകളും വൈജ്ഞാനിക മണ്ഡലവികാസവും ഖുർആനികവെളിപാടുകളെ സത്യപ്പെടുത്തുന്നവയാണ്. ഇന്ന് കാണുന്ന മനുഷ്യനടക്കമുള്ള ജൈവരൂപങ്ങൾ പടിപടിയായി സൃഷ്ടിക്കപ്പെട്ടതാണെന്നും സകലതും പരിണാമവികാസ വളർച്ചക്ക് വിധേയമായി ഉടലെടുത്തതാണെന്നും ഖുർആൻ സൂചിപ്പിക്കുന്നത് ശ്രദ്ധിക്കുക:

"ഏഴാകാശങ്ങളേയും പടിപടിയായി സൃഷ്ടിച്ചവനാണവൻ" (സൂറ മുൽക്ക്, വചനം 4) അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ യാതൊരു വിടവും പരസ്പര വൈരുദ്ധ്യങ്ങളും കാണുകയില്ലെന്ന് ഖുർആൻ തുടർന്ന് പ്രസ്താവിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടിപ്പിലെ അടിസ്ഥാനപരമായ രണ്ട് തത്ത്വങ്ങളെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്. ഒന്നാമത്തേത് ഈ പ്രപഞ്ചവും അതിലടങ്ങിയിരിക്കുന്ന സകലതും പടിപടിയായി സൃഷ്ടിക്കപ്പെട്ടു എന്നതാണ്. രണ്ടാമത്തേത് ഇവയുടെ സൃഷ്ടിപ്പിൽ യാതൊരു വൈരുദ്ധ്യാത്മകതയും ന്യൂനതയും ഇല്ലെന്നുമുള്ളതാണ്.

സൃഷ്ടിപ്പിനെക്കുറിച്ച് പറഞ്ഞിടത്തെല്ലാം 'റബ്ബ്' എന്ന ദൈവികഗുണനാമമാണ് പ്രയോഗിച്ചിരിക്കുന്നത്. റബ്ബ് എന്നതിന് വളരെ താഴ്ന്ന പടിയിൽ നിന്ന് ഉയർന്ന പദവിയിലേക്ക് വളർത്തിക്കൊണ്ട് വരുന്നവൻ എന്നാണർത്ഥം. റബ്ബ് എന്ന പ്രയോഗത്തിലൂടെ സൃഷ്ടിപ്പ് എന്ന പ്രക്രിയ പടിപടിയായി അഭിവൃദ്ധിയുടെശ്രേണിയിലൂടെ നിർവഹിക്കപെടുന്നതാണ് എന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

ഖുർആൻ മറ്റൊരിടത്ത് പറയുന്നു: "നിങ്ങൾ തീർച്ചയായും ഒരു സ്ഥിതിയിൽ നിന്നു മറ്റൊരുസ്ഥിതിയിലേക്ക് പടിപടിയായി കയറിപ്പോയ്ക്കൊണ്ടിരിക്കും" (84:20). സർവ സൃഷ്ടികളെയും ബാധിക്കുന്ന ഒരു തത്ത്വമാണിത്. പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളെ രൂപപ്പെടുത്തിയെടുത്ത പ്രക്രിയകൾ വിവിധങ്ങളായിരുന്നു. എങ്കിലും മനുഷ്യനിലേക്കുള്ള ലക്ഷ്യത്തിന് യാതൊരു വ്യതിചലനവും ഉണ്ടായില്ല. സൃഷ്ടിപ്പിന്റെ അന്തിമ ലക്ഷ്യവും ഉദ്ദേശ്യവും മനുഷ്യനായിരുന്നു എന്നതിന് സംശയമില്ല.

ഭൂമിയിലെ ജൈവപരിണാമ ശൃംഖലയിലെ ഒടുവിലത്തെ കണ്ണിയാണോ മനുഷ്യൻ? മറ്റെല്ലാ ജന്തുക്കളെക്കാളും വികസിതനാണ് മനുഷ്യൻ. മനുഷ്യനെക്കാൾ ശ്രേഷ്ഠതരങ്ങളായ ഇന്ദ്രിയങ്ങളുള്ള, ഗ്രാഹ്യതയുടെ പുതിയ മാനങ്ങൾ കൈവരിക്കുവാൻ ശേഷിയുള്ള, കൂർമ്മബുദ്ധിയുള്ള, ഒരു ജീവിക്ക് മനുഷ്യൻ വഴിമാറിക്കൊടുക്കേണ്ടിവരുമോ? വ്യത്യസ്തമായ ശരീരഘടനയും ആകാരവുമുള്ള ഒരു നൂതന ജൈവവർഗ്ഗം ഭൂമിയിൽ പ്രത്യക്ഷപ്പെടാനുള്ള സാദ്ധ്യതയുണ്ടോ?

ഇസ്ലാമല്ലാതെ മറ്റൊരു മതവും, ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവും ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മ വിചിന്തനം നടത്തുവാൻ മുതിർന്നിട്ടില്ല. വിശുദ്ധഖുർആൻ ഇത്തരം പ്രശ്നങ്ങളുന്നയിച്ച് കൊണ്ട് അവയെക്കുറിച്ച് അപഗ്രഥനം നടത്തി ഇതിന്നുള്ള സാദ്ധ്യതയെക്കുറിച്ച് പ്രവചിച്ചിരിക്കുന്നുവെന്നത് വിശുദ്ധ ഖുർആന്റെ അത്ഭുതകരമായ സവിശേഷതയാണ്.

ഭൂമിയിൽവെച്ചും പരലോകത്തുവച്ചും സംഭവിക്കാവുന്ന മാറ്റങ്ങളെക്കുറിച്ച് ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. മരണാനന്തരം മനുഷ്യൻ തികച്ചും വ്യത്യസ്തമായ രൂപത്തോടു കൂടി എഴുന്നേൽപ്പിക്കപ്പെടുന്നതാണെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അതേസമയം ഇവിടെ ഭൂമിയിൽ വെച്ച് തന്നെ ഉണ്ടായേക്കാവുന്ന മാറ്റങ്ങളെ സൂചിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളുമുണ്ട്. അത്തരം സൂക്തങ്ങൾ ഭൂമിയിൽ മനുഷ്യനേക്കാൾ ശ്രേഷ്ഠമായ സവിശേഷതകളോട് കൂടിയ ഒരു ജൈവഗണത്തിന്റെ രംഗപ്രവേശ ചിത്രീകരണങ്ങൾ കാഴ്ച

വെക്കുന്നവയാണ്.

മനുഷ്യനായി പിറന്ന ആർക്കും സങ്കൽപ്പിക്കുവാൻപോലും സാധ്യമല്ലായിരുന്ന ഒരു കാലത്ത്, അതിവിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന ചില സംഭവങ്ങളെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ദ്വയാർത്ഥ വ്യാപ്തിയുള്ള ഭാഷാ പ്രയോഗങ്ങളിലൂടെ ഖുർആൻ ഒരേസമയം പ്രതിപാദിക്കുന്നതായി കാണാവുന്നതാണ്. ഈ സൂക്തങ്ങളടങ്ങിയിരിക്കുന്ന പ്രവചനങ്ങൾ ഇഹലോകത്തേക്കും, പരലോകത്തേക്കും ബാധകമായവയുമാണ്.

മരണാനന്തര ജീവിതത്തിൽ പരിവർത്തിത ആകാരത്തോട് കൂടിയ ഒരു അസ്തിത്വത്തിനുള്ള സാദ്ധ്യതയെക്കുറിച്ച് വിശകലനം ചെയ്തശേഷം, മനുഷ്യനിൽ നിന്ന് തികച്ചും വ്യത്യസ്തവും എന്നാൽ മനുഷ്യന് പകരം ഭൂമിയിൽ പ്രതിഷ്ഠിക്കപ്പെടുന്നതുമായ ചില പുതിയതരം ജൈവരൂപങ്ങളുടെ പ്രാദുർഭാവത്തെക്കുറിച്ച് ഖുർആൻ സൂക്തങ്ങൾ വളരെ സ്പഷ്ടമായി ചിത്രീകരിക്കുന്നത് കാണുക:

“അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും നീതിയുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നത് നീ കാണുന്നില്ലേ? അവൻ ഉദ്ദേശിക്കുന്നതായാൽ നിങ്ങളെ അവൻ നശിപ്പിക്കുകയും തൽസ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരുകയും ചെയ്യുന്നതാണ്. അല്ലാഹുവിന് അത് പ്രയാസമുള്ള കാര്യമല്ല.” (14:20 , 21)

ഈ സൂക്തങ്ങളെ മരണാനന്തര ജീവിതവുമായി ബന്ധപ്പെടുത്താവുന്നതല്ല. ഇതിൽ ഉപയോഗിച്ചിരിക്കുന്ന “ഇൻയശാഅ് യുദ്ഹിബ്കും” എന്നതിലെ ‘എങ്കിൽ’ എന്നർഥംവരുന്ന “ഇൻ” എന്ന സോപാധിക ഉപസർഗ്ഗ പ്രയോഗം ഇത് മരണാനന്തര ജീവിതത്തെ സംബന്ധിച്ചുള്ളതല്ല എന്നാണ് മനസ്സിലാക്കിത്തരുന്നത്. ഇത് മരണാനന്തരാവസ്ഥയെ സംബന്ധിച്ചുള്ളതായിരുന്നുവെങ്കിൽ ഈ പ്രയോഗം മരണാനന്തര ജീവിതം എന്ന അസന്ദിഗ്ധാവസ്ഥ സംശയാസ്പദമായ ഒരവസ്ഥയായി മാറുമായിരുന്നു. എന്നാൽ മരണാനന്തര ജീവിതം എന്നത് കേവലം നിരുപാധിക യാഥാർത്ഥ്യമാണെന്നാണ് ഖുർആനിലുടനീളം പ്രസ്താവിച്ചിരിക്കുന്നത്. മനുഷ്യന് പകരം മറ്റ് മനുഷ്യനെ കൊണ്ട് വരുമെന്നല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. ഒരു പുതിയ സൃഷ്ടിയെ അസ്തിത്വത്തിൽ കൊണ്ടുവരുമെന്നാണ് വ്യക്തമായും ഈ വചനം സൂചിപ്പിക്കുന്നത്. മുഴുമനുഷ്യവർഗ്ഗത്തിനും പകരമായുള്ള ഒരു വ്യത്യസ്ത സൃഷ്ടിയെ കൊണ്ടുവരുമെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

അല്ലാഹു ഈ മുഴുപ്രപഞ്ചത്തേയും നീതിയുക്തമായ നിലയിലാണ് സൃഷ്ടിച്ചിരിക്കുന്നത്. സൃഷ്ടികളിൽ വെച്ചേറ്റവുമുൽകൃഷ്ടനായ മനുഷ്യനേയും നീതിയുക്തമായ നിലയിൽ തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. മരണാനന്തരജീവിതം എന്ന വിഷയത്തിൽനിന്നു ഭിന്നമായി, മനുഷ്യന്റെ സ്ഥാനം കവർന്ന്കൊണ്ട് ഭൂമിയിൽ പ്രതിഷ്ഠിക്കപ്പെടുന്ന തികച്ചും വ്യത്യസ്തമായ രൂപത്തെക്കുറിച്ചും ഖുർആൻ പ്രതിപാദിക്കുന്നുണ്ട്:

“അവരെ സൃഷ്ടിച്ചതും അവരുടെ ശരീരഘടനയെ ബലപ്പെടുത്തിയതും നാമാണ്. നാം ഉദ്ദേശിക്കുന്നതായാൽ അവരുടെ ആകാരങ്ങൾ തികച്ചും മാറ്റിമറിക്കുന്നതാണ്” (76:29).

വീണ്ടും മറ്റൊരിടത്ത്:

“അല്ല, കിഴക്കിന്റെയും പടിഞ്ഞാറിന്റെയും നാഥനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. തീർച്ചയായും നാം അവർക്ക് പകരം അവരെക്കാൾ ശ്രേഷ്ഠരായവരെ കൊണ്ട്വരാൻ കഴിവുള്ളവനാണ്. നാം ഒരിക്കലും പിൻതള്ളപ്പെടുന്നവനല്ല” (70:41, 42).

ഭൗമജീവികളിൽ ബുദ്ധികൊണ്ടും കഴിവുകൊണ്ടും ഇന്ദ്രിയജ്ഞാനം കൊണ്ടും സമുന്നത സ്ഥാനമലങ്കരിക്കുന്നത് മനുഷ്യനാണ്. എന്നാൽ മനുഷ്യനെക്കാൾ ധാരണാശക്തിയും വിവേകവും ബോധേന്ദ്രിയങ്ങളുമുള്ള ഒരു വികസിത ജൈവവർഗ്ഗം രംഗപ്രവേശം ചെയ്യപ്പെടാനുള്ള സാദ്ധ്യത ഖുർആൻ ഉന്നയിച്ചിരിക്കുകയാണ്. തീർച്ചയായും ഇത് സംഭവിക്കുക തന്നെ ചെയ്യുമെന്നല്ല, മറിച്ച്, അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ പദ്ധതിയനുസരിച്ച് അവന് അതിനുള്ള കഴിവും ശക്തിയും ഉണ്ടെന്നാണ് സ്ഥിരീകരിക്കുന്നത്. ആകസ്മികതയിൽ അധിഷ്ഠിതമായ അന്ധമായ ഒരു പരിണാമ വളർച്ചയല്ല ഖുർആൻ മുന്നോട്ട് വെക്കുന്നത്. അവിച്ഛിന്നമായ ഒരു പരിണാമ പ്രക്രിയക്കുള്ള സാദ്ധ്യതയാണ് ഖുർആൻ സൂചിപ്പിക്കുന്നത്. ഇത് ഖുർആന്റെ രചയിതാവിന്റെ സൂക്ഷ്മജ്ഞാനത്തിനും ദീർഘദൃഷ്ടിക്കുമുള്ള മഹത്തായ ഒരു ബഹുമതിയാണ്. മനുഷ്യ പരിണാമ സാദ്ധ്യതയെക്കുറിച്ച് മറ്റൊരു മതവും സൂചിപ്പിക്കുന്നുപോലുമില്ല.

ജൈവലോകം പരിണാമ വികാസത്തിന് വിധേയമായത്പോലെ മനുഷ്യനും തുടർന്നുള്ള ഒരു പരിണാമ പ്രക്രിയക്ക് വിധേയനാകുമോ? അതല്ല ആദിമുതൽക്കുള്ള പുതിയൊരു പരിണാമ ശൃംഖലക്ക് വീണ്ടും പ്രാരംഭം കുറിക്കുമോ? ഏതിനാണ് കൂടുതൽ സാധ്യത എന്നത് ഇപ്പോൾ നമ്മുടെ ഗ്രാഹ്യതക്ക് അപ്പുറമുള്ള കാര്യമാണ്. അതായത്, നമ്മെ സംബന്ധിച്ചിടത്തോളം ഇന്നത് ഒരു അദൃശ്യകാര്യമാണ്. എല്ലാ അദൃശ്യകാര്യങ്ങളും ക്രമേണ ദൃശ്യമേഖലയിലേക്ക് മാറിക്കൊണ്ടിരിക്കയാണ്. ശാസ്ത്രം വളരുന്നതനുസരിച്ച് സാങ്കേതിക മികവ് കൂടുന്തോറും നാം പുതിയ പുതിയ വൈജ്ഞാനിക മേഖലകൾ കയ്യടക്കി വരികയാണ്. പ്രകൃത്യാധിഷ്ഠിതമായ ബോധനരീതിയാണിത്. ദൃശ്യവും അദൃശ്യവുമായ സകലതിന്റെയും നാഥൻ അല്ലാഹുവാണ്. അവൻ നമ്മുടെ വൈജ്ഞാനിക ചക്രവാളം ക്രമേണ ക്രമേണ വികസിപ്പിച്ച്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ വീക്ഷണം വിപുലീകരിക്കപ്പെടുകയും അത്വരെ അജ്ഞതയുടെ തിരശ്ശീലക്ക് പിന്നിൽ സ്ഥിതിചെയ്തിരുന്ന കാര്യങ്ങൾ ദൃശ്യഗോചരങ്ങളായിക്കൊണ്ടിരിക്കുകയുമാണ്. ■

*(അവലംബം: Revelation, Rationality, Knowledge and Truth.)*

ലേഖനം

# മരണം ശരീരത്തെ പരിഗ്രഹിക്കുമ്പോൾ

ഓർച്ചാഡ് അഹ്മദ്, കണ്ണൂർ

**അല്ലാഹുവിന്റെ പക്കൽ സമയം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞ മരണം രംഗബോധമില്ലാത്ത കോമാളിയെപ്പോലെ ചിലപ്പോൾ മനുഷ്യജീവിതത്തിലേക്ക് കടന്നു വരുന്നു. പക്ഷേ, മനുഷ്യരിൽ അധികപേരും ഈ അലംഘനീയ യാഥാർത്ഥ്യത്തെക്കുറിച്ച് വിസ്മൃതരാണ്.**

ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ'. വേണ്ടപ്പെട്ടവരുടെ മരണവാർത്തയറിഞ്ഞാൽ നമ്മളോരോരുത്തരും അങ്ങനെ ചൊല്ലും, കാരണം അങ്ങനെ പറയുകയെന്നത് ഓരോ മുസ്‌ലിമിന്റെയും ധാർമ്മിക മര്യാദയിൽ പെട്ടതാണ്. മരണാനന്തര ക്രിയകളൊക്കെ കഴിഞ്ഞാൽ പരേതന് മഗ്ഫിറത്തും മർഹമത്തും ലഭിക്കാൻ വേണ്ടി പ്രാർത്ഥിക്കും. അതിന് ശേഷം....?

മരണം.... സകലത്തിന്റെയും സ്രോതസ്സായ 'ജീവൻ' അല്ലാഹു തിരിച്ചെടുക്കുന്ന നിമിഷം. അതായത്, ജീവന്റെ തുടിപ്പുകൾ നിലയ്ക്കുന്ന സന്ദർഭം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ശരീരത്തിൽ നിന്നു 'ജീവശ്ശക്തി' ഒഴുകി മാറുന്ന നിമിഷം. മനുഷ്യനെ തന്റെ ഉമ്മയിൽ നിന്ന്, ഉപ്പയിൽ നിന്ന്, മക്കളിൽ നിന്ന്, മറ്റു വേണ്ടപ്പെട്ടവരിൽനിന്നൊക്കെ എന്നെന്നേക്കുമായി പടച്ചവൻ 'അറുത്തുമാറ്റുന്ന' സന്ദർഭം. ഇന്നല്ലെങ്കിൽ നാളെ ഓരോരുത്തരുടെയും ജീവിതത്തിൽ സുനിശ്ചിതമായി വന്നുചേരുന്ന യാഥാർത്ഥ്യം... അതെപ്പോഴായിരിക്കും?

ഏത് ജീവിതത്തിനും ഒരന്ത്യമുണ്ട്. ആയുർ നിർണ്ണയത്തിന്റെ മാനദണ്ഡം മനുഷ്യന് അജ്ഞാതമാണ്. "എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങളെ തിരിച്ച് കൊണ്ടുവരുന്നതുമാണ്" (അൽ അമ്പിയാഅ്-36). ആയുസ്സിന്റെ അവധി നിർണ്ണയിക്കുന്നത് വിധാതാവാണ്. അതിന്റെ സമയം ദൈവനിശ്ചയമാണ്. 'നിശ്ചിത സമയ'ത്തിനു മുമ്പ് മരണമോ, അതിന് ശേഷം ജീവിതമോ ഉണ്ടാകില്ലെന്നുറപ്പാണ്. മരണത്തിന്റെ വിളി വരുന്നത് ഏത് രൂപത്തിലായിരിക്കുമെന്ന് പ്രവചിക്കാൻ ആർക്കും സാധ്യമല്ല. ഒരാൾ എങ്ങനെയാണ് ഏതവസ്ഥയിലാണ് മരിക്കുകയെന്ന് ആർക്കും തന്നെ നിശ്ചയിക്കാൻ സാധ്യമല്ല. ഇത് വായിച്ച് തീരുന്നതിന് മുമ്പ് തന്നെ നിങ്ങൾ ഒരുപക്ഷേ മരിച്ചെന്ന് വരാം. അതിന് വിപരീതമായി ചിന്തിക്കുന്നതിൽ ഒരർത്ഥവുമില്ല. മരണത്തെ മുഖാമുഖം കണ്ടാൽ തന്നെ മരണം എന്ന ദുരൂഹതയെപ്പറ്റി മനുഷ്യന് ഒന്നും തന്നെ മനസ്സിലാക്കാൻ സാധ്യമല്ല. എവിടെയും ഓടിമറയാനും സാധ്യമല്ല. മരണം എപ്പോൾ എവിടെ വെച്ച് നടക്കണമെന്ന് നേരത്തെ തീരുമാനിക്കപ്പെട്ടിട്ടുണ്ട്. ജീവൻ അല്ലാഹുവിൽ നിന്നുള്ളതാണ്. അതിന്റെ മടക്കവും ദൈവത്തിങ്കലേക്കാണ്. "നിങ്ങൾ എല്ലാവരുടെയും മടക്കം അവങ്കലേക്കാണ്. ഇത് അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമത്രെ" (യൂനുസ്-5)

ഓരോ നിമിഷം കഴിയുംതോറും നാം മരണത്തോട് കൂടുതൽ കൂടുതൽ അടുത്തുവരികയാണെന്ന സത്യം നിങ്ങൾ ഓർക്കാറുണ്ടോ? അസ്രാഈൽ, മരണം എന്നിവയൊക്കെ മറ്റുള്ളവർക്ക് മാത്രം ബാധകമായ വാക്കുപോലെയാണ് എല്ലാവരുടെയും പെരുമാറ്റം. ജീവൻ അത് നൽകിയവനാരോ അവന്റേതാണ്. അവൻ മാത്രമാണ് രാജാധിരാജൻ; എല്ലാറ്റിന്റെയും അവകാശി. അല്ലാഹു അല്ലാതെ ഈ ഭൂമിയിലുള്ള സകലതും ഇന്നല്ലെങ്കിൽ നാളെ നശിക്കുന്നതാണ്. ഈ ഭൂമിയിൽ നടക്കുന്നതെല്ലാം തന്നെ ലോകൈകനാഥന്റെ വിസ്മയകരമായ കഴിവിനാൽ മാത്രമാണ്. മനുഷ്യന്റെ ശരീരവും അതിന്റെ വ്യത്യസ്ത അവസ്ഥകളും സൃഷ്ടികർത്താവിനെ അനുസരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ദുർബ്ബലനായ മനുഷ്യൻ ഇതൊന്നും ഓർക്കാറേയില്ല. അവനവനേക്കാൾ പ്രാധാന്യം മറ്റൊന്നിനു മില്ലെന്ന് അവൻ കരുതുന്നു.

ശരീരത്തെക്കുറിച്ച് അമിതമായി ആകുലപ്പെടുകയെന്നത് മനുഷ്യസഹജമാണ്. കാരണം എന്തെല്ലാം ആനന്ദാനുഭൂതികളാണ് ശരീരം നമ്മെ അനുഭവിപ്പിക്കുന്നത്. ആത്മാവിൽ കുളിരു കോരുന്നതുപോലെയുള്ള അനുഭവങ്ങൾ. അന്തരാത്മാവിന്റെ ആഴത്തിലിറ

ങ്ങുന്ന മറക്കാൻ കഴിയാത്ത എന്തൊക്കെ അനുഭവങ്ങളാണ് ഈ ശരീരം നമുക്ക് തരുന്നത്. എന്ത് സൗന്ദര്യമാണ് മനുഷ്യശരീരത്തിന്! ആരും കൊതിച്ചു പോകുന്ന അഴകും ആരോഗ്യവും. എന്തൊക്കെ ആഗ്രഹങ്ങളാണ് ജീവിതത്തിൽ. എന്തൊക്കെയോ നേടാനുള്ള ത്വര. പ്രശസ്തിക്കുവേണ്ടിയുള്ള അദ്ധ്വാനം. പക്ഷേ, മാരകരോഗത്തിന് ശരീരം ഒരിക്കൽ അടിമപ്പെടുമെന്ന് ആരും ഓർക്കാറില്ല. രോഗം വർധിക്കുന്നത് എത്ര പെട്ടെന്നാണ്. എണ്ണയ്ക്ക് തീപിടിക്കുംപോലെ... എല്ലാം എത്രപെട്ടെന്നാണ് തീരുന്നത്. ജീവിതത്തിന്റെ വിരാമം എത്ര പെട്ടെന്നാണ് വന്നു ഭവിക്കുന്നത്.

ശരീരത്തിൽ നിന്ന് 'റൂഹ്' വേർപിരിഞ്ഞയുടൻ നിങ്ങളുടെ തലയുടെ ചെന്നി കുഴിയും, മുഖത്തെ തൊലി നീളും, ചുണ്ടുകൾ ചെറുതാകും, കണ്ണിൽ നിന്ന് വെള്ളം ഒലിക്കും. തത്സമയം സമീപമുള്ളവർ നിങ്ങളുടെ കണ്ണുകൾ തിരുമ്മി അടയ്ക്കുന്നു. അതിന് ശേഷം മയ്യത്തിന്റെ താടിയും തലയും കൂട്ടിക്കെട്ടും. അൽപ്പസമയം കഴിഞ്ഞാൽ നിങ്ങൾ മരണസമയം ധരിച്ചിരുന്ന വസ്ത്രങ്ങൾ അഴിച്ചുമാറ്റി നേരിയ വസ്ത്രംകൊണ്ട് മൂടി ഖിബ്‌ലയ്ക്ക് അഭിമുഖമായി കിടത്തും. സമീപത്തായി സാമ്പ്രാണി, കുന്തിരിക്കം എന്നീ സുഗന്ധവസ്തുക്കൾ പുകയ്ക്കുന്നു. ഇപ്പോൾ നിങ്ങളുടെ ഭൗതികശരീരത്തിൽ രക്തപ്രവാഹമില്ല. ശ്വാസത്തിന്റെ വരവും പോക്കുമില്ല. ദഹനവ്യവസ്ഥ ഇല്ല. ശരീരത്തിന്റെ അടിസ്ഥാന പ്രവർത്തനം നിന്നത് കാരണം പ്രകൃതി നിങ്ങളുടെ ശരീരവുമായുള്ള ബന്ധം വിഛേദിച്ചിരിക്കുകയാണ്. അടുത്തതായി നിങ്ങളുടെ മയ്യിത്തിനെ കുളിപ്പിക്കണം. തല ഭാഗം കാൽഭാഗത്തേക്കാൾ ഉയർന്ന കട്ടിലിലോ, ബെഞ്ചിലോ കിടത്തി വിശദമായി നിങ്ങളെ മറ്റുള്ളവർ കുളിപ്പിക്കുന്നു. അതിന് ശേഷം കഫൻ പുടവകൊണ്ട് നിങ്ങളുടെ ശരീരം മൂടുന്നു. കഫൻ ചെയ്തുകഴിഞ്ഞാൽ അടുത്തത് മയ്യിത്ത് നമസ്കാരമാണ്. ജനാസ നമസ്കാരം ലളിതവും കുറഞ്ഞ ദൈർഘ്യവുമുള്ളതാണെങ്കിലും പലതും അയവിറക്കാൻ അത് ധാരാളം മതി. പിന്നെ മയ്യിത്ത് കട്ടിലിൽ ഖബർസ്ഥാനിലേക്ക്.... ഒറ്റയ്ക്ക്, കൂടെ വേണ്ടപ്പെട്ടവരുടെ അലമുറകൾ, രോദനങ്ങൾ, വിലാപങ്ങൾ.... മയ്യിത്ത് ഖബറടക്കിക്കഴിഞ്ഞാൽ എല്ലാവരും തിരിച്ചു പോകുന്നു. മരിച്ചവരുടെ പാരത്രിക ജീവിതത്തിന്റെ അവസ്ഥ എന്താണെന്ന് നമുക്കാർക്കും മനസ്സിലാകില്ല.

ഖബറാകുന്ന ഇരുട്ടറയിൽ വെച്ച് നിങ്ങളുടെ മയ്യിത്തിന് അനവധി മാറ്റങ്ങൾ സംഭവിക്കുന്നു. ഖബറിനകത്തെ അത്യുഷ്ണവും ഓക്സിജന്റെ അഭാവവും കാരണം ശരീരത്തിലടങ്ങിയ മാംസ്യം, വെള്ളം, ഉപ്പ്, മറ്റു ലവണങ്ങൾ എന്നിവയുടെ നൈസർഗിക സ്വഭാവം ഇല്ലാതാകുന്നു. ശരീരത്തിലെ ആറ്റത്തിന്റെ പ്രവർത്തനം നിലയ്ക്കുന്നത് കാരണം ബാക്ടീരിയകൾ ശരീരത്തെ ആക്രമിക്കാൻ തുടങ്ങുന്നു. നിങ്ങൾ നിർമ്മലമായി സൂക്ഷിച്ച കവിൾത്തടങ്ങൾ പുഴുക്കൾ അരിക്കുന്നു. മുഖം വീർത്ത് കണ്ണുകൾ പുറത്തേക്ക് തള്ളുന്നു. മൂക്ക്, വായ, ചെവി എന്നിവയിലൂടെ വണ്ടുകളും പാറ്റകളും അരിച്ച് കയറുന്നു. ശരീരം ബലൂൺപോലെ ചീർത്ത് തല, നെഞ്ച്, കൈകാലുകൾ എന്നിവ തൽസ്ഥാനത്തു നിന്നു കൊഴിഞ്ഞു തുടങ്ങുന്നു. മരിച്ച് മൂന്നാം നാൾതൊട്ട് നിങ്ങളുടെ ബലിഷ്ഠമായ ശരീരം ചീഞ്ഞളിഞ്ഞ് അസഹ്യമായ ദുർഗന്ധം വമിപ്പിക്കാൻ തുടങ്ങുന്നു. ഇനി ശരീരത്തിന് മണ്ണുമായുള്ള ബന്ധം മാത്രമാണുള്ളത്. മറ്റൊന്നുമായുമില്ല. ഇസ്‌ലാമിക വീക്ഷണത്തിൽ മണ്ണ് അമാനത്തിന്റെ ഭാഗമാണ്. ജീവനുള്ളപ്പോൾ വിഭവസമ്പാദനത്തിന്റെയും, ജീവിത നിർവഹണത്തിന്റെയും ഭൂമിക. അവസാനം ശരീരം ഒടുങ്ങുന്നതും മണ്ണിൽ തന്നെ. ഇന്നത്തെ സൗഭാഗ്യമായും നാളത്തെ സൗഭാഗ്യത്തിന്റെ ഗ്യാരണ്ടിയും കെട്ടിപ്പൂട്ടി വച്ച സമ്പത്തൊന്നും നാം കൂടെ കൊണ്ടുപോകുന്നില്ല; വെറും മൂന്ന് തുണിക്കഷ്ണങ്ങളല്ലാതെ. ഐഹികജീവിതത്തിന്റെ വർണ്ണശബളിമയിലും അലങ്കാരങ്ങളിലും ഊളിയിട്ട എല്ലാ മനുഷ്യരുടെയും അവസ്ഥയാണിത്.

നിങ്ങൾ നിർമ്മലമായി
സൂക്ഷിച്ച കവിൾത്തടങ്ങൾ
പുഴുക്കൾ അരിക്കുന്നു.
മുഖം വീർത്ത് കണ്ണുകൾ
പുറത്തേക്ക് തള്ളുന്നു.
മൂക്ക്, വായ, ചെവി എന്നിവയി
ലൂടെ വണ്ടുകളും പാറ്റകളും
അരിച്ച് കയറുന്നു.
ശരീരം ബലൂൺപോലെ
ചീർത്ത് തല, നെഞ്ച്, കൈകാലു
കൾ എന്നിവ തൽസ്ഥാനത്തു
നിന്നു കൊഴിഞ്ഞു
തുടങ്ങുന്നു.

ബുദ്ധിവൈഭവം, ചിന്താശക്തി, സർഗശേഷി, എന്നീ അനുഗ്രഹങ്ങളിലൂടെ മനുഷ്യന് മാത്രം ദൈവം മുൻകൂട്ടി എല്ലാ അറിവുകളും നൽകി. കൂടാതെ, മനുഷ്യനുവേണ്ടി 'അവന്റെ' വചനരൂപമായി ഖുർആൻ അവതരിക്കുകയും ചെയ്തു. ജീവൻ തുളുമ്പുന്ന വാക്കുകൾകൊണ്ടുള്ള സന്മാർഗ്ഗ ദർശനങ്ങളാണ് അതിൽ മുഴുവൻ. ഈ ലോകത്ത് മികവുറ്റ ജീവിതവും, പരലോകത്ത് ആത്യന്തികവിജയവും കൈവരിക്കാൻ അതിലെ നിർദ്ദേശങ്ങൾ നമ്മെ സഹായിക്കുന്നു. എന്നിട്ടും മനുഷ്യൻ അതൊന്നും ഉൾക്കൊള്ളാതെ ലക്കും ലഗാനുമില്ലാതെ ഭൗതിക സുഖത്തിന്റെ പിന്നാലെ പരക്കം പായുകയാണ്. ഭൗതിക നേട്ടങ്ങൾ ഭൗതിക ദൃഷ്ടിയിൽ എത്ര വിപുലമായി തോന്നിയാലും ആത്മീയ ദൃഷ്ടിയിൽ വളരെ തുച്ഛമാണ്. ഭൗതിക സമൃദ്ധിയും വിഭവ സമാഹരണവുമല്ല സൗഭാഗ്യത്തിന്റെ മാനദണ്ഡം; ദുനിയാവിലെ ഭൗതിക സുഖങ്ങളും നേട്ടങ്ങളും മനുഷ്യന് യഥാർത്ഥ സുഖം നൽകില്ല. "ദൈവസ്മരണയിലൂടെ മാത്രമേ മനുഷ്യന് യഥാർത്ഥ മനഃസംതൃപ്തി ലഭിക്കുകയുള്ളൂ" (അർറഅ്ദ്- 28). മനഃസംതൃപ്തിയിലും വലിയ സൗഭാഗ്യം മനുഷ്യന് മറ്റൊന്നുമില്ല. ദൈവസ്മരണയിൽ അശ്രദ്ധനായ

മനുഷ്യനെ 'ജഡം' എന്നാണ് പ്രവാചകൻ (സ) വിശേഷിപ്പിച്ചത്. എല്ലായ്പ്പോഴും ദൈവവുമായി ഉറ്റബന്ധം സ്ഥാപിക്കുകയും ദൈവസ്മരണ നിലനിർത്തുകയും ചെയ്യുന്നവരെ ജീവനുള്ളവരായി പ്രവാചകൻ (സ) വിലയിരുത്തുന്നു.

ഖുർആനും പ്രവാചകനും നൽകുന്ന സിദ്ധാന്തങ്ങളനുസരിച്ച് ജീവിതം എന്നത് നാം ഭൂമിയിൽ കഴിച്ച്കൂട്ടുന്ന കാലം മാത്രമല്ല. അത് പരലോകത്തിന്റെ അനന്തതയോളം നീണ്ടുനിൽക്കുന്ന മഹാപ്രക്രിയയാണ്. മരണാനന്തര ജീവിതത്തിന് നമ്മുടെ ഇവിടത്തെ കർമ്മജീവിതവുമായി അഭേദ്യമായ ബന്ധമുണ്ട്. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള ചിന്താഗതികളാണ് നമ്മുടെ ഇവിടെയുള്ള ഓരോ കർമ്മത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്നത്. അല്ലാഹുവിന് മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ട ദിവസത്തെക്കുറിച്ച് നാം എന്നും ബോധവാന്മാരായിരിക്കണം. ഖുർആൻ പറയുന്നത് പ്രകൃതി നിയമങ്ങളാൽ അധിഷ്ഠിതമായ ഇന്നത്തെ ലോകവ്യവസ്ഥ ഒരിക്കൽ നശിക്കുന്നതും, മറ്റൊരു വ്യവസ്ഥ രൂപപ്പെടുന്നതുമാണ് എന്നാണ്. അതിൽ ആകാശഭൂമികളും, മറ്റെല്ലാ വസ്തുക്കളും ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായ മറ്റൊരു നിലയിലായിരിക്കും. അനന്തരം ലോകാരംഭം മുതൽ അന്ത്യനാൾ വരെയുണ്ടായ മുഴുവൻ മനുഷ്യരെയും അല്ലാഹു വീണ്ടും ജീവിപ്പിക്കുന്നതും ഒരേസമയത്ത് തന്റെ സന്നിധിയിൽ ഹാജരാക്കുന്നതുമാണ്. "ഈ ലോകജീവിതം വിനോദവും, കളിയും മാത്രമാണ്; പാരത്രിക ജീവിതം തന്നെയാണ് യഥാർത്ഥ ജീവിതം" (അൽ അൻകബൂത്ത്-65) "എന്റെ ജനമേ ഈ ഐഹികജീവിതം താൽക്കാലിക സുഖാനുഭൂതി മാത്രമാണ്." (അൽ മുഅ്മിൻ - 40) ഖുർആൻ സംശയലേശമെന്യേ ഒരു കാര്യം കൂടി വ്യക്തമാക്കുന്നുണ്ട്. സമ്പത്തോ, സൗന്ദര്യമോ, കുലമഹിമയോ, ജനസ്സമ്മതിയോ ഒന്നുമല്ല ദൈവദൃഷ്ടിയിൽ യോഗ്യതയുടെ മാനദണ്ഡം. ദൈവത്തോടുള്ള ഭയഭക്തി: അതു മാത്രമാണ് ഏറ്റവും വിലപ്പെട്ടത്.

മനുഷ്യന്ന് നാം ഈ കാണുന്ന ശരീരമല്ലാത്ത മറ്റെന്തെങ്കിലും അസ്തിത്വമുണ്ടോ? ഉണ്ട്. അവന് സ്വന്തം കർമ്മത്തിലൂടെ ലഭിക്കുന്ന ധാർമ്മികാസ്തിത്വം. മനുഷ്യനല്ലാതെ മറ്റൊരു ജീവിക്കും പ്രപഞ്ചത്തിൽ ധാർമ്മികാസ്തിത്വമില്ല. എന്തുകൊണ്ടാണത്? ജീവിതം ത്യാഗപൂർണ്ണമാണെങ്കിൽ അത് പുതിയ തലമുറക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഒരാളുടെ സദ്പ്രവൃത്തിയുടെ ഫലം അയാളുടെ മരണത്തോടുകൂടി അവസാനിക്കുന്നില്ല. നിരവധി മനുഷ്യതലമുറകളിലേക്ക് അത് കൈമാറ്റം ചെയ്യപ്പെടുന്നു. മനുഷ്യന്റെ ജീവിത പ്രർത്തനങ്ങളുടെ ഫലം അതിവിപുലവും ദൂരവ്യാപകവുമാണ്. നബിതിരുമേനി (സ) ഒരിക്കൽ പറഞ്ഞു. "മനുഷ്യന്റെ മരണത്തോടെ അവന്റെ എല്ലാ ചെയ്തികളും മുറിഞ്ഞുപോകുന്നു. മൂന്നെണ്ണമൊഴികെ, തുടർന്നനുഭവിക്കുന്ന ദാനം, ഉപകാരം ലഭിച്ചുകൊണ്ടിരിക്കുന്ന അറിവ്, തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്താനങ്ങൾ, എന്നിവയാണത്. മനുഷ്യൻ ചെയ്യുന്ന സൽക്കർമ്മവും ദുഷ്ക്കർമ്മവും അവനവന് വേണ്ടി തന്നെയാണെന്ന് ഖുർആൻ പറയുന്നു. "വല്ലവരും സന്മാർഗ്ഗം പ്രാപിച്ചാൽ അത് തനിക്ക് വേണ്ടി തന്നെയാണ് സന്മാർഗ്ഗം പ്രാപിക്കുന്നത്. വല്ലവനും ദുർമാർഗ്ഗം സ്വീകരിക്കുന്നുവെങ്കിൽ അവൻ ദുർമാർഗ്ഗത്തിലാക്കുന്നത് തനിക്കെതിരായിതന്നെ" (ബനീഇസ്റായീൽ 8, 16). നാമോരോരുത്തരും ഒന്നോർക്കുന്നത് നന്ന്. അവനവന്റെ കർമ്മത്തിന്റെ നന്മയും, തിന്മയും അനുഭവിക്കാതെ ഒരു വ്യക്തിയും ഈ ലോകം വിട്ടുപോകില്ല. ■

*8-ാം പേജിൽ നിന്ന്*

ചെയ്തു. അങ്ങനെ അനൗപചാരിക യുദ്ധങ്ങളുടെ ആരംഭം കുറിച്ചു. എന്നുവച്ചാൽ, ഇസ്രായീലിന്നെതിരായി അറബിരാജ്യങ്ങൾ തുറന്ന യുദ്ധം ആരംഭിച്ചില്ലെങ്കിലും അവർ ഫലസ്തീനിലെ അറബികളെ പരോക്ഷമായി സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ, ഇതിനു ശേഷം 1949 ൽ വെടിനിർത്തൽ ഉണ്ടായപ്പോൾ, അതായതു 'ട്രൂസ്' (Truce) നടപ്പിൽ വന്നപ്പോൾ 56 ശതമാനത്തിലും അധികം പ്രദേശങ്ങൾ, അതായത് 75 ശതമാനം പ്രദേശങ്ങൾ യഹൂദരുടെ അധീനത്തിലായിക്കഴിഞ്ഞിരുന്നു. ഇതാണ് ഐക്യരാഷ്ട്ര സഭയുടെ പ്രവർത്തനം; അമേരിക്കയുടെ പ്രവർത്തനം; ഇംഗ്ലണ്ടിന്റെ പ്രവർത്തനം. ഇതെല്ലാം വളരെ വിപുലമായി വിവരിക്കപ്പെടേണ്ടതാണ്. എല്ലാറ്റിന്റെയും രേഖകൾ എന്റെ വശം ഇരിപ്പുണ്ട്. എന്നാൽ, ഈ ഖുത്ബയിൽ അത്തരം ചർച്ച ഉൾപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

## അന്താരാഷ്ട്രഗൂഢാലോചന

ചുരുക്കത്തിൽ, ലീഗ് ഓഫ് നേഷൻസും യു.എൻ.ഒ. വും പൂർണ്ണമായും ഭാഗഭാക്കായ ഈ അന്താരാഷ്ട്ര ഗൂഢാലോചനയിൽ ഏറ്റവും പ്രധാനമായ പങ്കു വഹിച്ചതു ഇംഗ്ലണ്ടും അമേരിക്കയും തന്നെയാണ്. നീതി ശാസ്ത്രത്തിന്റെ യാതൊരു അളവുകോലുകൊണ്ടും ന്യായീകരിക്കാനാവാത്ത ഒരു സ്റ്റേറ്റാണ് ഫലസ്തീനിൽ അവർ ഒരുക്കിയെടുത്തത്. അന്താരാഷ്ട്ര നിയമങ്ങൾ വെച്ചു നോക്കിയാലും, അന്താരാഷ്ട്ര മര്യാദകളും യു.എൻ.ഓ. വിന്റെ പ്രമാണങ്ങളും വെച്ചു നോക്കിയാലും ഈ നടപടി എടുക്കാൻ പാടില്ലാത്തതായിരുന്നെങ്കിലും അതാണ് അവിടെ നടന്നതു്. അതിന്നുശേഷമാണ് യുദ്ധങ്ങളുടെ ആരംഭം ഉണ്ടായത്.

ഈ പ്രദേശത്തു രണ്ടു തരത്തിലുള്ള യുദ്ധങ്ങൾ നടന്നു. അഥവാ, രണ്ടു തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടായി. ഒന്നു പാശ്ചാത്യരുടെ താൽപ്പര്യങ്ങളുടെ സംരക്ഷണത്തെ ലക്ഷ്യമാക്കിക്കൊണ്ടു രാഷ്ട്രാന്തരീയ താൽപ്പര്യങ്ങളുടെ പേരിൽ നടത്തിയ പ്രവർത്തനങ്ങൾ. അന്താരാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് വേണ്ടിയാണ് തങ്ങൾ ഇതൊക്കെ ചെയ്യുന്നതെന്നു അവർ ഘോഷിച്ചുവെങ്കിലും ഇതെല്ലാം തുറന്ന പാശ്ചാത്യ താൽപ്പര്യ സംരക്ഷണമായിരുന്നു. ഇതിൽ ഏറ്റവും അധികം പ്രധാനപ്പെട്ട പങ്കു് ഇംഗ്ലണ്ടും ഫ്രാൻസുമാണ് വഹിച്ചത്. അമേരിക്ക എന്നും അവർക്ക് കൂട്ടുനിന്നു. ■

ലേഖനം

# ഒരു സത്യ നിഷേധിയെ ചരിത്രം ശിക്ഷിക്കുന്നു

മൗലവി മുഹമ്മദ് ഉമർ എച്ച്. ഏ.

## മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ദാരുണമായ പര്യവസാനത്തെപ്പറ്റി.

അല്ലാഹുവിനാൽ നിയുക്തരാകുന്ന പ്രവാചകന്മാരെ എതിർത്ത് തോൽപ്പിക്കാമെന്ന വ്യാമോഹവുമായി പാണ്ഡിത്യ ഗർവ്വുമായി ശത്രു നേതാക്കന്മാർ സത്യത്തിന്റെ പ്രതിനായകന്മാരായി രംഗപ്രവേശം ചെയ്യാറുണ്ട്. അത്തരം പ്രതിയോഗികൾ അപമാനത്തിന്റെയും നിന്ദ്യതയുടെയും പടുകുഴിയിലേക്ക് പതിക്കുമ്പോൾ ദിവ്യാത്മാക്കൾ ജനകോടികളുടെ ഹൃദയചക്രവാളങ്ങളിൽ അത്യുജ്ജല തേജസ്സോടെ ഉദിച്ചുയർന്നുകൊണ്ടിരിക്കും. സത്യത്തിന്റെ എതിരാളികൾ അവരുടെ പ്രവാചകവൈരത്തിന്റെ പരമ്പര കാക്കാൻ സന്തതികളില്ലാതെ അനപത്യരായി ചരിത്രത്തിൽ വിസ്മൃതരാകുന്നു. അവരുടെ രക്തത്തിൽ നിന്നും മാംസത്തിൽ നിന്നും ജന്മമെടുക്കുന്ന സന്തതി പരമ്പരകൾ തലമുറകൾക്ക് ശേഷം സത്യം തിരിച്ചറിഞ്ഞു പ്രവാചകന്മാർക്ക് ദിവ്യാഞ്ജലികളർപ്പിക്കുമ്പോൾ ഖബറിടം പൂകിയ ആ ശത്രുപ്പരിഷകളുടെ ജീവിതം കൂടുതൽ നിന്ദിതമായിത്തീരുന്നു. ഹസ്റത്ത് അഹ്മദി(അ)ന്റെ മുഖ്യപ്രതിയോഗികളിലൊരാളായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിക്ക് സംഭവിച്ച ദുരന്തമതാണ്. അബൂജഹലിനെപ്പോലെ നിന്ദിതനായ അദ്ദേഹത്തിന് ഇക്രിമയെപ്പോലെ ഒരു പൗത്രനുമുണ്ടായി.

പ്രവാചകന്മാരുടെ എതിരാളികളുടെ ദാരുണമായ പരിണിതിയെക്കുറിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾചെയ്യുന്നു. "പറയുക, നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കൂ! എന്നിട്ട് (പ്രവാചകന്മാരെ) നിഷേധിച്ചവരുടെയെല്ലാം അന്ത്യം എന്തായിരുന്നുവെന്നു നോക്കുക." (6:12)

ദൈവിക പ്രസ്ഥാനമായ അഹ്മദിയ്യാ ജമാഅത്തിന്നെതിരായി പ്രവർത്തിച്ചിരുന്നവർക്ക് ലഭിച്ചിരുന്ന ദൈവിക ശിക്ഷകളെക്കുറിച്ച് വിവരിക്കുന്നതിന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ 114 വർഷക്കാല ചരിത്രം സാക്ഷ്യം വഹിക്കുന്നു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി മുതൽ മുൻ പാക്ക് പ്രസിഡന്റ് സിയാഉൽ ഹഖ് വരെയും പണ്ഡിതന്മാരും ഭരണാധികാരികളും എണ്ണമറ്റ ശത്രു മുഖ്യന്മാരും അതിൽ ഉൾപ്പെടും.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലത്ത് അഹ്ലെ ഹദീസ് വിഭാഗത്തിന്റെ തലവനായിരുന്ന മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവി വളരെ സ്വാധീന ശക്തിയും പേരും പ്രസിദ്ധിയും ആർജ്ജിച്ച ഒരു മതപണ്ഡിതനായിരുന്നു. ഹസ്റത്ത് അഹ്മദി(അ)ന്റെ വാദംവരെ രണ്ടുപേരും പരസ്പരം സൗഹൃദ ബന്ധത്തിലായിരുന്നു. ഹസ്റത്ത് അഹ്മദ്(അ) അപ്പോൾ രചിച്ചിരുന്ന ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തെക്കുറിച്ച് തന്റെ ഇശാഅത്തുസ്സുന്ന എന്ന മാസികയിൽ അദ്ദേഹം ഇപ്രകാരം റിവ്യൂ എഴുതി:

"നമ്മുടെ അഭിപ്രായത്തിൽ ഈ ഗ്രന്ഥം ഇക്കാലത്ത് ഇന്നത്തെ പരിതഃസ്ഥിതിയുടെ വെളിച്ചത്തിൽ, ഇസ്ലാമിൽ ഇന്നേവരെ പ്രസിദ്ധം ചെയ്തിട്ടില്ലാത്ത വിധം നിസ്തുല്യമായ ഒരു ഗ്രന്ഥമാണ്.... ധനം കൊണ്ടും ദേഹം കൊണ്ടും പേനകൊണ്ടും നാവ് കൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്ലാമിന്നു വേണ്ടി ഈ ഗ്രന്ഥകർത്താവിനെപ്പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവ്വിക മുസ്ലിംകളിൽ പോലും വളരെ വിരളമായിട്ടേ കാണപ്പെടുകയുള്ളു.

"നമ്മുടെ ഈ വാക്കുകളെ ഒരു ഏഷ്യൻ അതിശയോക്തിയായി ആരെങ്കിലും കരുതുന്നുവെങ്കിൽ ഇസ്ലാമിന്റെ ശത്രുക്കളെ പ്രത്യേകിച്ചും ആര്യസമാജത്തെയും ബ്രഹ്മസമാജത്തെയും എതിരിട്ടിട്ടുള്ളു ഒരൊറ്റ ഗ്രന്ഥമെങ്കിലും അവർ കാണിച്ചുതരട്ടെ. ധനം കൊണ്ടും ദേഹംകൊണ്ടും തൂലിക കൊണ്ടും നാവുകൊണ്ടും സർവ്വോപരി ജീവിതരീതികൊണ്ടും ഇസ്ലാമിന്റെ ശത്രുക്കളെയും 'ഇൽഹാമി'ന്റെ നിഷേധികളെയും എതിർക്കുകയും സംശയാലുക്കളെ തന്റെ അടുത്ത്‌വന്ന് അനുഭവസാക്ഷ്യം സ്വീകരിച്ച് കൊള്ളുവാൻ ആണത്തത്തോടെ ആഹ്വാനം ചെയ്യുകയും ഇതര സമുദായക്കാർക്ക് ആ അനുഭൂതികളെ രുചിപ്പിക്കുകയും ചെയ്തിട്ടുള്ള മൂന്നാലാളുകളെ ചൂണ്ടി

ക്കാണിച്ചു തരികയും ചെയ്യട്ടെ"

(ഇശാഅത്തുസ്സുന്ന പുസ്തകം 6. ഭാ.169, 170)

എന്നാൽ ഹസ്റത്ത് അഹ്മദ്(അ) ന്റെ മഹ്ദി മസീഹ്വാദത്തിന്നു ശേഷം ഇദ്ദേഹം നഖശിഖാന്തം അദ്ദേഹത്തെ എതിർക്കാൻ തുടങ്ങി. ബറാഹീനെ അഹ്മദിയ്യാ യെക്കുറിച്ചുള്ള തന്റെ റിവ്യൂ ആണ് ഈ വാദത്തിന്നു പ്രേരക മായിട്ടുള്ളതെന്നു കരുതിയ അദ്ദേഹം 'താനാണ് അദ്ദേഹത്തെ ഉയർത്തിയത് താൻ തന്നെ അദ്ദേഹത്തെ നിന്ദ്യനാക്കി ത്തീർക്കുന്നതാണെ'ന്നു വീരവാദം മുഴ ക്കി. അങ്ങനെ അദ്ദേഹം ഹസ്റത്ത് അഹ്മദി(അ)ന്നെതിരിൽ കുഫ്ർഫത്വ ശേഖരിക്കുവാൻ നാടെങ്ങും ചുറ്റിസ്സ ഞ്ചരിച്ചു. ഇരുനൂറ് ആലിംകളെക്കൊണ്ട് അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ പുറപ്പെടുവിച്ച് പ്രസിദ്ധീകരിച്ചു.

തദവസരത്തിൽ ഹസ്റത്ത് ഇമാം മഹ്ദി(അ)ക്ക് താഴെ പറയുന്ന ദിവ്യ വെളിപാടുണ്ടായി:

"ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക" (നിന്നെ അപമാനി ക്കാൻ ഉദ്ദേശിക്കുന്നവനെ ഞാൻ അപ മാനിതനാക്കുന്നതാണ്). ഇതോടെ അദ്ദേഹത്തിന്റെ കഷ്ടകാലം ആരംഭി ച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന ഭാഗം പ്രസ്തുത ദൈവിക വിധിയെ സാക്ഷാൽക്കരിക്കുന്നവിധ ത്തിൽ ദുരന്തങ്ങളും അശനിപാതങ്ങളും നിറഞ്ഞതായിരുന്നു.

മൗലവി ബട്ടാലവി സാഹിബിന്റെ പ്രസ്തുത കുഫ്ർ ഫത്വക്കുശേഷം അദ്ദേഹത്തിന്നു ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന സ്വാധീന ശക്തി ക്ഷയി ക്കാൻ തുടങ്ങി. അഹ്ലെ ഹദീസിന്റെ ' ലീഡറും' ' പ്ലീഡറും' ആയി അതിന്റെ കുഞ്ചികാസ്ഥാനത്ത് വിലസിയിരുന്ന അദ്ദേഹം ആ പദവിയിൽ നിന്നു നീക്കം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും അദ്ദേഹത്തെ വിട്ടുപിരിഞ്ഞു.

ഹസ്റത്ത് ഇമാം മഹ്ദിയുടെ സ്വഹാബിയായിരുന്ന ഹസ്റത്ത് മീർ ഖാസിം അലി സാഹിബ് എഴുതിയ 'അഞ്ചാമെബത്വാൽവി' എന്ന ഗ്രന്ഥ ത്തിൽ മൗലവി സാഹിബിനെ താൻ അവസാനമായിക്കണ്ടതിന്റെ സൂക്ഷ്മ മായ വിവരണം എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു

"ഒരു ദിവസം ഞാൻ ലാഹോറിൽ മൗലവി ബട്ടാലവി സാഹിബിനെ കാണുവാൻ ചെന്നു. ലാഹോറിലെ ഇരു ളടഞ്ഞതും വളരെ ഇടുങ്ങിയതും വൃത്തിഹീനവുമായ ഊടുവഴിക ളിൽക്കൂടി അദ്ദേഹം തങ്ങിയിരുന്നു വീടുതേടിപ്പിടിക്കാൻ വളരെ ചുറ്റിത്തി രിയേണ്ടിവന്നു. വളരെ പ്രയാസപ്പെട്ട് അദ്ദേഹം താമസിക്കുന്ന മുറി കണ്ടു പിടിച്ചു. വീട്ടിന്നകത്ത് ചെന്നു നോക്കി യപ്പോൾ അന്ധകാരം നിറഞ്ഞ ആ മുറി യിൽ കയർകൊണ്ടു പിന്നിയ അഴുക്കു നിറഞ്ഞ കട്ടിലിന്നു താഴെ മുഷിഞ്ഞു കീറിപ്പറിഞ്ഞ ഒരു പായയിൽ മൗലാന ഇരിക്കുന്നതായി കണ്ടു. ആ മുറിയിൽ ഒരു കട്ടിലിന്നുള്ള സ്ഥലം മാത്രമെ ഉണ്ടായിരുന്നുള്ളു. അതേ മുറിയിൽ ഒരു മൂലയിൽ വെച്ചിരുന്ന ഒരു മണ്ണടു പ്പിൽ പത്തുവയസ്സു പ്രായം തോന്നി ക്കുന്ന ഒരു പെൺകുട്ടി ചട്ടിവെച്ച് തീ ഊതിക്കൊണ്ടിരിക്കുകയായിരുന്നു. അതിനാൽ മുറിമുഴുവനും പുക നിറ ഞ്ഞിരുന്നു.

''മൗലവി സാഹിബിന്റെ ഈ ശോചനീയാവസ്ഥ കണ്ട് അദ്ദേഹ ത്തോടെനിക്കു വളരെയധികം അനുക മ്പതോന്നി. അല്ലാഹുവേ! ഈ മനു ഷ്യൻ ഏതുരീതിയിൽ അന്തസ്സോടും ആദരവോടും ജീവിച്ചിരുന്നുവെന്നാൽ, അങ്ങാടിയിൽ കൂടി നടന്നു പോവുക യാണെങ്കിൽ ഇദ്ദേഹത്തെ ദൂരെ നിന്നു കണ്ടമാത്രയിൽ തന്നെ ജനങ്ങൾ ബഹു മാനപുരസ്സരം എഴുന്നേറ്റു നിൽക്കാറു ണ്ടായിരുന്നു. എന്നിട്ടു കുനിഞ്ഞു കുനി ഞ്ഞു സലാം ചൊല്ലാറുണ്ടായിരുന്നു. അങ്ങനെയുള്ള ആൾക്കാണോ ഈ നിലവന്നിരിക്കുന്നത്! അല്ലാഹുവേ! ഈ മനുഷ്യനാണു വളരെ അഹങ്കാര ത്തോടു കൂടി താനാണ് മിർസായെ ഉയർത്തിയത് താൻ തന്നെ അപമാന പ്പെടുത്തുന്നതാണ് എന്നു വീരവാദം മുഴക്കിയിരുന്നതും. എന്നാൽ ആ മനു ഷനാണ് ഇപ്പോൾ അനുകമ്പാർഹമായ ദുരവസ്ഥയിൽ കീറിപ്പറിഞ്ഞ പായയിൽ ഇരുന്നുകൊണ്ട് പുക കാരണം കണ്ണു തുടച്ചുകൊണ്ടിരിക്കുന്നത്.

"ഇതിന്നിടയിൽ അടുപ്പത്തു വെച്ച ചട്ടിയിൽ എന്തോ പാകം ചെയ്തു കൊണ്ടിരുന്ന ആ പെൺകുട്ടി തളർന്ന ശബ്ദത്തോടെ തന്റെ പിതാവിനോടു 'അബ്ബാ! നേരം ഇരുട്ടാൻ തുടങ്ങിയിരി ക്കുന്നു. ദയവുചെയ്തു പീടികയിൽ നിന്നു ആട്ട മാവും പരിപ്പു താളിക്കു വാൻ എണ്ണയും വാങ്ങി വരൂ' എന്നു പറഞ്ഞു. അപ്പോൾ മൗലാന, 'നീ വിളക്കു കത്തിക്കുക, ഞാൻ ഉടനെ ആട്ടമാവും എണ്ണയും വാങ്ങി വരട്ടെ. എന്നിട്ടു ഞാൻ തന്നെ മാവു കുഴച്ച് ചപ്പാത്തി ഉണ്ടാക്കിത്തരാം' എന്നു പറഞ്ഞു! അല്ലാഹുവേ! എത്രമാത്രം പരിതാപാർഹമായ കാഴ്ചയാണു ഞാൻ കാണുന്നത്! ഏതൊരു മൗലാനാ മുഹമ്മദു ഹുസൈൻസാഹി ബിന്നു ഹസ്തദാനം നൽകുന്നത് വലിയൊരു 'പോരിശ' യായും അനുഗ്ര ഹമായും കരുതപ്പെട്ടിരുന്നുവോ ആ മൗലാന, തനിക്കു ഭക്ഷണം പാചകം ചെയ്തുതരുവാൻ ഒരു വേലക്കാര നെയോ വേലക്കാരിയെയോ ശമ്പള ത്തിന്നു വെക്കാനാകാതെ തന്റെ പത്തു വയസ്സുള്ള മകളെക്കൊണ്ട് എല്ലാവീട്ടു വേലകളും ചെയ്യിക്കുകയാണ്. ചപ്പാ ത്തിയുണ്ടാക്കുവാൻ തന്റെ ജുബ്ബ അഴി ച്ചു വെക്കുകയാണ്. ഇത് അല്ലാഹു വിന്റെ ഖുദ്റത്ത് എന്നല്ലാതെ വേറെ ന്താണു പറയേണ്ടത്! ഞാൻ മൗലവി സാഹിബോടൊപ്പം പീടികവരെ ചെന്നു. മൗലാനാ സാഹിബ് കടക്കാ രനോട് 6 പൈസക്കു ആട്ടമാവും 3 പൈസക്ക് നെയ്യും വാങ്ങിവരുമ്പോൾ ഒരു ചെറിയ ചുവന്നുള്ളി തരൂ. എന്നു ചോദിച്ച് വാങ്ങുകയുണ്ടായി." (അ ഞ്ചാമെ ബത്വാലവി) ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ കഥ. നിന്നെഅപമാനപ്പെടുത്താൻ ഉദ്ദേശിക്കു ന്നവനെ ഞാൻ അപമാനപ്പെ ടുത്തുന്നതാണെന്ന ദൈവവിധി ഇവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു. ഈ പ്രവചനം അദ്ദേഹത്തിന്റെ ജീവി തത്തിൽ പലപ്പോഴായി പൂർത്തിയായി ക്കൊണ്ടിരുന്നു.

ഒരിക്കൽ ഒരു ക്രിസ്തീയ പാതിരി

മാർട്ടിൻ ക്ലാർക്ക് ഹസ്റത്ത് അഹ്മദി(അ)ന്നെതിരിൽ ഒരു കള്ളക്കേസ്സു കൊടുക്കുകയുണ്ടായി. അതിൽ കള്ള സാക്ഷി പറയുവാൻ ഈ മൗലാന കോടതികയറി.

ഹസ്റത്ത് അഹ്മദി(അ)ന്റെ ഉയർന്ന വ്യക്തിത്വത്തെയും അദ്ദേഹത്തിന്റെ പുണ്യവാളത്തത്തെയും മാനിച്ചുകൊണ്ട് അദ്ദേഹത്തിനു കോടതിയിൽ ഇരിക്കുവാൻ മജിസ്ട്രേറ്റ് കസേര നൽകി. ഇത് കണ്ട് അസൂയപൂണ്ട മൗലവിസാഹിബ് ഒരു മതവിഭാഗത്തിന്റെ നേതാവെന്ന നിലയിൽ തനിക്കും ഒരു കസേര വേണമെന്നാവശ്യപ്പെട്ടു. എന്നാൽ ക്യാപ്റ്റൻ ഡഗ്ലഡ് എന്ന ക്രിസ്തീയ ന്യായാധിപതി മൗലവി സാഹിബിന്ന് കസേര നിഷേധിച്ചു. എന്നിട്ടും അദ്ദേഹം, തനിക്കും തന്റെ പിതാവിനും കോടതികളിലും പൊതുവേദികളിലും പ്രത്യേകം ഇരിപ്പിടം നൽകപ്പെടാറുണ്ടെന്നു പറഞ്ഞുകൊണ്ടു തന്റെ ആവശ്യം വീണ്ടും ഉന്നയിച്ചപ്പോൾ കുപിതനായ ന്യായാധിപൻ 'ബക്ബക്മത്കർ, പീഛേഹഠ്.' (നീ അനാവശ്യമായി പിറുപിറുക്കാതെ പിന്നോട്ടു മാറിനിൽക്കൂ) എന്നാജ്ഞാപിച്ചു.

അപമാനിതനായ മൗലവിസാഹിബ് കോടതിമുറിയിൽ നിന്നു പുറത്തുവന്നു വരാന്തയിലെ ഒരു കസേരയിൽ ഇരുന്നു. എന്നാൽ കോടതി സേവകനായിരുന്ന ശിപായി അവിടെ ഇരിക്കാൻ പാടില്ലെന്നു പറഞ്ഞു എഴുന്നേൽപ്പിച്ചു. അവിടെ നിന്ന് ഇളിഭ്യനായി കോർട്ട് ഫീ സ്റ്റാമ്പ് വിൽക്കുന്ന വേണ്ടറുടെ പായയിൽ പോയി ഇരുന്നു. ഇതു കണ്ട സ്റ്റാമ്പ് വിൽപനക്കാരനായ മുസ്ലിം, ഒരുപാതിരിക്കുവേണ്ടി ഒരു മുസ്ലിമിന്നെതിരായി സാക്ഷി പറയുവാൻവന്ന നീ ഇരുന്നാൽ ഈ പായപോലും അശുദ്ധമായിത്തീരും, എഴുന്നേറ്റു വേറെ എവിടെയെങ്കിലും പോയിതുലയൂ. എന്നു വളരെ കോപത്തോടെ പറഞ്ഞുകൊണ്ട് അവിടെനിന്നും എഴുന്നേൽപിച്ചു.

ഇങ്ങനെ അപമാനത്തിന്നുമേൽ അപമാനിതനായ മൗലവിസാഹിബ് എന്നിട്ടും വിടാതെ കോടതിയിൽപോയി കള്ളസാക്ഷ്യം പറഞ്ഞു. എന്നാൽ ആ കേസ്സുതള്ളപ്പെടുകമാത്രമല്ല, കള്ളക്കേസ്സ് കൊടുത്ത പാതിരിക്കെതിരായി മാനനഷ്ടത്തിന്ന് കേസ്സു കൊടുക്കാനുള്ള അനുവാദം കോടതി ഹസ്റത്ത് അഹ്മദിന്നു നൽകുകയുണ്ടായി. എന്നാൽ തന്റെ എല്ലാ കേസ്സുകളും അല്ലാഹുവിന്റെ മുമ്പിൽ മാത്രമേ സമർപ്പിക്കുകയുള്ളൂവെന്നും ഇവിടെ കൊടുക്കേണ്ടുന്ന ആവശ്യമില്ലെന്നുമാണ് ആ മഹാത്മാവ് പറഞ്ഞത്.

ഇനി അല്ലാഹുവിന്റെ തഖ്ദീർ മൗലവി സാഹിബിന്റെ തലക്ക് മീതെ പ്രത്യക്ഷപ്പെട്ടതെങ്ങനെയെന്നും അത് അദ്ദേഹം തന്നെ എങ്ങനെ സമ്മതിച്ചുവെന്നും നമുക്ക് നോക്കാം. അദ്ദേഹം എഴുതുന്നു:

''എന്റെ മക്കളിൽ തിന്മകളുടെ എല്ലാ അതിർവരമ്പുകളും കടന്നുകൊണ്ട് കുഫ്ർ കടന്നുകൂടിയിരിക്കുകയാണ്. ഞാൻ എന്റെ സ്വത്തുക്കൾ ഇവർക്കെഴുതിക്കൊടുക്കുകയാണെങ്കിൽ വളരെ ചുരുങ്ങിയ കാലത്തിനകം ഇവർ കുടിച്ചും കൂത്താടിയും മുടിച്ചുകളയും എന്നതിൽ സന്ദേഹമേയില്ല.

"എന്റെ മക്കളും കുടുംബക്കാരും ശരീഅത്ത് ഉപേക്ഷിച്ച് കൊണ്ട് യാതൊരുവിധ ദീനുമില്ലാതെ കുത്തഴിഞ്ഞ ജീവിതം നയിക്കുകയാണ്. എന്റെ മക്കൾ എന്റെ മുഖത്ത്നോക്കി നീ ഞങ്ങളുടെ പിതാവല്ല എന്നും, മറ്റുള്ളവരോടു ഞാൻ അവരുടെ പിതാവല്ല എന്നും വിളിച്ചോതുകയാണ്."

(ഇശാഅത്തുസ്സുന്ന: വാല്യം.22.ഭാഗം-204)

ഒരുപിതാവിനു സ്വന്തം മക്കളിൽ നിന്ന് ഇതിനേക്കാൾ വലുതായ മറ്റെന്ത് അപമാനമാണ് സഹിക്കാനുള്ളത്?! ഇനി, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ മക്കളുടെ സ്ഥിതിയെന്തായെന്നു നോക്കാം.

മൗലവി സാഹിബിന്ന് നാലുഭാര്യമാരും അവരിൽ ആറുപുത്രന്മാരും അഞ്ചുപുത്രിമാരുമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ മകൾ അമത്തുർറഊഫിന്റെ മകൻ ശൈഖ് മുഹമ്മദ് സഈദ് എന്നയാൾക്ക് പാക്കിസ്ഥാനിൽ 1974ൽ നടന്ന അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണത്തിന്നിടയിൽ ബൈഅത്തു ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഏതാനും വർഷങ്ങൾക്കുമുമ്പ് ലണ്ടനിൽ നടന്ന നമ്മുടെ വാർഷിക സമ്മേളനത്തിൽ സംബന്ധിക്കുവാനും പ്രസംഗിക്കുവാനുമുള്ള സന്ദർഭം അദ്ദേഹത്തിനു ലഭിച്ചിരുന്നു. അദ്ദേഹം അവിടെ ചെയ്ത പ്രസംഗത്തിൽ നിന്നു ചിലഭാഗങ്ങൾ ചുവടെ ചേർക്കുന്നു. മൗലവിസാഹിബിന്റെ കുടുംബത്തിനു നേരിട്ട ശോചനീയാവസ്ഥയെ " ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക" എന്ന ശീർഷകത്തിൽ അഹ്മദിയ്യാ ഗസറ്റ് 1998ൽ ജൂൺ-ജൂലായ് പതിപ്പിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

"എന്റെ പിതാമഹനെപ്പറ്റി ചില യാഥാർത്ഥ്യങ്ങൾ ഇവിടെ വിവരിക്കുന്നതിൽ ഒരു ഭാഗത്ത് എനിക്ക് വേദനയും മറുഭാഗത്ത് സന്തോഷവും ഉണ്ട്. അദ്ദേഹം സത്യത്തെ നിഷേധിക്കുകയും എതിർക്കുകയും ചെയ്തകാര്യത്തിൽ എനിക്കു വളരെയധികം വേദനയുണ്ട്. അദ്ദേഹത്തിന് അതുമൂലം നേരിട്ട പതനവും അപമാനവും ഇവിടെ വിവരിക്കുന്നതു മൂലം ചിന്തിക്കുന്നവർക്കു അതിൽ പല പാഠങ്ങളും അടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ അബ്ദുന്നൂർ, അബ്ദുശ്ശക്കൂർ എന്നീ പുത്രന്മാർ ബോംബെയിലേക്ക് ഓടിപ്പോകുകയും അവിടെ വെച്ച് അവർ ക്രിസ്ത്യാനികളായിമാറുകയും ചെയ്തു. അതിനുശേഷം അബ്ദുശ്ശക്കൂറിനെക്കുറിച്ചൊരുവിവരവും ഇല്ലെങ്കിലും അബ്ദുന്നൂർ ബാഗ്ളൂരിൽ ഒരു ക്രിസ്തീയ സ്ത്രീയെ വിവാഹം കഴിച്ചതായറിയാൻ സാധിച്ചു. അദ്ദേഹത്തിന്റെ മക്കളിൽ മൂന്നാമനായ അക്തർ ഹുസൈൻ ലഹരിക്കടിമയായി മരണപ്പെടുകയുണ്ടായി. മറ്റൊരു മകൻ അബൂഇസ്ഹാഖ് ഭ്രാന്തനായി കുറേക്കാലം ഭ്രാന്താശുപത്രിയിൽ കഴിഞ്ഞുകൂടിയിരുന്നു. 1947ൽ ഇന്ത്യാപാക് വിഭജനാവസരത്തിൽ എന്റെ മാതാവ് എന്റെ പിതാമഹന്റെ സ്വത്തുക്കളുടെ നഷ്ടപരിഹാരത്തിന്നായി അപേക്ഷ നൽകിയപ്പോൾ, അപ്പോഴുള്ള ഉദ്യോഗ

സ്ഥന്മാർ, അദ്ദേഹത്തിന്റെ അനന്തരാവകാശികളായ പുരുഷന്മാരിൽ ആരെയെങ്കിലും വിളിച്ചുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ഞാനും എന്റെ ജ്യേഷ്ഠനും ആശുപത്രി അധികാരികളെക്കണ്ടു സംഭവം വിവരിച്ചപ്പോൾ അയാൾ ആപൽക്കാരിയായ ഭ്രാന്തനാണെന്നും അയാളെ നിങ്ങളോടൊപ്പം അയക്കുവാൻ സാധ്യമല്ലെന്നും പറഞ്ഞു നിഷേധിക്കുകയുണ്ടായി

"മൗലവി മുഹമ്മദു ഹുസൈൻ സാഹിബ് തന്റെ മക്കളുടെ ഒരു വിധത്തിലുള്ള ആനുകൂല്യവും ആദരവും ഇല്ലാതെ പരിതാപകരമായിട്ടാണു മരണമടഞ്ഞത്. അദ്ദേഹത്തിന്റെ ഇളയമകൻ അഹ്മദ് ഹുസൈനെ എനിക്കു നന്നായിട്ടറിയാം. ഒരു പെരുന്നാളിന്നു ഞാനദ്ദേഹത്തെ നമസ്കരിക്കാനായി പള്ളിയിലേക്ക് ക്ഷണിച്ചപ്പോൾ താൻ നമസ്കാരത്തെ വെറുക്കുന്നുവെന്നും തനിക്ക് ദൈവത്തിലോ നമസ്കാരത്തെക്കുറിച്ചോ അൽപം കൂടി വിശ്വാസമില്ലെന്നുമാണ് പറഞ്ഞത്.

"മൗലവി സാഹിബിന്റെ പുത്രിമാരുടെവരെ മക്കളെക്കുറിച്ചും അവരെവിടെയാണ് എന്താണ് ചെയ്യുന്നത് എന്ന ഒരു വിവരവും ആർക്കും ഇല്ല തന്നെ. അദ്ദേഹത്തിന്റെ പുത്രന്മാരും പൗത്രന്മാരും അവരുടെ മക്കളും എല്ലാവരും മതവുമായി യാതൊരു ബന്ധവും ഇല്ലാത്തവരും ദുർവൃത്തികൾക്കടിമകളുമായി പല സ്ഥലങ്ങളിലും ഛിന്നഭിന്നമായിത്തീരുകയാണുണ്ടായത്.

"ഇവിടെ ഞാനെങ്ങനെ അഹ്മദി ആയി എന്ന കാര്യവും വിവരിക്കാനാഗ്രഹിക്കുന്നു. 1967ൽ ഞാൻ ഒരഹ്മദിയെ സന്ധിച്ച് അദ്ദേഹവുമായി ഈ വിഷയത്തിൽ ചർച്ചകൾ നടത്തിക്കൊണ്ടിരുന്നു. അദ്ദേഹം എനിക്ക് തന്ന അഹ്മദിയ്യാ സാഹിത്യങ്ങൾ ഞാൻ പാരായണം ചെയ്തു. അതിൽ പറഞ്ഞ കാര്യങ്ങൾ എന്റെ ഹൃദയത്തിൽ പതിയുകയുണ്ടായെങ്കിലും അതു വെളിപ്പെടുത്താനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. അപ്പോൾ എന്റെ ഹൃദയത്തിൽ ബാലിശമായ ഒരു വിചാരമുണ്ടായി. എനിക്കു മൂന്നു പെൺകുട്ടികളായിരുന്നു. അപ്പോൾ ഗർഭിണിയായ എന്റെ ഭാര്യ പ്രസവിക്കുന്നകുട്ടി ആണോ പെണ്ണോ ആരായിരിക്കുമെന്നു അല്ലാഹുവിനോടു ചോദിച്ചു അതുപ്രകാരം പ്രസവിക്കുകയാണെങ്കിൽ ഞാൻ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതാണെന്നായിരുന്നു എന്റെ തീരുമാനം. ഒരു ഭ്രാന്തൻ ചിന്തയാണിതെന്നും സത്യം സ്വീകരിക്കുന്ന കാര്യത്തിൽ ഒരു നിബന്ധനയും പാടില്ലെന്നും എനിക്കറിയാമായിരുന്നിട്ടും ഒരു ആന്തരിക പ്രചോദനമനുസരിച്ച് ഞാനതിന്നായി പ്രാർത്ഥിക്കുകയുണ്ടായി. പിറ്റേന്ന് രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു. അതായത്, ഞാൻ ഒരു പാലത്തിൽ കൂടി നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ മറുഭാഗത്തുനിന്ന് ഹസ്റത്ത് അഹ്മദ്(അ) ഒരു കൈയിൽ ചങ്ങലയും മറ്റെ കൈയിൽ ഒരാൺകുട്ടിയെയും കൊണ്ടു നടന്നു വരുന്നു. അദ്ദേഹം പാലം കടന്ന് ആ ചങ്ങലയും കുട്ടിയെയും എന്നെ ഏൽപിക്കുകയുണ്ടായി. ഇതാണാസ്വപ്നം. ഒരാഴ്ചക്കുശേഷം എന്റെ ഭാര്യാപിതാവ് സിയാൽ കോട്ടിൽ നിന്ന് അയച്ച സന്ദേശത്തിൽ എനിക്ക് ഒരാൺകുഞ്ഞുണ്ടായി എന്നറിയിക്കുകയുണ്ടായി. ഇത് ഒരു സാധാരണ വാർത്തയായിരുന്നെങ്കിലും എന്നെ സംബന്ധിച്ച് ഒരു സുപ്രധാന സംഭവമായിരുന്നു.

ഇതിന്നുശേഷം ഞാൻ പലപ്രാവശ്യം റബ്‌വയിൽ പോകുകയും എനിക്ക് നേരായ മാർഗം കാണിച്ചു തരുവാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്തു. പ്രസ്തുത സ്വപ്നത്തിനുശേഷം മറ്റൊരു സ്വപ്നം കൂടി ഞാൻ കണ്ടു. അതായത്, ഹസ്റത്ത് റസൂൽകരീം (സ) മദീനയിലുള്ള മസ്ജിദുന്നബവിയിൽ ഉപവിഷ്ടനായിരിക്കുകയാണ്. തിരുമേനി(സ)യോടൊപ്പം ഹസ്റത്ത് അഹ്മദും(അ) ഇരിക്കുന്നുണ്ടായിരുന്നു. ആ സദസ്സിൽ ഖുലഫാഉർറാശിദീങ്ങളും ഹസ്റത്ത് മുസ്‌ലിഹ് മൗഊദും(റ) ഇരിക്കുകയാണ്. ഇവരെല്ലാവരും തന്നെ പച്ചനിറത്തിലുള്ള തലപ്പാവ് അണിഞ്ഞിരുന്നു. ഈ വ്യക്തമായ സ്വപ്നം എന്റെ ഹിദായത്തിനുള്ള കാരണമായിത്തീർന്നു. അങ്ങനെ എനിക്ക് ബൈഅത്ത് ചെയ്തു ജമാഅത്തിൽ ചേരുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഞാൻ ബൈഅത്തു ചെയ്തകാര്യം എന്റെ ഭാര്യയോടും മക്കളോടും ഞാൻ പറഞ്ഞിരുന്നില്ല. എന്നാലും എന്റെ ഭാര്യക്കു സത്യം മനസ്സിലാക്കി സ്വീകരിക്കുവാനുള്ള സൗഭാഗ്യം ലഭിക്കുവാൻ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1974ൽ പാക്കിസ്ഥാനിൽ നടന്ന വാർഷികസമ്മേളനത്തിൽ ഞാൻ ഭാര്യയെയും കൂട്ടി പങ്കെടുത്തു. 1975ലും ഞങ്ങൾ ജൽസാസാലാനയിൽ പങ്കെടുക്കാൻ റബ്‌വയിൽ ചെന്നു. അപ്പോൾ എന്റെ ഭാര്യ, താൻ അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നതായും ഇമാം മഹ്ദിയെ സ്വീകരിക്കുന്നത്കൊണ്ട് താൻ കാഫിറായപ്പോകുന്നെങ്കിൽ താൻ കാഫിറാവുന്നതാണ് നല്ലത് എന്നു പറയുകയുമുണ്ടായി. അവരുടെയും മക്കളുടെയും ബൈഅത്തുകൾക്കുശേഷം എന്റെ രണ്ടു പെൺകുട്ടികളെയും അഹ്മദിയ്യാ കുടുംബത്തിൽ വിവാഹം ചെയ്തുകൊടുത്തു. മൂന്നാമത്തെ മകൾ കോളേജിൽ പഠിക്കുകയാണ്. എന്റെ ജീവിതം വളരെ ശാന്തിയിലും സമാധാനത്തിലും നയിച്ചുവരുന്നു. ഇത് എനിക്ക് അല്ലാഹുവിൽ നിന്നു ലഭിച്ച മഹത്തായ അനുഗ്രഹമാണ്"

ഇവിടെ നാം ചിന്തിക്കേണ്ടിയിരിക്കുന്ന കാര്യം ഹസ്റത്ത് അഹ്മദി(അ)നെ വ്യാജവാദിയെന്നാരോപിച്ച് എതിർത്തിരുന്ന ആൾ മാത്രമല്ല അദ്ദേഹത്തിന്റെ കുടുംബവും സന്തതികളും പലവിധത്തിലുള്ള അപമാനങ്ങൾക്കിരയായി ഛിന്നഭിന്നമായിപ്പോകുന്നു എന്നതാണ്. എന്നാൽ വ്യാജവാദിയെന്നാരോപിക്കപ്പെട്ടആൾ ലോകത്തിന്റെ നാനാകോണുകളിലും ആദരിക്കപ്പെടുകയും അദ്ദേഹത്തിന്റെ പ്രസ്ഥാനം ആഗോള ആത്മീയ പ്രസ്ഥാനമായി മാറി 178 നാടുകളിൽ വ്യാപിച്ചിരിക്കുകയുമാണ്. ഇന്നു അഹ്മദികൾ ആത്മീയമായി മാത്രമല്ല ഭൗതികമായും നാനാതുറകളിലും അഭിവൃദ്ധിയുടെ സോപാനത്തിൽ കുതിച്ചുയരുകയാണ്.

ഫഅ്തബിറൂയാ ഉലിൽ അബ്സാർ. അകക്കണ്ണുള്ളവരേ ! നിങ്ങൾ പാഠം പഠിച്ചുകൊള്ളുക. ■

# ദൈവിക ശിക്ഷകൾ

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**മണ്ണ്, വെള്ളം, വായു, എന്നീ ധാതുക്കളിലൂടെയാണ് ദൈവിക ശിക്ഷകൾ പ്രാവർത്തികമാകുന്നത്. ജനസമൂഹങ്ങളെ അഗ്നി കൊണ്ട് ശിക്ഷിക്കൽ ഭാവിയിൽ നടക്കാനിരിക്കുന്നു.**

വിശുദ്ധഖുർആന്റെ ആദ്ധ്യാപന പ്രകാരം പ്രകൃതി നിയമങ്ങൾക്കകത്ത് നിന്നുകൊണ്ട് ദൈവേച്ഛയാൽ മനുഷ്യന് രക്ഷാശിക്ഷകൾ നൽകപ്പെടുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ദൈവശിക്ഷകൾ എന്ന നിലക്ക് താഴെ പറയുന്ന രീതിയിലുള്ള ശിക്ഷകൾ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

## 1. മഴ

നിരന്തരമായ പേമാരിയാൽ ജലനിരപ്പ് ഉയരുകയും ജീവജാലങ്ങൾ അതിൽ മുങ്ങിപ്പോവുകയും ചെയ്യുന്നു.

“ഇവർക്ക് മുമ്പ് നൂഹിന്റെ ജനത സത്യത്തെ നിഷേധിക്കുകയുണ്ടായി. അങ്ങനെ അവർ നമ്മുടെ ദാസനെ നിരാകരിച്ചു. ‘ഇവൻ ഭ്രാന്തനാണ്. ഇവൻ വിരട്ടപ്പെട്ടിരിക്കുന്നു’ എന്നവർ പറഞ്ഞു.

‘‘അതിനാൽ അദ്ദേഹം തന്റെ നാഥനെ വിളിച്ച് പ്രാർത്ഥിച്ചു: ‘ഞാൻ പരാജിതനാണ്. എന്നെ നീ സഹായിക്കേണമേ’. അപ്പോൾ കുത്തിയൊലിക്കുന്ന വെള്ളത്തോടുകൂടി ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നുവിട്ടു. നാം ഭൂമിയിൽ നിന്ന് ഉറവുകളൊഴുക്കുകയും ചെയ്തു. അപ്പോൾ (ആകാശത്ത്നിന്നും ഭൂമിയിൽ നിന്നുമുള്ള) വെള്ളം നിർണിതമായ കാര്യത്തിന് കൂടി ചേർന്നു” (54:10-13)

## 2. പ്രചണ്ഡമായ കാറ്റ്

വീശിയടിക്കുന്ന ഭയാനകമായ കൊടുങ്കാറ്റിനാൽ ആ ജനവാസകേന്ദ്രങ്ങൾ പ്രേതനഗരം പോലെയായി മാറി. ശവശരീരങ്ങൾ പിഴുതിട്ട മരത്തടികൾ പോലെ ആ ഭൂമിയിൽ വീണുകിടന്നു.

“ആദ് സമുദായം (സത്യത്തെ) നിഷേധിച്ചു അപ്പോൾ എന്റെ ശിക്ഷയും മുന്നറിയിപ്പും എങ്ങനെ ആയിരുന്നു.

‘‘നിലനിൽക്കുന്ന ദുശ്ശകുനം ബാധിച്ച ഒരു നാളിൽ അവരുടെ മേൽ നാമൊരു കൊടുങ്കാറ്റ് അയച്ചു. കടപുഴകിയ ഈന്തപ്പന താഴ്ത്തടികളെയെന്നപോലെ ജനങ്ങളെ അതെടുത്തു നീക്കിക്കൊണ്ടിരുന്നു.” (54:19-21)

## 3. പ്രകമ്പനങ്ങൾ

അതിഭയങ്കരമായ പൊട്ടിത്തെറികൾ മൂലം ആകാശത്ത് നിന്നുണ്ടാകുന്ന ശിലാവർഷങ്ങൾ. ഉദാഹരണത്തിന്, പെട്ടെന്നുള്ള അഗ്നിപർവതസ്ഫോടനത്താൽ നശിപ്പിക്കപ്പെട്ട ജനപഥങ്ങളുടെ ചരിത്രം താക്കീതെന്നോണം ഖുർആൻ അവതരിപ്പിക്കുന്നു.

“അങ്ങനെ സൂര്യോദയ സമയത്ത് ആ മുന്നറിയിപ്പു നൽകപ്പെട്ട ശിക്ഷ അവരെ പിടികൂടി. എന്നിട്ട് ആ പട്ടണത്തിന്റെ മേൽഭാഗത്തെ നാം കീഴ്ഭാഗമാക്കി മറിച്ചു. ചുട്ടുപഴുത്ത കളിമൺകല്ലുകളെ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു.” (15:74-75)

## 4. പൊടിക്കാറ്റ്

മണ്ണും പൊടിയും വഹിച്ചുകൊണ്ട് വീശിയടിക്കുന്ന കാറ്റ് ജനവാസകേന്ദ്രങ്ങളെ ഒരു സ്മരണ മാത്രമാക്കി അവശേഷിപ്പിച്ചു.

“അതിന്റെ നാഥന്റെ കൽപ്പനയനുസരിച്ച് സർവ്വ വസ്തുക്കളെയും അത് (ആ കാറ്റ്) തകർക്കുകയുണ്ടായി. അങ്ങനെ അവരുടെ വാസസ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത സ്ഥിതിയിൽ അവർ ആയിതീർന്നു. ഇങ്ങനെയാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുക.” (46:20)

## 5. വെള്ളപ്പൊക്കം

പെട്ടെന്ന് ഒരുസ്ഥലത്ത് സംഭവിക്കുന്ന ജലപ്രളയം ഫലഭൂയിഷ്ടമായ ആ പ്രദേശത്തെ വന്ധ്യവും ജനവാസയോഗ്യമല്ലാത്ത ഭൂമിയുമാക്കി മാറ്റി. വാളൻ പുളിയും കയ്പു ഫലവൃക്ഷങ്ങളും ഈന്തമരങ്ങളും മാത്രം വളരുന്ന സ്ഥലമായി അത് മാറി.

‘‘എന്നാൽ അവർ പിന്തിരിഞ്ഞു പോയി. തന്നിമിത്തം സർവ്വത്ര നാശകരമായ ഒരു ജലപ്രവാഹം അവരുടെ നേരെ നാം അയച്ചു. അവരുടെ രണ്ടു തോട്ടങ്ങൾക്കു പകരം കയ്പ്പുള്ള കായ്കനികളും കാഞ്ഞിര മരങ്ങളും അൽപ്പം ചില ഈന്തവൃക്ഷങ്ങളുമുള്ള രണ്ടു തോട്ടങ്ങൾ നാം അവർക്ക് കൊടുക്കുകയും ചെയ്തു.”

## 6. ഭൂകമ്പം

ഭൂവൽക്കത്തിലുണ്ടാകുന്ന കമ്പനങ്ങൾ അവിടുത്തെ ജനങ്ങളുടെ വാസസ്ഥലങ്ങളെ കൽക്കൂനകളാക്കി മാറ്റി.

“എന്നാൽ അവർ (സമൂദ് സമുദായം) അദ്ദേഹത്തെ ധിക്കരിച്ചു. എന്നിട്ട്

അവർ അതിന്റെ (ഒട്ടകത്തിന്റെ) പിന്തുടഞരമ്പ് മുറിച്ചു ഞൊണ്ടിയാക്കി. അപ്പോൾ അവരുടെ പാപം നിമിത്തം അവരുടെ നാഥൻ അവരെ ഉന്മൂലനം ചെയ്തു. അങ്ങനെ അവൻ അവരെ നിലംപരിശാക്കി." (91:15)

## 7. വരൾച്ച

കഠിനമായ വരൾച്ച. അതായത്, മനുഷ്യന് കിട്ടാത്തവിധം ഭൂമിയിൽ നിന്ന് ജലവിതാനം താഴ്ന്നുപോകൽ.

"പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്നുതരിക?" (68:31)

## 8. ക്ഷാമം

ഭയത്തോടെ അഗാധമായ ഉത്കണ്ഠയോടെ രാജ്യത്തെ ബാധിക്കുന്ന കൊടുംപട്ടിണി.

"അല്ലാഹു ഒരു പട്ടണത്തെ ഉദാഹരണമായി എടുത്തുകാണിക്കുന്നു. അത് നിർഭയമായും സമാധാനമായും നിലകൊള്ളുകയായിരുന്നു. അതിന് നാനാദിക്കുകളിൽനിന്നും സമൃദ്ധമായി അതിന്റെ വിഭവങ്ങൾ എത്തിക്കൊണ്ടിരുന്നു. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവർ നന്ദികേട് കാണിച്ചു. തന്നിമിത്തം അല്ലാഹു അവരുടെ പ്രവർത്തനഫലമായി അതിലെ (നിവാസികൾക്ക്) വിശപ്പിന്റെയും ഭയത്തിന്റെയും വസ്ത്രം ധരിപ്പിച്ചുകൊണ്ട് ശിക്ഷയുടെ രുചി അനുഭവപ്പെടുത്തിക്കൊടുത്തു." (16:113)

## 9. യുദ്ധങ്ങൾ

യുദ്ധം ദേശങ്ങളെ നശിപ്പിക്കുന്നു. നാശങ്ങളുടെയും യാതനകളുടെയും അനന്തമായ പരമ്പരകൾ അത് സമ്മാനിക്കുന്നു. 'അദ്ദറാ' എന്ന പദം വലിയ യുദ്ധങ്ങളിൽ നിന്നുണ്ടാകുന്ന എല്ലാവിധ നാശങ്ങളെയും സൂചിപ്പിക്കുന്ന പദമാണ്. സ്വാതന്ത്ര്യം ഇല്ലാതാകൽ, സാമ്പത്തിക ഘടനയുടെ തകർച്ച, സാമൂഹിക സംവിധാനത്തിന്റെ അരക്ഷിതാവസ്ഥ, കുഴഞ്ഞുമറിയൽ മുതലായവ.

"ഒരു നാട്ടിലും അതിന്റെ ജനങ്ങളെ കഷ്ടപ്പാടും ദുരിതവുംകൊണ്ട് നാം പിടികൂടിയിട്ടില്ലാതെ ഒരു പ്രവാചകനേയും നാം അയച്ചിട്ടില്ല. അവർ വിനയം കാണിക്കുന്നതിന് വേണ്ടി" (7:95)

## 10. പറവകൾ

ദൈവശിക്ഷയായിക്കൊണ്ട് ഒരു കൂട്ടം പറവകൾ ഒരു ജനതയിൽ വന്നിറങ്ങി.

"അവരുടെ മേൽ കൂട്ടം കൂട്ടമായി പക്ഷികളെ അവനയക്കുകയും ചെയ്തു. അവ ചുട്ട കളിമൺകല്ലുകളിന്മേൽ അവരെ എടുത്തടിക്കുന്നുണ്ടായിരുന്നു" (105:14-15)

## 11. അണക്കെട്ടുകളുടെ തകർച്ച

അണക്കെട്ടുകൾ തകരുകയും ആ സംഭരണികളിലുള്ള വെള്ളം ജനങ്ങളുടെ മേൽ ഒഴുക്കുകയും ചെയ്യൽ.

"തൽഫലമായി നിന്റെ നാഥൻ അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടികൾ കോരിച്ചൊരിഞ്ഞു. തീർച്ചയായും നിന്റെ നാഥൻ അതെല്ലാം നോക്കിക്കൊണ്ടിരിക്കുന്നു." (89:14-15)

## 12. സാംക്രമികരോഗങ്ങൾ

ഊഷരമായ വരണ്ട കാലാവസ്ഥ, ഈർപ്പമുള്ള കാലാവസ്ഥ എന്നിവയുടെ പെട്ടെന്നുള്ള മാറ്റം ചില സൂക്ഷ്മജീവികളുടെ ആവിർഭാവത്തിനു കാരണമാകുന്നു. അത് സാംക്രമികരോഗാണുക്കളായി പരിണമിച്ച് രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടാക്കുന്നു. വെട്ടുകിളികൾ, കീടങ്ങൾ, പേനുകൾ, തേളുകൾ, കൊതുകുകൾ, തവളകൾ, ബാക്ടീരിയകൾ, സൂക്ഷ്മാണുക്കൾ മുതലായ രക്തജന്യരോഗങ്ങളുണ്ടാക്കുന്നതും രക്തചംക്രമണത്തെ ബാധിക്കുന്നതുമായ കോളറ മുതലായ രോഗങ്ങളും.

"അപ്പോൾ നാം അവരുടെ മേൽ വെള്ളപൊക്കവും വെട്ടുകിളികളും ചെള്ളും തവളകളും രക്തവും വ്യക്തമായ ദൃഷ്ടാന്തങ്ങളായി അയച്ചു. എന്നാൽ അവർ അഹങ്കരിച്ചു. കുറ്റവാളികളായ ഒരു ജനമായിരുന്നു അവർ" (7:134).

## 13. അടിമത്തം

മറ്റൊരു ജനതയുടെ കീഴിലുള്ള അടിമത്തം പീഡനങ്ങളുടെയും ശിക്ഷയുടെയും വിവിധ രൂപങ്ങളിലേക്ക് ഒരു ജനതയെ വിധേയമാക്കുന്നു. അടിമകളാക്കപ്പെട്ടവരുടെ വിശ്വാസംകൊണ്ട് മാത്രമല്ല ഇത് സംഭവിക്കുന്നത്. അവരുടെ കർമ്മങ്ങൾ കൊണ്ടുകൂടിയാണ്. വിശുദ്ധഖുർആനിലെ ഒരു പ്രവചനപ്രകാരം അവസാനകാലം വരെ യഹൂദികളെ മറ്റു രാജ്യക്കാർ അടിമകളാക്കി വെക്കും എന്ന് പ്രവചനമുണ്ട്.

"തീർച്ചയായും പുനരുത്ഥാനനാൾ വരെ അവരുടെ മേൽ കഠിന മർദ്ദനങ്ങൾ ഏൽപ്പിക്കുന്നവരെ എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം (ഓർക്കുക). തീർച്ചയായും നിന്റെ നാഥൻ ശിക്ഷ നൽകുന്നതിനു വേഗമുള്ളവനാണ്. നിശ്ചയം അവൻ സർവഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ (7:168).

മുകളിൽ പ്രസ്താവിച്ച എല്ലാവിധ ശിക്ഷകളും പ്രകൃതികളുടെ നാലു ഘടകങ്ങളിൽ മൂന്ന് ഘടകവുമായി മാത്രം ബന്ധപ്പെട്ടതാണ്. പ്രസ്തുത ദൈവിക ശിക്ഷകൾ മണ്ണ്, വെള്ളം, വായു എന്നിവയുമായി ബന്ധപ്പെട്ടതും അതിൽ നിവസിക്കുന്നവരെ ബാധിക്കുന്നതുമാണ്. ഇവിടെയൊന്നും നാലാമത്തെ ഘടകത്തെക്കുറിച്ച് പറഞ്ഞിട്ടില്ല; അതായത് അഗ്നിയെക്കുറിച്ച്. തീകൊണ്ടുള്ള പരീക്ഷണങ്ങൾക്ക് ദൈവഭക്തരായ ദിവ്യാത്മാക്കൾ വിധേയരായി എന്ന് നമുക്കറിയാം. സൂറ അൽ-ബുറൂജിലെ (അദ്ധ്യായം 85) വിഷയസാരമനുസരിച്ച് അത്തരത്തിൽ അഗ്നികൊണ്ട് പരീക്ഷിക്കപ്പെട്ട ഒരാൾ ഇബ്റാഹിം നബി (അ)യാണ്. പുരാതനകാലത്തെ ജനതകളുടെ ശിക്ഷയെ സംബന്ധിച്ച് പ്രതിപാദിച്ചിടത്തൊന്നും അഗ്നികൊണ്ടുള്ള ശിക്ഷയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. ഖുർആന്റെ പ്രവചനത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ ഭാവിയിലുള്ള ജനങ്ങൾക്ക് വേണ്ടിയാണ്

അഗ്നികൊണ്ടുള്ള ശിക്ഷ ഒരുക്കിവെക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാകുന്നു. കാരണം, നബിതിരുമേനിയെ (സ) നിരന്തരമായി നിഷേധിച്ചതിന്റെ ഫലമായി ഭാവിയിലെ ജനതക്കാണ് അഗ്നികൊണ്ടുള്ള ശിക്ഷയെപ്പറ്റിയുള്ള താക്കീത്. ഇതിനെ സംബന്ധിച്ച് സൂചനയും ചെറുവിവരണവും ഖുർആൻ നൽകുന്നു.

“അന്നാളിൽ സത്യനിഷേധികൾക്ക് മഹാനാശം. നിങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോകുക. അതെ, മൂന്നു തലങ്ങളുള്ള ഒരു നിഴലിലേക്ക് നിങ്ങൾ പോയ്ക്കൊള്ളുക. (ആ നിഴൽ) തണുപ്പുള്ളതല്ല. തീജ്വാലയിൽ നിന്നു രക്ഷപ്പെടാൻ അത് പ്രയോജനപ്പെടുകയില്ല. അത് വമ്പിച്ച സൗധസമാനമായ തീപ്പൊരികൾ പരത്തും. കൂറ്റൻ കപ്പലുകളെ ബന്ധിച്ച തടിച്ച കയർ പോലിരിക്കും അത്. അന്ന് സത്യനിഷേധികൾക്ക് കൊടുനാശം” (75:29-35)

ഈ വചനങ്ങളിൽ പ്രതിപാദിക്കപ്പെട്ട പ്രതീകാത്മക വിവരണങ്ങളിൽ നിന്നു മനസ്സിലാകുന്നത് അത് ഇക്കാലത്തെ അഗ്നികൊണ്ടുള്ള യുദ്ധസാമഗ്രികളുപയോഗിച്ച യുദ്ധങ്ങളെ കുറിച്ചാണ് എന്നാണ്. ഇക്കാലത്താണ് കര-നാവിക-വ്യോമ മേഖലകളിൽ വ്യാപരിക്കുന്ന ഭീതിജനകമായ യുദ്ധശക്തികളുടെ കരിനിഴലുള്ളത്. മൂന്നിൽനിന്നും തീമഴ ഭൂമിയിലേക്ക് വർഷിക്കപ്പെടും. ഈ വചനത്തെ “അതിൽനിന്നു വമ്പിച്ച ബഹുനില ക്കെട്ടിടംപോലുള്ള അഗ്നിസ്ഫുലിംഗം വിക്ഷേപിക്കപ്പെടും” എന്നു വിവർത്തനം ചെയ്യാവുന്നതാണ്. ബാലിസ്റ്റിക് മിസൈലുകൾ ഉപയോഗിച്ചുകൊണ്ടുള്ള ഇക്കാലത്തെ യുദ്ധങ്ങൾക്ക് ഇത് ഏറ്റവും അനുയോജ്യമായ വിവരണമാകും.

അതുപോലെ അഗ്നിയെകുറിച്ചുള്ള ‘തലക്ക് മുകളിൽ തൂങ്ങിനിൽക്കുന്ന ഭീതി’ എന്ന പ്രതിപാദനവും ഇക്കാലത്തെ സംബന്ധിച്ചുള്ളതാണ്.

“പരദൂഷകനും അപവാദം പറഞ്ഞു പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്തിട്ടുള്ളവൻ തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കുകയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല തീർച്ചയായും ‘ഹുത്മ’യിൽ അവൻ തള്ളപ്പെടുന്നതാണ്. ആ ‘ഹുത്മ’ എന്താണെന്ന് നിനക്കറിയാമോ? അല്ലാഹു കത്തിച്ച് ജ്വലിപ്പിക്കുന്ന അഗ്നിയാണത്. ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ആ അഗ്നി ചെന്നെത്തുന്നു. അത് സ്തംഭങ്ങളിൽ ബന്ധിതമായിരിക്കും. (എങ്കിലും അതിന്റെ മാരകമായ താപം അതിനെ അതിർവർത്തിച്ച് കടന്നെത്തുന്നതാണ്)” 104:2-10)

ഇവിടെ പ്രതിപാദിച്ചത് ഒരു വ്യക്തിയെയല്ല. ഒരു ജനതയെയാണ്. ധനാഢ്യനും പിശുക്കനുമായ ഒരാൾ അദ്ദേഹത്തിന്റെ ധനം അയാളെ അനശ്വരനാക്കുമെന്നു കരുന്നു എന്ന് പറയുന്നതിൽ കാര്യമില്ല. നേരെ മറിച്ച് സാമ്പത്തികമായി ഉയർന്ന രാജ്യങ്ങൾ സാമ്പത്തിക മേധാവിത്വം കൈവരിക്കുന്നതോടെ എക്കാലവും ഈ സാമ്പത്തിക മേധാവിത്വം അവരോടൊപ്പമുണ്ടാവുമെന്ന് തെറ്റിദ്ധരിക്കുന്നു. അവർക്ക് നൽകപ്പെടുന്ന താക്കീത് അഗ്നികൊണ്ടുള്ളതാണ്.

ഇക്കാലത്തെ ന്യൂക്ലിയർ ആയുധങ്ങൾ ഈ വിവരണത്തിന്റെ യഥാർത്ഥ സാക്ഷാൽക്കാരമാണ്. അണു വിഖണ്ഡനത്തിന്(Nuclear Fission) ശേഷമുള്ള ആണവ സ്ഫോടനവും(Atomic explosion) ‘ഹുത്മ’ (വിഖണ്ഡനത്തിന് വിധേയമായ ആറ്റം അഥവാ ഏറ്റവും ചെറിയ അണു) എന്ന പദവും ഇതിലേക്കാണ് സൂചന നൽകുന്നത്. എന്ത് തന്നെയായാലും ഈ വചനത്തിലെ താക്കീത് ഈ ലോകവുമായി ബന്ധപ്പെട്ടതാണെന്നതിൽ സംശയമില്ല. അഹങ്കാരികളും ഉന്മത്തരുമായ ഭൗതികോന്മുഖരായ ജനത യാതൊരു കണക്കും ആർക്കും ബോധിപ്പിക്കേണ്ടാത്തവിധം ശാശ്വതന്മാരാണെന്ന് കരുതുന്നു. അവരെപ്പറ്റിയാണ് ഈ വചനം സൂചിപ്പിക്കുന്നത്.

അഗ്നികൊണ്ടുള്ള ശിക്ഷയെപ്പറ്റി പറയുന്ന മേൽപറഞ്ഞ വചനങ്ങളെ അതിന് മുൻപ് പ്രതിപാദിച്ച വിഷയവുമായി ബന്ധിപ്പിച്ചാൽ മണ്ണ്, വെള്ളം, വായു, അഗ്നി എന്നീ വസ്തുക്കളെല്ലാം ദൈവത്തിന്റെ കൽപ്പനപ്രകാരം ശിക്ഷകൾ നൽകാനായി അവന്ന് വഴിപ്പെട്ടു നിൽക്കുന്നു. അതേപ്രകാരം അതേ വസ്തുക്കൾ തന്നെ അനുഗ്രഹദായകമായും വർത്തിക്കുന്നു.

അതുകൊണ്ട് പ്രകൃതിനിയമത്തെ നിയന്ത്രിച്ച് ശിക്ഷ നൽകുക എന്ന കാര്യം തീർച്ചയായും അത്ഭുതകരമൊന്നുമല്ല. ആ വസ്തുവിന്റെ നന്മയും തിന്മയും തീർച്ചയായും അതിന്റെ പ്രകൃതിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

മണ്ണ്, വെള്ളം, വായു, അഗ്നി എന്നിവയുടെ പ്രവർത്തനഫലമായുണ്ടാകുന്ന നന്മയുടെയും തിന്മയുടെയും കാരണങ്ങൾകൊണ്ട് കാലാകാലങ്ങളിലായി ചില മാറ്റങ്ങൾ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം എല്ലാവർക്കുമറിയാം. ചിലപ്പോൾ അത് പ്രയാസങ്ങളും ദൗർലഭ്യതയും പ്രതിസന്ധിയും സൃഷ്ടിക്കുന്നു. ചിലപ്പോൾ ജീവിതസുഖവും സമൃദ്ധിയും നൽകുന്നു. അപ്പോൾ ഇത്തരം സംഗതികൾ ചിലപ്പോൾ അസാധാരണമായ ദൈവിക ഇടപെടലായും അനിതര സാധാരണമായ കാര്യമായും കണക്കാക്കപ്പെടുന്നതെന്തുകൊണ്ട്? ഈ കാര്യങ്ങളൊക്കെ ചരിത്രാതീതകാലം മുതൽക്കേ സംഭവിച്ചുകൊണ്ടിരിക്കുന്നതാണല്ലോ. ഇത്തരം ചോദ്യത്തിന് ഉത്തരമായിക്കൊണ്ട് പറയാനുള്ളതിതാണ്: പഴയകാലത്ത് ചോദിച്ച ചോദ്യങ്ങളല്ലാതെ ഈ ചോദ്യങ്ങളിൽ പുതുതായൊന്നുമില്ല. പഴയ കാലത്തെ പ്രവാചകന്മാരോടും ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

“ഒരു നാട്ടിലും അതിലെ ജനങ്ങളെ കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടിയിട്ടല്ലാതെ ഒരു പ്രവാചകനെയും നാം അയച്ചിട്ടില്ല. അവർ വിനയം കാണിക്കുന്നതിന് വേണ്ടി.” പിന്നീട് നാം ആ ദുരിതാവസ്ഥ യെ മാറ്റി തൽസ്ഥാനത്ത് സുഖകരമായ അവസ്ഥ നൽകി. അങ്ങനെ അവർ പുരോഗതി

(എണ്ണത്തിലും വണ്ണത്തിലും) പ്രാപിച്ചു. അവൻ ഇങ്ങനെ പറഞ്ഞു: 'ഞങ്ങളുടെ പൂർവ്വ പിതാക്കൾക്കും ദുഃഖവും സുഖവും അനുഭവപ്പെട്ടിട്ടുണ്ട്. (അത് ഞങ്ങൾക്കും അനുഭവപ്പെട്ടാൽ അതിലെന്താണ് കാര്യം') അതിനാൽ, അവർ അറിയാത്ത നിലയിൽ പെട്ടെന്ന് നാം അവരെ പിടിച്ച് ശിക്ഷിച്ചു" (7:95-90)

ഇതൊന്നും ഒരു പുതിയ കാര്യമല്ല. പണ്ടുകാലം മുതൽക്കേ ആളുകൾ ഇങ്ങനെ പറയാറുണ്ട്. ഒരു കാര്യം ദൈവികമായ ഇടപെടൽകൊണ്ടാണ് സംഭവിച്ചതെന്നും മറ്റേത് ഒരു സാധാരണ സംഭവമാണെന്നും വ്യക്തമായ അടയാളങ്ങളോടെ പറയാൻ സാധിക്കാത്തിടത്തോളം ഇത് ബോദ്ധ്യമാവാതെ വരും. രക്ഷാശിക്ഷകളുടെ ഈ രണ്ടു കാര്യങ്ങളും പ്രകൃതിയുടെ കാര്യകാരണബന്ധത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. അതുകൊണ്ട് നമുക്ക് ഒരാളുടെ ഹൃദയത്തേയും മനസ്സിനേയും തൃപ്തിപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉത്തരം പറയാൻ കഴിയണം. അതുവരെ ഈ വിഷമം തീർച്ചയായും അപൂർണമായിക്കിടക്കും.

നാം ഫറോവയുടെ മുങ്ങലിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അത് എണ്ണമറ്റ മറ്റു മുങ്ങലുകളിൽ നിന്നു വേറിട്ടുനിൽക്കുന്നു. അതിനേക്കാളുപരിയായി ഫിർഔൻ മുങ്ങിയതിൽ തീർച്ചയായും ഖുർആന്റെ ഒരു പ്രവചനത്തിലെ പുലർച്ചകൂടിയുണ്ട്. അതായത്, ഫറോവയുടെ ശരീരം കാലത്തിന്റെ കുഴച്ചുമറിച്ചിലിനിടയിലും സംരക്ഷിക്കപ്പെടുന്നതായിരിക്കും എന്നതാണ് ആ പ്രവചനം. ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷവും മാനവരാശിക്ക് താക്കീതും ഗുണപാഠവുമായി ഖുർആന്റെ ആ പ്രവചനം നിലകൊള്ളുന്നു. ദൈവികശിക്ഷ എന്ന നിലക്ക് ശക്തമായ ഒരു തെളിവായി ഇത് ഖുർആൻ അവതരിപ്പിക്കുന്നു.

കാര്യം ഇവിടെയും അവസാനിക്കുന്നില്ല. വിശുദ്ധഖുർആൻ അതിന്റെ വാദത്തിലേക്ക് ഉപോൽബലകമായി ഇത്തരത്തിലുള്ള അസന്നിഗ്ധവും സുവ്യക്തവുമായ തെളിവുകളാണ് എല്ലായ്പ്പോഴും സമർപ്പിക്കുന്നത്. നിഷ്പക്ഷമതികളെ ഇത് തൃപ്തിപ്പെടുത്തുന്നു.

ഒരു വീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ ദൈവികശിക്ഷ പ്രകൃതി നിയമങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ മറ്റു ചില പ്രത്യേക ചുമതലക്കുള്ള മലക്കുകൾ ഈ നിയമങ്ങളെ മറ്റൊരു രീതിയിലും മറ്റൊരു തരത്തിലുമാണ് സമീപിക്കുന്നത്. ■

*(അധികവായനക്ക് Natural Disaster or Divine Punishment എന്ന ലേഖനകർത്താവിന്റെ ലേഖനപരമ്പര വായിക്കുക. 1976ൽ അൽ ഫുർഖാനിലും 1994ൽ Review of Religions ലും ഈ ലേഖന പരമ്പര പ്രസിദ്ധീകരിച്ചിട്ടുണ്ട്.)*

# ശാസ്ത്രജ്ഞാനം അനിവാര്യം

ഖലീഫത്തുൽ മസീഹ് നാലാമൻ

നമ്മുടെ വിദ്യാഭ്യാസ പരിധി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകതക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഹുസൂർ ഇപ്രകാരം പറഞ്ഞു:

പൊതുവിൽ ഈ മേഖലയിലുള്ള ബലഹീനത യഥാർത്ഥത്തിൽ സ്ഥിതി ചെയ്യുന്നത് നമ്മുടെ ഉലമാക്കളിലാണ്. മതപരമായ അവരുടെ അറിവ് വളരെ ഗഹനവും വിപുലവുമാണ്. എന്നാൽ വിശ്വാസപ്രമാണ ശാസ്ത്രത്തിനപ്പുറമുള്ള ജ്ഞാനത്തിൽ അവർ വളരെ വിദൂരസ്ഥരുമാണ്. മറ്റു വൈജ്ഞാനിക മേഖലകളിൽ അവർ തികച്ചും ശൂന്യരാണ്. അവർക്കുചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചുള്ള അവരുടെ അജ്ഞത ഇസ്‌ലാമിനും ഇസ്‌ലാമിക സിദ്ധാന്തങ്ങൾക്കും ഗണ്യമായ ദോഷം ചെയ്തിട്ടുണ്ട്. ലോകമതവളർച്ചയേയും അധഃപതനത്തേയും നിയന്ത്രിക്കുന്ന പ്രാഥമിക ഘടകങ്ങളാണിവ. നമ്മുടെ ജമാഅത്ത് ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതിന് ഇനിയും ധാരാളം സമയവുമുണ്ട്. നമ്മുടെ ദൈവശാസ്ത്ര വൈജ്ഞാനിക മേഖലയുടെ വളർച്ച ശാസ്ത്രത്തിന്റെയടിസ്ഥാനത്തിൽ വിപുലീകരിക്കുവാൻ പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. വളരെ ലളിതമായ ഭാഷയിൽ പറഞ്ഞാൽ നാം അടിസ്ഥാനശാസ്ത്രത്തിൽ വേരുറപ്പിച്ചുക്കൊണ്ട് കാലക്രമേണ ഇസ്‌ലാമിക ദൈവശാസ്ത്രം അതിൽ ഒട്ടിച്ച് ചേർക്കേണ്ടിയിരിക്കുന്നു. ഇത് അതിമനോഹരവും അനുഗൃഹീതവുമായ ഒരു വൈജ്ഞാനിക വൃക്ഷത്തെ നിലവിൽ ക്കൊണ്ട് വരുന്നതാണ്. ഈ പ്രക്രിയ വളരെ ചെറുപ്പത്തിൽ തന്നെ നമ്മുടെ കുട്ടികൾക്ക് പൊതുവിഷയങ്ങൾ പഠിപ്പിക്കേണ്ടതിന്റെ അനിവാര്യതക്ക് ആക്കം കൂട്ടുകയാണ് ചെയ്യുന്നത്. മാതാപിതാക്കൾ ഇക്കാര്യത്തിൽ ബദ്ധശ്രദ്ധരാണെങ്കിൽ അവരുടെ കുട്ടികൾ അതനുകരിക്കുന്നതായിരിക്കും. യുവ വാഖിഫീങ്ങൾക്ക് അവരുടെ വിജ്ഞാന വർദ്ധനവിനുതകുന്ന ദിനപത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ തുടങ്ങിയവ നൽകേണ്ടതാണ്. സ്കൂളുകളിൽ പ്രകൃതി ശാസ്ത്രം, മനഃശാസ്ത്രം, സ്ഥിതിവിവരശാസ്ത്രം, ബിസിനസ് മേനേജ്മെന്റ് (വ്യാപാരകാര്യസ്ഥത) സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളും അവയുടെ ആധുനിക ശാസ്ത്രശാഖകളുമായിരിക്കണം അവരുടെ ഐച്ഛികവിഷയങ്ങൾ. ഇത്തരം കാര്യങ്ങളെ കുറിച്ചുള്ള പ്രാഥമിക വിജ്ഞാനം കുട്ടികൾക്കുണ്ടായിരിക്കണം. കുട്ടികളുടെ വൈജ്ഞാനിക അടിത്തറ കുറച്ചുകൂടി വിസ്തൃതമായിരിക്കണം. കുട്ടികളുടെ വിദ്യാഭ്യാസപരിധി അവരുടെ പാഠ്യപദ്ധതിക്കപ്പുറത്തേക്ക് വ്യാപിപ്പിക്കേണ്ടത് അനുപേക്ഷ്യമാണ്. ■

*വിവർത്തനം: കെ.വി.ഈസക്കോയ.*

# കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ!

കുഞ്ഞാലൻ ഹാജി– തിരൂർ

## അഹ്മദികൾക്കെതിരിൽ പ്രചാരണ തന്ത്രങ്ങളുമായി അരങ്ങ് കൊഴുപ്പിക്കുന്ന പുരോഗമന മുല്ലാമാരുടെ ആശയ പാപ്പരത്വത്തെപ്പറ്റി.

ഏതാനും മാസങ്ങൾക്ക് മുമ്പ് 'മതത്തിലേക്ക് മൈത്രിയിലേക്ക്' എന്ന മനോഹര മുദ്രാവാക്യം മുഴക്കി പട്ടണങ്ങളും ഗ്രാമങ്ങളും കോൾമയിർക്കൊള്ളിച്ചു ജൈത്രയാത്ര നടത്തിയ സലഫികളുടെ മൈത്രിയുടെ കോലമാണ് കഴിഞ്ഞ ഡിസംബറിൽ കോഴിക്കോട്ടും എറണാകുളത്തും നടന്ന മാമാങ്കത്തിൽ കണ്ടത്. ഉണ്ടിരിക്കുന്ന നായർക്കൊരു ഉൾവിളിയുണ്ടായി എന്ന് പറഞ്ഞപോലെ കോഴിക്കോടൻ മാമാങ്കത്തിൽ ഒരുഗ്രൻ പ്രമേയവും പാസാക്കികളഞ്ഞു. പെണ്ണുങ്ങളെ പള്ളികളിൽ തള്ളിക്കയറ്റാൻ എല്ലാ മഹല്ലുകളിലും സംവിധാനമൊരുക്കണമെന്ന്! ഇത് കേട്ടാൽ തോന്നും സകല മഹല്ലുകളും വഹാബികളുടെ അധീനത്തിലാണെന്ന്. എന്നാൽ മഹല്ലുകളിൽ മുക്കാലേമുണ്ടാണിയും കയ്യടക്കി വെച്ചിരിക്കുന്ന സുന്നികൾ ഇത് കേൾക്കേണ്ട താമസം കള്ള്കുടിച്ച കുരങ്ങനെ തേള് കുത്തിയതുപോലെ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. ഇപ്പോൾ ഇരുവിഭാഗവും താന്താങ്ങളുടെ ഭാഗം ന്യായീകരിച്ചുകൊണ്ട് മുക്കിലും മൂലയിലും വിശദീകരണം നടത്തി വെല്ലുവിളി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇസ്ലാമിന്റെ പേരിൽ അണിനിരന്നിട്ടുള്ള രണ്ട് കൂട്ടരുടെയും പ്രമാണം ഖുർആനും ഹദീസുംതന്നെ.

"അല്ലാഹുവിന്റെ പള്ളികളെ വിലക്കുന്നവനേക്കാൾ വലിയ അക്രമി ആരാണ്?" എന്നാശയം വരുന്ന ഖുർആൻ സൂക്തമാണ് വഹാബികളുടെ പ്രഥമ പ്രമാണം. അവരോട് വനിയപൂർവ്വം ചോദിക്കട്ടെ, അഹ്മദികൾക്ക് പള്ളികൾ വിലക്കിയ അക്രമികളുടെ മുൻപന്തിയിൽ നിങ്ങളുണ്ടായിരുന്നുവല്ലൊ? അന്നൊന്നും ഈ ആയത്ത് വിശുദ്ധഖുർആനിൽ ഉണ്ടായിരുന്നില്ലേ? അതോ രണ്ടായിരത്തിരണ്ട് അവസാനത്തിൽ മുജാഹിദ് സെന്ററിലോ മറ്റോ അവതരിച്ചതാണോ?

*മസാജിദുഹും ആമിറത്തുൻ വഹിയഖറാബുൻമിനൽ ഹുദാ..* എന്ന് തിരുനബി (സ) വിശേഷിപ്പിച്ച നിങ്ങളുടെ പള്ളികൾ വിലക്കിയെന്ന് വെച്ച് അഹ്മദികളുടെ നമസ്ക്കാരങ്ങളൊന്നും മുടങ്ങിപ്പോയിട്ടില്ല. നിങ്ങളുടെ കണ്ണിൽ എണ്ണത്തിൽ കുറവാണെങ്കിലും അഹ്മദികൾക്കിപ്പോൾ ആവശ്യത്തിന് പള്ളികളുണ്ട്. പുതിയവ ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. അഹ്മദികൾക്ക് പള്ളി വിലക്കുക മാത്രമല്ല അഹ്മദികൾ സ്വയം നിർമിച്ച പള്ളികളും വീടുകളും സ്ഥാപനങ്ങളും തകർക്കാനും അഗ്നിക്കിരയാക്കാനും എട്ടും പൊട്ടും തിരിയാത്ത പിഞ്ചുകുഞ്ഞുങ്ങളടക്കം അഹ്മദികളെ തിരഞ്ഞുപിടിച്ച് അറുകൊല ചെയ്യാനും ചോരക്കൊതിയൻമാരായ തെരുവ് തെമ്മാടികളെ സൃഷ്ടിച്ച, അവർക്ക് നേതൃത്വം നൽകിയ മുല്ലാ മൗദൂദിയുടെ അനുയായികളിപ്പോൾ ആട്ടിൻതോലണിഞ്ഞു സാത്വികരായി സമൂഹത്തിൽ വിലസുന്നത് കാണുമ്പോൾ അറപ്പും വെറുപ്പും നിന്ദയും തുടങ്ങി എന്തെല്ലാമോ അടങ്ങുന്ന ഒരുതരം സമ്മിശ്ര വികാരമാണ് തോന്നുന്നത്.

പാകിസ്താനിലെ അഹ്മദികളുടെ പള്ളികൾ ചുട്ടെരിച്ചപ്പോൾ അവയ്ക്കകത്തുണ്ടായിരുന്ന വിശുദ്ധഖുർആൻ പ്രതികളും കത്തിയെരിയുന്ന ചിത്രം പത്രമാധ്യമങ്ങളിൽ വന്നതാണ്. അത് ഖാദിയാനികളുടെ ഖുർആൻ ആണെന്ന നാറിയ ന്യായീകരണമാണ് ഇവർ പ്രചരിപ്പിച്ചത്. വിശുദ്ധഖുർആന്റെ മഹത്വം അൽപമെങ്കിലും മനസ്സിലാക്കിയവർ ഈ കുഫ്റൻ ജഹാലത്ത് എഴുന്നള്ളിക്കുകയില്ല. ഖാദിയാനികൾക്കെന്നല്ല ലോകത്തിലാർക്കും വേറൊരു ഖുർആൻ ഇല്ല. ആരൊക്കെ ശ്രമിച്ചാലും മറ്റൊരു ഖുർആനോ സമാന്തര ഗ്രന്ഥമോ ഉണ്ടാക്കാൻ സാധ്യവുമല്ല എന്ന പരമസത്യം ഈ പടു ജാഹിലുകൾക്കറിയില്ല. വിശുദ്ധഖുർആന്റെ പാഠങ്ങൾക്കെതിരിൽ ഒരു പുതിയ പ്രസ്ഥാനം മെനഞ്ഞുണ്ടാക്കിയ മൗദൂദി മതക്കാരുടെ ഉള്ളിലിരുപ്പും കള്ളക്കളികളും ഋതുഭേദങ്ങൾക്കനുസരിച്ചു ശിർക്ക് തൗഹീദായും തൗഹീദ് ശിർക്കായും, ഹറാം ഹലാലായും ഹലാൽ ഹറാമായും

സ്ഥിരതയില്ലാതെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന വിശ്വാസവൈകൃതവും ഏറക്കുറെ നാട്ടാരും ഒരു വേള അധികൃതരും മനസ്സിലാക്കിയതാണ്. ഖാദിയാനികളെ കാഫിറാക്കാൻ ആദ്യമായി കച്ചകെട്ടിയിറങ്ങിയ വഹാബി മുല്ലാക്കൾ അപ്പേരിൽ പാമരജനങ്ങളെ ഇളക്കിവിടാൻ കുറെ ശ്രമിച്ചെങ്കിലും അത് ഭാഗികമായേ വിജയിച്ചുള്ളൂ. എന്നാൽ ഖാദിയാനികളെ ഭൂമിയിൽ നിന്ന് തുടച്ചുനീക്കാൻ വ്യഗ്രത പൂണ്ട് പേയിളകി ഉറഞ്ഞുതുള്ളിയത് മുല്ലാ മൗദൂദിയായിരുന്നു.

തങ്ങളുടെ നേതാക്കൾ ആവിഷ്ക്കരിച്ച ഖാദിയാനീ നിർമാർജ്ജന പരിപാടി വിജയകരമായി നടപ്പിൽ വരുത്തിയതിൽ വഹാബികൾക്ക് മൗദൂദികളോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. എത്രയൊക്കെ അഭിപ്രായഭിന്നതയുണ്ടെങ്കിലും അത് തുടരുന്നുമുണ്ട്. കാരണം കേരളത്തിലെ പ്രമുഖ പണ്ഡിതൻ എന്ന ഇല്ലാത്ത ബഹുമതി വഹാബി കുട്ടികൾ അടിച്ചേൽപ്പിച്ചു തലയിലേറ്റി നടക്കുന്ന എ. അബ്ദുസ്സലാം സുല്ലമി അഹ്മദികൾക്കെതിരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. "മീർസ നുഴഞ്ഞുകയറാൻ സാധ്യതയുള്ള എല്ലാ പഴുതുകളും ഭദ്രമായി അടച്ച മഹത്തായ കൃതി" യാണെന്നും മലയാളത്തിൽ എന്നല്ല മറ്റൊരു ഭാഷയിലും ഇത്തരം ഒരു കൃതി പ്രസിദ്ധീകൃതമായിട്ടില്ലെന്നും പ്രസാധകരായ അരീക്കോട്ടെ 'ചലനം'ബുക്കുകാർ അവകാശപ്പെടുന്നുണ്ട്. അതൊന്ന് കണ്ണോടിച്ചുനോക്കിയപ്പോൾ ഇത്രയും അബദ്ധങ്ങളും അസംബന്ധങ്ങളും പരസ്പര വൈരുദ്ധ്യങ്ങളും കുത്തിനിറച്ച മറ്റൊരു കൃതി മലയാളത്തിൽ എന്നല്ല മറ്റൊരു ഭാഷയിലും ഇല്ലെന്ന് തീർത്തും ബോധ്യമായി.

പുസ്തകത്തിന്റെ പേര് കേട്ടാൽ തന്നെ കോളേജ് പ്രൊഫസറായ പ്രമുഖ പണ്ഡിതന്റെ പാണ്ഡിത്യത്തിന്റെ ആഴം ആർക്കും പെട്ടെന്ന് ബോധ്യമാകും. പേര് "ഖാദിയാനിസം ഖുർആനിലും ഹദീസിലും". ഇത് കേട്ടാൽ, ഖാദിയാനിസം എന്ന ഒരു കുന്ത്രാണ്ടം പണ്ടേ ഉള്ളതാണെന്നും അതിനെപ്പറ്റി ഖുർആനിലും ഹദീസിലും എന്തൊക്കെയോ പറഞ്ഞിട്ടുണ്ടെന്നും കാലക്രമത്തിൽ അത് അലങ്കോലപ്പെട്ടപ്പോൾ ഖുർആനിന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ യഥാർത്ഥ ഖാദിയാനിസം എന്താണെന്ന് തെളിയിക്കാൻ പണ്ഡിത പ്രമുഖൻ എഴുതിയ കൃതിയാണെന്നും തോന്നിപ്പോകും. അല്ലാഹു ഖുർആനിൽ, പരലോകം ഖുർആനിൽ, എന്ന് തുടങ്ങിയ പലതും നാം കണ്ടതാണല്ലോ. ഒരു ദൈവിക പ്രസ്ഥാനത്തെ അവമതിക്കാൻ ദൃഷ്ടനായ മനുഷ്യാധമന്റെ പരിതാപകരമായ പതനം!

പുസ്തകത്തിന് അവതാരിക എഴുതിയത് ശൈഖ് മുഹമ്മദ് കാരകുന്ന്. ചക്കിക്കൊത്ത ചങ്കരൻ തന്നെ. ഉറക്കിലും ഉണർച്ചയിലും ഭരണം ശരണം ഗച്ചാമി എന്ന് പിച്ചും പേയും പറഞ്ഞുകൊണ്ടിരിക്കുന്ന ശൈഖിന്റെ മനോരോഗം പ്രമുഖ പണ്ഡിതനെയും കലശലായി പിടികൂടിയിട്ടുണ്ട്. "മീർസാക്ക് ഒരു മുഴം സ്ഥലത്തെങ്കിലും ഭരണമുണ്ടോ" എന്ന് പുസ്തകത്തിലൊരിടത്തദ്ദേഹം ചോദിക്കുന്നുണ്ട്.

കുറച്ച് മുമ്പ് ചില അഹ്മദി യുവാക്കൾ ശൈഖിന്റെ അടുക്കൽ ചെല്ലുകയുണ്ടായി. സംസാരമദ്ധ്യേ സൽക്കർമ്മകാരികളായ സത്യവിശ്വാസികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേയുള്ളൂ എന്ന് അഹ്മദീയുവാക്കൾ പറഞ്ഞപ്പോൾ ശൈഖ് ചിരിച്ചുകൊണ്ട് പരിഹാസപൂർവ്വം ചോദിച്ചുവത്രെ. "ഭരണമില്ലാത്ത എന്ത് ഖിലാഫത്താണ്'' എന്ന്. ഇത് കേട്ട അഹ്മദി യുവാക്കൾ ഒരു പക്ഷേ, തെറ്റിദ്ധരിച്ചിരിക്കും, ശൈഖ് അജ്ഞതകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന്. ഒരിക്കലുമല്ല; അദ്ദേഹം ചരിത്രാവബോധമുള്ള പണ്ഡിതനാണ്. ലക്ഷ്യമോ മുൻമാതൃകയോ ഇല്ലാതെ എന്തെങ്കിലും തട്ടിവിടുന്ന പ്രകൃതക്കാരനല്ല. ആ അഹ്മദി യുവാക്കളുടെ അറിവിന്നായി ഒരു ചരിത്രസംഭവം കുറിക്കട്ടെ. പണ്ട്, എന്നുവെച്ചാൽ വളരെ പണ്ട് അല്ലാഹു ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിച്ചു. പ്രകൃതിരമണീയമായ ഒരു സ്ഥലത്ത് അദ്ദേഹത്തിനും കുടുംബത്തിനും താമസസൗകര്യം ഒരുക്കിക്കൊടുക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹത്തിന് ഭരണാധികാരം നൽകിയിരുന്നില്ല. അക്കാരണം കൊണ്ട്തന്നെ നാട്ടിൽ സ്വാധീനമുണ്ടായിരുന്ന ഒരു ശൈഖും സിൽബന്തികളും അദ്ദേഹത്തെ അംഗീകരിച്ചില്ലെന്ന് മാത്രമല്ല പുകച്ചു പുറത്താക്കുകയും ചെയ്തു. *ഫ അസല്ലഹുമശ്ശൈത്വാനു അൻഹാ ഫഅഖ്റജഹുമാ...* പിടികിട്ടിയോ?

ഇടിയങ്ങരയിൽ വെച്ച് അഹ്മദികളുമായി നടന്ന സംവാദത്തിൽ "ഞങ്ങളുടെ കയ്യിലെങ്ങാനും ഭരണമുണ്ടായിരുന്നെങ്കിൽ നിങ്ങളുടെ ഉടലിൽ തല കാണുകയില്ലെന്ന്" ഒരു വഹാബി മുല്ല പ്രസംഗിച്ചത് ഞങ്ങൾ ഓഡിയോ വീഡിയോ കസറ്റുകളിൽ പകർത്തിയിട്ടുണ്ട്. അങ്ങനെ ഭരണം കിട്ടിയിട്ട് വേണം ഒരു കളി കളിക്കാൻ എന്ന് വഹാബികളും കാത്തിരിക്കുകയാണ്. അപ്പോൾ രണ്ട് വിഭാഗക്കാരുടെയും സിദ്ധാന്തങ്ങളും ഉള്ളിലിരുപ്പും ഒന്നുതന്നെയാണെന്നിത്രയും കൊണ്ട് ബോധ്യമായില്ലെങ്കിൽ അൽപം കൂടി ഇതാ -സമ്പത്തോ അധികാരമോ കൈയ്യടക്കാനുള്ള വടംവലിയിൽ വഹാബികൾ നെടുകെ പിളർന്നപ്പോൾ മടവൂർ പക്ഷക്കാരനായ എം. ഐ. മുഹമ്മദലി സുല്ലമി (കുനിയിൽ) എന്ന ആൾ "മുജാഹിദ് പ്രസ്ഥാനത്തിലെ ഭിന്നിപ്പ്: കാരണങ്ങളും വസ്തുതകളും" എന്ന പേരിൽ ഒരു കൊച്ചുപുസ്തകം എഴുതിയിട്ടുണ്ട്. അതിൽ സഊദി അറേബ്യയിലെ അന്ധനും ഗ്രാന്റ് മുഫ്തിയുമായിരുന്ന ഇബ്നുബാസിന്റെ ഒരു ഫത്വ ഇപ്രകാരമാണ്. "ഒരു മുസ്‌ലിം പല കാരണങ്ങളാൽ മുർത്തദ്ദാവാൻ ഇടയുണ്ട്. അത്തരക്കാരെ വധിക്കുകയും അവരുടെ ധനം പിടിച്ചടക്കുകയും ചെയ്യാവുന്നതാണ്" (പേജ്-66) അന്ധൻ വഴി കാണിക്കുകയില്ലെന്ന ഖുർആനിക പ്രവചനം എത്ര സുന്ദരമായാണിവിടെ പുലർന്നത്! ഗ്രാന്റ് മുഫ്ത്തി രിദ്ദത്തിന്റെ കാരണങ്ങളും നമ്പരിട്ട് വിവരിക്കുന്നുണ്ട്. അവയെല്ലാം കേരളത്തിലെ സമസ്തക്കാരെപ്പോലെയുള്ളവർ കാഫിറാണെന്ന് പ്രഖ്യാപിക്കുന്ന ശൈഖവർകളും മറ്റു സലഫീ പണ്ഡിതന്മാരും ഇത്തരക്കാരോട് "നാം" കൈക്കൊള്ളേണ്ട നിലപാടുകളും വിശദീകരിച്ചിട്ടുണ്ട്. (പേജ് 66-67)

*ശേഷം 41 -ാം പേജിൽ*

# ചാവക്കാട്ടെ സംഗമവേദിയും ഖത്തീബിന്റെ സാഹസകൃത്യവും

**കെ. പി. അഹ്മദ്**

ചാവക്കാട്ടുനിന്ന് 'ഏനാമാവ് റോഡി'ലൂടെ കിഴക്കോട്ട് സഞ്ചരിച്ചാൽ ഒരു കവലയുണ്ട്. 'പഞ്ചാരമുക്ക്' എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. ഇവിടെനിന്ന് ഗുരുവായൂരിലേക്ക് പോകുന്ന റോഡിലാണ് അബ്ദുറഹിമാൻ തങ്ങളുടെ ഭവനം! വർഷങ്ങൾക്ക് മുമ്പ് ഈ വീട്ടിൽ കുറേകാലം ഞാൻ താമസിച്ചിരുന്നു.

തമിഴ്നാട്ടിലെ മേലേപാളയത്ത് ജോലി സംബന്ധമായി ഏറെക്കാലം കഴിച്ചുകൂട്ടിയ അബ്ദുറഹിമാൻ തങ്ങൾ സ്വദേശമായ ചാവക്കാട്ടേക്ക് ചേക്കേറിയപ്പോൾ ജീവിതത്തിൽ അതൊരു വഴിത്തിരിവായി മാറുകയായിരുന്നു! ഒട്ടേറെ സുഹൃത്തുക്കളുള്ള അദ്ദേഹം അഹ്മദിയാണെന്നറിഞ്ഞിട്ടും സൗഹൃദബന്ധങ്ങൾക്കൊന്നും കോട്ടം തട്ടിയിരുന്നില്ല! പകരം അഹ്മദിയ്യാ സിദ്ധാന്തങ്ങളിലേക്ക് ആകൃഷ്ടരായ അനുഭാവികളെ സൃഷ്ടിക്കാനാണ് ആ ഊഷ്മള ബന്ധങ്ങൾ സഹായിച്ചത്.

ആത്മീയമാർഗ്ഗത്തെ പുണരുകയും സാത്വികജീവിതം നയിക്കുകയും ചെയ്യുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായ അദ്ദേഹത്തിന്റെ വൈജ്ഞാനിക തൃഷ്ണ ശ്ളാഘനീയമാണ്. മേലേപാളയത്തെ പകലിന്റെ ഏകാന്തതയിലും രാത്രിയുടെ നിതാന്ത മൗനത്തിലും ധാരാളം വായിച്ചുകൂട്ടാൻ അവസരം ലഭിച്ച അബ്ദുറഹ്മാൻ തങ്ങൾ ശാസ്ത്ര വിഷയങ്ങളോടുള്ള ആഭിമുഖ്യംകൊണ്ട് അക്കാലത്തെ ഒട്ടേറെ സോവിയറ്റ് പ്രസിദ്ധീകരണങ്ങൾ വരുത്തുകയും വായിച്ചത് മനസ്സിൽ സൂക്ഷിക്കുകയും ചെയ്തു. പിന്നീട് ഹോമിയോപ്പതിയിലും ഉർദുപഠനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതും ഈ വായനാശീലംകൊണ്ടാണ്. ഒടുവിൽ ചാവക്കാട്ട് ഒരു കെട്ടിടനിർമ്മാണ കോൺട്രാക്ടറായി തിരക്കേറിയ മറ്റൊരു ജീവിതശൈലി സ്വീകരിക്കേണ്ടിവന്നപ്പോഴും വൈകുന്നേരങ്ങളിൽ ഒരു വിജ്ഞാന സദസ്സ് സംഘടിപ്പിക്കുന്നതിൽ അദ്ദേഹം താൽപ്പര്യം കാണിച്ചിരുന്നു.

വിലക്കുകളും നിയന്ത്രണങ്ങളും സൂചിപ്പിക്കുന്ന മതിലുകളൊന്നും അബ്ദുറഹിമാൻ തങ്ങളുടെ വീട്ടുമുറ്റത്തുണ്ടായിരുന്നില്ല! ഭിത്തിയും ഗേറ്റുമില്ലാതെ മലർക്കെ തുറന്നുകിടന്ന മുറ്റം ആർക്കും സ്വതന്ത്രമായി കടന്നുവരാമെന്ന സ്നേഹസന്ദേശമാണ് ധ്വനിപ്പിച്ചിരുന്നത്. മുറ്റത്തോട് ചേർന്നുകിടക്കുന്ന 'ഓലഷെഡ്ഡി'ൽ പകൽ നേരങ്ങളിലൊക്കെ ആശാരിമാരുടെ തട്ടും മുട്ടും മാത്രമേ കേൾക്കാനാവൂ! എന്നാൽ സന്ധ്യയാവുമ്പോൾ അതിന്റെ സ്വഭാവം മാറുന്നു. ഉളിയുടെയും ചുറ്റികയുടെയും അപസ്വരങ്ങൾക്ക് പകരം ഒരു സൗഹൃദസംഗമവേദിയുടെ ചർച്ചാതരംഗങ്ങളാണ് പിന്നീടവിടെ അലയടിക്കാറുള്ളത്. അനുഭാവികളുടെയും അല്ലാത്തവരുടെയും ഹോമിയോപ്പതി ചികിത്സകന്മാരുടെയും സജീവസാന്നിദ്ധ്യംകൊണ്ട് ഓലഷെഡ്ഡ് ഒരു ആശ്രമമായി രൂപാന്തരപ്പെടുന്നു.

എത്രയെത്ര ചർച്ചകൾ; എത്രയെത്ര പഠനക്ലാസ്സുകൾ! ഒരു ശിൽപ്പശാലയുടെ അനുഭൂതി പകർന്ന ആ നാളുകളിൽ തടിമിടുക്കും തലക്കനവുമുള്ള ഏതെങ്കിലും ഗ്രന്ഥം കിട്ടിയാൽ ഓരോ ദിവസങ്ങളിലായി അതിന്റെ രണ്ടോ മൂന്നോ അദ്ധ്യായങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ഉള്ളുറപ്പുള്ള ഉള്ളടക്കങ്ങളും ഉച്ചത്തിൽ വായിച്ചുകൊടുക്കേണ്ട ചുമതല എനിക്കായിരുന്നു. വായന കഴിഞ്ഞാൽ ചർച്ച! ചർച്ചയിൽ ചംക്രമണം ചെയ്തുവരാറുള്ള സംശയങ്ങൾക്ക് അബ്ദുറഹിമാൻ തങ്ങളുടെ വിശദീകരണം! ഈ സംവാദങ്ങൾക്കിടയിൽ തങ്ങളുടെ സഹധർമ്മിണി സംഭാവനയായി നൽകുന്ന കട്ടൻചായ.

പലരും ഇവിടെ വന്നു! എറണാകുളത്ത് മിഷണറിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലത്ത് ജനാബ് കെ. മുഹമ്മദ് അലവി മൗലവി സാഹിബ് എച്ച്. എ. മാസത്തിൽ രണ്ടുതവണയെങ്കിലും ഈ സംഗമവേദിയിൽ എത്തിച്ചേരുമായിരുന്നു! പിന്നെ ഓർക്കാപ്പുറത്ത് പ്രത്യക്ഷപ്പെടാറുള്ള പരേതനായ ഉണ്ണീൻമൗലവി സാഹിബ്. ഇടക്കെല്ലാം സന്ദർശനം നടത്താറുള്ള മർഹൂം മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബ്, ചേലക്കരയിലെ പരേതനായ കുഞ്ഞിമൊയ്തീൻ സാഹിബ്, സി .പി. മൊയ്തീൻകുട്ടി മൗലവി സാഹിബ് തുടങ്ങിയവരൊക്കെ ഈ ആശ്രമത്തിലേക്ക് വീശിയെത്തുന്ന ചാവക്കാട് കടപ്പുറത്തെ പടിഞ്ഞാറൻ കാറ്റ് ആസ്വദിച്ചവരാണ്. ദൂരെ മാറിത്താമസിക്കുന്ന തങ്ങളുടെ അളിയൻ ഹംസമാസ്റ്റർ ഉൾപ്പെടെ തങ്ങളുടെ കുടുംബാംഗങ്ങളും ചില അനുഭാവികളും ജുമുഅ നമസ്കാരം നിർവ്വഹിക്കാറുള്ളതും ഈ വീട്ടിൽവെച്ചുതന്നെയായിരുന്നു.

ഇത്രയൊക്കെ കേൾക്കുമ്പോൾ ഗൗരവത്തിന്റെ കമ്പിളിക്കെട്ടിൽ മാത്രം പൊതിഞ്ഞുവെച്ച ഒരു സംഗമവേദിയാ

ണിതെന്ന് കരുതിപ്പോകരുത്! പലരും വന്നും പോയുമിരുന്ന ഈ വേദിയിൽ നർമ്മത്തിന്റെ മാലപ്പടക്കങ്ങളും പൊട്ടാറുണ്ട്.

ഏതോ ഒരു രാത്രി തങ്ങളുടെ കൊച്ചുമകൻ നസീർ അഹ്മദ് കൊണ്ടുവന്ന കട്ടൻചായയുടെ ഉത്തേജനത്തിൽ 'ഖത്തീബു'മാരെക്കുറിച്ചുള്ള ചർച്ചയാണ് പൊന്തിവന്നത്. അനുഭാവികളിൽ ഒരാൾ ചെറിയ പള്ളികളിൽ ജോലിചെയ്യുന്ന പാവപ്പെട്ട ഖത്തീബുമാരുടെ കഷ്ടപ്പാടുകൾ വിവരിക്കുകയായിരുന്നു! അഞ്ചുനേരം ബാങ്കുവിളിക്കണം, നമസ്കാരത്തിന് നേതൃത്വം കൊടുക്കണം, മദ്റസ്സയിലെ കുട്ടികൾക്ക് ചൊല്ലിക്കൊടുത്ത് തൊണ്ട വറ്റിക്കണം! എന്നാൽ ഇതിനൊക്കെ കിട്ടുന്ന ശമ്പളമോ വളരെ തുച്ഛവും! പിന്നെ ഈ ഖത്തീബുമാർക്കുള്ള ഏക ആശ്വാസം വല്ലപ്പോഴെങ്കിലും ഏതെങ്കിലും വീടുകളിൽ അരങ്ങേറുന്ന എന്തെങ്കിലും ആചാരത്തിന്റെ പേരിൽ കിട്ടുന്ന 'കിമ്പള'മാണ്! ചർച്ച ഇവിടെ വരെ എത്തിയപ്പോൾ അബ്ദുറഹിമാൻ തങ്ങൾ ഒരു കഥ പറഞ്ഞു.

പണ്ട് ഒരു നാട്ടിൻപുറത്തുള്ള കൊച്ചുപള്ളിയിൽ ഒരു ഖത്തീബുണ്ടായിരുന്നു. അഞ്ചുനേരം ബാങ്കുവിളിക്കാനും നമസ്കാരത്തിന് ഇമാമത്ത് നിർവ്വഹിക്കാനും ഇരുപത്തഞ്ചുറുപ്പികയാണ് അയാൾക്ക് ശമ്പളമായി നിശ്ചയിച്ചിരുന്നത്! ദാരിദ്ര്യം കൊടികുത്തിവാണ ഖത്തീബിന്റെ കുടുംബത്തിന് കടലിൽ കായം കലക്കിയതുപോലെയായിരുന്നു ഈ വരുമാനം! നിർഭാഗ്യമെന്നു പറയാം അനങ്ങാപ്പാറപോലെ ചമ്രം പടിഞ്ഞിരിക്കുന്ന ഈ വരുമാനത്തെ മറികടക്കാൻ മറ്റ് 'കിമ്പള'ങ്ങളൊന്നും അയാളെത്തേടി എത്തിയതുമില്ല! ഇങ്ങനെ പൊറുതിമുട്ടിയ ആ കുടുംബത്തിന് പ്രാണവെപ്രാളത്തിൽ പുൽക്കൊടിയെന്നപോലെ അൽപ്പമെങ്കിലും ആശ്വാസം പകർന്നത് ഖത്തീബ് സൈഡ് ബിസിനസ്സായി നടത്തിവന്ന കോഴിക്കച്ചവടമാണ്! സമീപത്തുള്ള അങ്ങാടിയിൽ നിന്ന് കോഴിയെ മൊത്തമായി വിലക്കെടുക്കുന്ന കച്ചവടക്കാരൻ ആഴ്ചയിലൊരിക്കൽ ആ നാട്ടിൻപുറത്തുള്ള വഴിയോരങ്ങളിലെല്ലാം ചുറ്റിനടക്കും. എന്നിട്ടയാൾ ഉച്ചത്തിൽ വിളിച്ചുകൂവും.

"കോഴിയുണ്ടോ... കോഴിയുണ്ടോ"

കച്ചവടക്കാരന്റെ ശബ്ദംകേട്ടാൽ കോഴിക്കുഞ്ഞുങ്ങളെ വളർത്തിവലുതാക്കുന്നുവർ അയാളുമായി വിലപേശി കച്ചവടമുറപ്പിക്കും! ഇതുപോലെ ഒരു കുക്കുടവാണിഭം ഖത്തീബിനുണ്ടെങ്കിലും ദാരിദ്ര്യം ഒഴിയാബാധപോലെ അയാളുടെ വീട്ടിൽത്തന്നെ ചടഞ്ഞുകൂടി.

ശമ്പളവർദ്ധനവിനെക്കുറിച്ച് പള്ളിഭാരവാഹികളോട് പലവട്ടം പറഞ്ഞുനോക്കിയെങ്കിലും പലരും ഖത്തീബിന്റെ വാക്കുകൾ മുഖവിലക്കെടുക്കാതെ ഒഴിഞ്ഞുമാറുകയായിരുന്നു! ചോദിക്കുന്നവരൊക്കെ പള്ളിക്കമ്മിറ്റി പ്രസിഡന്റിനെ കാണാനുള്ള നിർദ്ദേശമാണ് അയാൾക്ക് നൽകിയത്. എന്നാൽ കമ്മിറ്റിയുടെ പ്രസിഡന്റാണെങ്കിൽ ദൂരെയുള്ള നഗരത്തിൽ ദുനിയാവിനോടുള്ള ദുരമൂത്ത് നെട്ടോട്ടമോടുന്ന ഒരു വ്യാപാരിയും! പ്രസിഡന്റിനെ തിരഞ്ഞുപിടിക്കാൻ നഗരത്തിലേക്ക് പോകാമെന്നുവെച്ചാൽ അന്നത്തെ ബാങ്കുവിളിയും ഇമാമത്തുമായിരിക്കും മുടങ്ങുന്നത്! മാത്രമല്ല, നഗരത്തിലേക്കുള്ള യാത്രച്ചെലവ് ഖത്തീബിന്റെ സ്വന്തം പോക്കറ്റ് കാലിയാക്കുകയും ചെയ്യും! ഇങ്ങനെ ധർമ്മസങ്കടത്തിലായ ഖത്തീബ് ക്ഷമയോടെ കാത്തിരുന്നു.

ഒടുവിൽ നീണ്ട കാത്തിരിപ്പിന് ശേഷം വാൽനക്ഷത്രത്തിന്റെ ഉദയം പോലെ ഒരു ദിവസം പ്രസിഡന്റ് പ്രത്യക്ഷപ്പെട്ടു! അപ്പോൾ 'ളുഹർ' നമസ്കാരത്തിന് ബാങ്കുവിളിച്ച് ഭക്തന്മാരെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു ഖത്തീബ്. ഈ ഇടവേളയിലാണ് കൊച്ചുപള്ളിയുടെ സിമന്റ് കോലായിൽ കോലാപ്പുരി തുകൽചെരിപ്പിന്റെ ഞരക്കം കേട്ടത്! നോക്കുമ്പോൾ അത് പ്രസിഡന്റായിരുന്നു! അംഗശുദ്ധി വരുത്തി അകത്തേക്ക് കയറിയ പ്രസിഡന്റിനോട് ബഹുമാനപുരസ്സരം അറച്ചറച്ച് ഖത്തീബ് മൊഴിഞ്ഞു.

"ഞാൻ..... വളരെ കഷ്ടത്തിലാണ്... അഞ്ചുറുപ്പിക ശമ്പളം കൂട്ടിത്തരണം."

കട്ടി ഫ്രെയിമുള്ള കണ്ണടയിലൂടെ ഖത്തീബിനെ ഒരുവട്ടം നോക്കിയതല്ലാതെ അയാളുടെ മനോവ്യഥകളൊന്നും വായിച്ചെടുക്കാൻ സന്മനസ്സ് കാണിക്കാതെ ഗൗരവസ്വരത്തിൽ പ്രസിഡന്റ് പറഞ്ഞു.

"ശമ്പളം കൂട്ടാൻ കമ്മിറ്റി കൂടട്ടെ; എന്നിട്ടു തീരുമാനിക്കാം".

പ്രസിഡന്റിന്റെ മറുപടികേട്ട് തീപ്പിടിച്ച മനസ്സുമായിട്ടാണ് ഖത്തീബ് നമസ്കാരത്തിന് നേതൃത്വം നൽകിയത്. ജ്വലിക്കുന്ന കോപത്തോടുകൂടിയേ അയാൾക്ക് നമസ്കരിക്കാൻ കഴിഞ്ഞുള്ളൂ. ഒന്ന് കഴിഞ്ഞ് രണ്ടാമത്തെ സുജൂദിലേക്ക് പ്രണമിച്ചു വീണപ്പോഴേക്കും അപ്രതീക്ഷിതമായി ഖത്തീബിന്റെ കാതുകളിൽ ഒരു ശബ്ദം വന്നലച്ചു!

"കോഴിയുണ്ടോ..... കോഴിയുണ്ടോ"

അങ്ങാടിയിലെ കോഴിക്കച്ചവടക്കാരന്റെ വരവായിരുന്നു അത്! ഉടനെ സുജൂദിൽനിന്ന് പിടഞ്ഞെണീറ്റ ഖത്തീബ് കൊച്ചുപള്ളിയുടെ മുൻവാതിലിലൂടെ പുറത്തേക്കിറങ്ങി കോഴിക്കച്ചവടക്കാരനുമായി സന്ധിച്ചു. അപ്പോൾ പ്രസിഡന്റ് ഉൾപ്പെടെ ഇമാമിനെ പിന്തുടർന്നവർ സുജൂദിൽ കിടക്കുകയായിരുന്നു! ഇത് കാണാനിടയായ കോഴിക്കച്ചവടക്കാരൻ ഖത്തീബിനോട് തിരക്കി.

"ഇതെന്തു കഥ.... അവരൊക്കെ സുജൂദിൽ കിടക്കുമ്പോൾ നിങ്ങളിവിടെ കോഴിക്കച്ചവടം ചെയ്യുന്നോ?"

ഖത്തീബിന്റെ പ്രതികരണമിതായിരുന്നു.

"അതെ... അഞ്ചുറുപ്പിക ശമ്പളം കൂട്ടാൻ പറഞ്ഞപ്പോൾ കമ്മറ്റി കൂടണം പോലും; അവിടെ കിടക്കട്ടെ സുജൂദിൽ."

ചിരിയുടെ മാലപ്പടക്കം പൊട്ടിയ പോയകാലത്തെ 'ഓലഷെഡ്ഡ്' ഇപ്പോഴുണ്ടോ എന്നറിയില്ല! എങ്കിലും അന്നത്തെ സംഗമവേദിയെക്കുറിച്ച് അബ്ദുറഹിമാൻ തങ്ങൾ ഇപ്പോഴും ഓർക്കുന്നുണ്ടായിരിക്കാം! വർഷങ്ങളുടെ പ്രയാണത്തിൽ, കാലം കാഴ്ച വെച്ച മറ്റൊരു മഹത്തായ സംഗമവേദിയായി ചാവക്കാട്ട് ഒരു അഹ്മദിയ്യാ മസ്ജിദ് ഉയർന്നുവന്നെങ്കിലും പഴയ ആശ്രമ സന്ധ്യകളെ എങ്ങനെ മറക്കാൻ കഴിയും?! ■

# ബറാഹീനെ അഹ്മദിയ്യാ അഞ്ചാംഭാഗം

മുഹമ്മദ് ഉമർ എച്ച്.എ

ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹിന്റെ ഗ്രന്ഥസമുച്ചയമായ റൂഹാനീ ഖസായിന്റെ 21-ാം വാല്യം ബറാഹീനെ അഹ്മദിയ്യാ അഞ്ചാം ഭാഗം എന്ന ബൃഹത്തായ ഗ്രന്ഥമടങ്ങിയതാണ്.

ഹസ്റത്ത് അഹ്മദ് (അ) തന്റെ വാദത്തിന് മുമ്പ് ഇസ്ലാമിന്റെ സത്യതയെയും വിശുദ്ധ ഖുർആന്റെ മഹത്വത്തെയും ഹ: റസൂൽ തിരുമേനി (സ)യുടെ സത്യസാക്ഷ്യത്തെയും കുറിച്ച് 1880, 82, 84 വർഷങ്ങളിലായി ബറാഹീനെ അഹ്മദിയ്യായുടെ ഒന്നും രണ്ടും മൂന്നും നാലും വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ബറാഹീനെ അഹ്മദിയ്യയെക്കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധവൈരിയായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി എഴുതിയ റിവ്യൂവിൽ ഇത് ഈ കാലഘട്ടത്തിലുള്ള നിസ്തുല്യമായ മഹൽ ഗ്രന്ഥമാണെന്നും ഇന്നുവരെ ഇസ്ലാമിൽ ഇതുപോലുള്ള ഒരു ഗ്രന്ഥം പ്രസിദ്ധീകൃതമായിട്ടില്ലെന്നും പ്രകീർത്തിച്ചിരുന്നു.

ഇസ്ലാമിന്റെ സത്യതയെ തെളിയിക്കുന്ന ഈ മഹൽ ഗ്രന്ഥത്തിൽപ്പറഞ്ഞ കാര്യങ്ങളിൽ മൂന്നിലൊന്നോ നാലിലൊന്നോ അഞ്ചിലൊന്നോ ഭാഗത്തിന്നുള്ള മറുപടി എഴുതുന്ന ആൾക്ക് താൻ 10,000 ക. ഇനാമായി നൽകുന്നതാണെന്ന് അദ്ദേഹം ഇസ്ലാമിന്റെ ശത്രുക്കളെ വെല്ലുവിളിക്കുകയുണ്ടായെങ്കിലും ഈ വെല്ലുവിളി സ്വീകരിച്ച് മുന്നോട്ടുവരാൻ ആർക്കും തന്നെ സാധിച്ചിരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമായിരുന്നു.

പ്രസ്തുത നാലു വാല്യങ്ങൾക്കു ശേഷം തുടർന്ന് മറ്റു വാല്യങ്ങൾ എഴുതി പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ലെങ്കിലും ഇതിന്നിടയിൽ അദ്ദേഹത്തിന്ന് എൺപതിൽ അധികം മഹൽഗ്രന്ഥങ്ങൾ രചിക്കുവാനുള്ള ഭാഗ്യവും അനുഗ്രഹവും ലഭ്യമായി.

അഞ്ചാം വാല്യം പ്രസിദ്ധീകരിക്കുവാൻ ഇരുപത്തിമൂന്നു നീണ്ട സംവത്സരങ്ങൾ കാലതാമസമുണ്ടായതിനുള്ള പല കാരണങ്ങളിൽ ഒന്നായിട്ടദ്ദേഹം പറഞ്ഞത് ആ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ട നൂറുകണക്കിൽ ഇൽഹാമുകളുടെയും വഹ്‌യുകളുടെയും പുലർച്ചക്കുശേഷം അവയുടെ വിശദീകരണവും പൂർത്തീകരണവും ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയെന്നതാണ്. അതുപ്രകാരം അഞ്ചാംവാല്യത്തിൽ പ്രസ്തുത ദിവ്യവെളിപാടുകളിലടങ്ങിയ മുന്നറിയിപ്പുകളും പ്രവചനങ്ങളും എത്ര സ്പഷ്ടവും വ്യക്തവുമായിട്ടാണ് സാക്ഷാൽക്കരിക്കപ്പെടുകയും പുലരുകയും ചെയ്തതെന്ന് വിവരിക്കുന്നു.

പ്രസ്തുത ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ഇസ്ലാമിന്റെ മാഹാത്മ്യത്തെ പ്രകീർത്തിച്ച്കൊണ്ട് ഇപ്രകാരം എഴുതുന്നു:

“ഇസ്ലാം എത്രമാത്രം അനുഗൃഹീതവും ദൈവികവുമായ മതമാണെന്നാൽ, ആരെങ്കിലും യഥാർത്ഥ മനോഭാവത്തോടെ അതിനെ അനുസരിക്കുകയും അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥമായ വിശുദ്ധഖുർആനിലുള്ള അദ്ധ്യാപനങ്ങളും മാർഗ്ഗദർശനങ്ങളും ഉപദേശങ്ങളും ഉൾക്കൊണ്ട് ജീവിതം നയിക്കുകയും ചെയ്യുകയാണെങ്കിൽ ആ ആൾക്ക് ഇഹലോകത്ത് വെച്ച് തന്നെ ദൈവദർശന ഭാഗ്യം ലഭിക്കുന്നതാണ്. ലോകദൃഷ്ടിയിൽ ആയിരക്കണക്കിന് തിരശ്ശീലകൾക്കപ്പുറത്തുള്ള ദൈവത്തെ കണ്ടറിയുവാൻ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളെ കൂടാതെ വേറെ മാർഗ്ഗമില്ലതന്നെ. വിശുദ്ധഖുർആൻ വളരെ യുക്തിപൂർവ്വമായും ദൈവിക ദൃഷ്ടാന്തങ്ങളിലും വളരെ എളുപ്പമായ വഴികളിൽ കൂടിയും അല്ലാഹുവിങ്കലേക്ക് മാർഗ്ഗദർശനം നൽകുന്നു.” (പേജ് : 25)

ഹസ്റത്ത് അഹ്മദ് (അ) തന്റെ ഈ ഗ്രന്ഥത്തിൽ പരിപൂർണ്ണമായ മഅ്രിഫത്ത് (ദൈവജ്ഞാനം) ലഭിക്കുന്നതുവരെ മനുഷ്യനു പാപത്തിൽ നിന്നു വിമുക്തി നേടുവാൻ സാധിക്കുന്നതല്ല എന്നു സമർത്ഥിച്ചതിനുശേഷം മുഅ്ജിസത്തുകളുടെ യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചംവീശിക്കൊണ്ട് തദ്‌വിഷയകമായി ഒരദ്ധ്യായം തന്നെ ചേർത്തിരിക്കുന്നു. അദ്ദേഹം അരുൾ ചെയ്യുന്നു:

“മുഅ്ജിസഃ സത്യാസത്യ വിവേചനത്തിന്നായി സത്യാന്വേഷികൾക്ക് നൽകപ്പെടുന്ന ഒന്നാണ്. മുഅ്ജിസഃയുടെ യഥാർത്ഥ ഉദ്ദേശ്യം ബുദ്ധിജീവികളുടെയും ന്യായസ്ഥന്മാരുടെയും പക്കൽ സത്യവാന്നും വ്യാജന്നുമിടയിൽ വ്യത്യാസവും വിവേചനവും

കൽപ്പിക്കുകയാണ്. ഇത് ഓരോ കാലത്തിന്റെയും ആവശ്യത്തിന്നനുസൃതമായതായിരിക്കും. മുഅ്ജിസഃയുടെ വകഭേദങ്ങളും കാലത്തിന്റെ അവസ്ഥക്കനുസൃതമായിരിക്കും. അല്ലാതെ ഓരോ വിദ്വേഷിക്കും അജ്ഞനും ദുസ്വഭാവിക്കും സത്യനിഷേധിക്കും ദൈവേച്ഛക്കെതിരായിരുന്നാലും അയാളുടെ ഇഷ്ടമനുസരിച്ച് അത്ഭുത കാര്യങ്ങൾ കാണിച്ചുകൊടുക്കുകയല്ല. ഈ രീതി അല്ലാഹുവിന്റെ ഹിക്ക്മത്തിന്നെതിരാണെന്നു മാത്രമല്ല, മനുഷ്യന്റെ വിശ്വാസത്തെയും മോശമായി ബാധിക്കുന്നതായിരിക്കും." (പേജ് 44)

''ചുരുക്കത്തിൽ ദൃഷ്ടാന്തവും മുഅ്ജിസയും അതു കണ്ടമാത്രയിൽ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുക എന്നത് എല്ലാ പ്രകൃതക്കാർക്കും എളുപ്പമായ കാര്യമല്ല. മറിച്ച്, ദൃഷ്ടാന്തങ്ങളെയും മുഅ്ജിസത്തുകളെയും പ്രയോജനപ്പെടുത്തുന്നത് ബുദ്ധിജീവികളും ധിഷണാശാലികളും നീതിയെയും ന്യായത്തെയും സ്നേഹിക്കുന്നവരും സൽപ്രകൃതമുള്ളവരും ആയിരിക്കും. അവരുടെ ദൈവദത്തമായ ഉൾക്കാഴ്ചയും ദൂര ദൃഷ്ടിയും സൂക്ഷ്മതയും ദൈവഭക്തിയും കാരണം ഇവ സാധാരണ ഭൗമിക കാര്യങ്ങളല്ലെന്നും ഒരു വ്യാജവാദിക്കും ഇപ്രകാരം കാണിക്കുവാൻ സാധിക്കുന്നതല്ലെന്നും ഇതൊന്നും മനുഷ്യനിർമ്മിതമല്ലെന്നും മനുഷ്യന്റെ കൈകടത്തലുകൾക്കതീതമായ കാര്യങ്ങളാണെന്നും കരുതി സത്യഹൃദയത്തോടെ വിശ്വസിക്കുന്നവരായിരിക്കും." (പേജ് 45)

പ്രസ്തുത ഗ്രന്ഥത്തിന്റെ രണ്ടാമത്തെ അദ്ധ്യായം ബറാഹീനെ അഹ്മദിയ്യായുടെ നാലു വാള്യങ്ങളിൽ പ്രസിദ്ധീകൃതമായ ധാരാളം വഹ്യ്-ഇൽഹാമുകളിൽ ഉള്ള മുന്നറിയിപ്പുകളുടെയും പ്രവചനങ്ങളുടെയും പുലർച്ചയും സാക്ഷാൽക്കാരവും അടങ്ങിയതാണ്. ഇവയുടെ വിശദീകരണത്തിന് ഒരു ബൃഹദ്ഗ്രന്ഥംതന്നെ ആവശ്യമായി വരുന്നത്കൊണ്ട് അതിന്നിവിടെ തുനിയുന്നില്ല. പ്രസ്തുത പ്രവചനങ്ങളിലടങ്ങിയ ദൃഷ്ടാന്തങ്ങൾ ഏകദേശം പത്തുലക്ഷത്തിൽപരം വരുമെന്ന ദ്ദേഹം തെളിവുകളോടുകൂടി ഉദ്ധരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ സൂറ: അൽകഹ്ഫിൽ പ്രതിപാദിക്കപ്പെട്ട ദുൽഖർനൈനോട് തന്നെ താരതമ്യപ്പെടുത്തിക്കൊണ്ട് ഈ കാലത്ത് ആവിർഭവിച്ച യഅ്ജൂജ് മഅ്ജൂജിന്റെ യാഥാർത്ഥ്യവും തക്കസമയത്തുള്ള തന്റെ ആവിർഭാവവും തന്റെ സത്യത്തിന്നുള്ള ദൃഷ്ടാന്തമായദ്ദേഹം വിവരിക്കുന്നു.

ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് ഈ ഗ്രന്ഥത്തിൽ സൂറത്തുൽ മുഅ്മിനീനു വ്യാഖ്യാനം നൽകിക്കൊണ്ട് മനുഷ്യന്റെ ശാരീരികമായ ജനനത്തിന്റെ ആറു ഘട്ടങ്ങളെ ആത്മീയമായ ജനനത്തിന്റെ ആറു ഘട്ടങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് അതിനു മുമ്പ് ഒരു ഖുർആൻ വ്യാഖ്യാതാവും സ്പർശിക്കാത്ത രീതിയിൽ വളരെ ഹൃദയസ്പൃക്കായും ഈമാനെ ബലപ്പെടുത്തുന്ന രീതിയിലും വിശദീകരിച്ചിരിക്കുന്നു.

ഹസ്റത്ത് അഹ്മദ് (അ) ഭൂകമ്പങ്ങളെക്കുറിച്ച് ചെയ്ത പ്രവചനങ്ങളെ ആക്ഷേപിച്ചുകൊണ്ട് ഉന്നയിച്ച ചോദ്യത്തിന് സവിസ്തരം മറുപടി നൽകുകയുണ്ടായി.

ഒരു ചോദ്യത്തിനുത്തരം നൽകിക്കൊണ്ട് ഹ: അഹ്മദ് (അ) ഹ: നബി കരീമി(സ)ന്ന് ശേഷം ആവിർഭൂതനാകുന്ന വാഗ്ദത്ത മഹ്ദി മസീഹിന്റെ നബിത്വവാദത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് ഇപ്രകാരം വെളിച്ചം വീശുന്നു.

"അറബി ഹിബ്രു ഭാഷകളിൽ നബി എന്ന വാക്കിനുള്ള അർത്ഥം ദൈവത്തിൽ നിന്നു ദിവ്യവെളിപാടു ലഭിച്ചു പ്രവചനം ചെയ്യുന്ന ആൾ (പ്രവാചകൻ) എന്നാണ്. വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് ഹ: നബികരീം (സ) തിരുമേനിയിൽ നിന്നു അനുഗ്രഹം നേടി ആ പുണ്യാത്മാവിൽ തന്നെ അർപ്പണം ചെയ്ത് അദ്ദേഹത്തെ അനുസരിക്കുന്ന ആൾക്ക് അല്ലാഹു ദിവ്യഭാഷണം എന്ന അനുഗ്രഹം നൽകുന്നു. അങ്ങനെ ആ ആൾക്ക് ദിവ്യഭാഷണം മുഖേന അദൃശ്യവും നിഗൂഢവുമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവു ലഭിക്കുകയാണെങ്കിൽ ആ രീതിയിലുള്ള നബിക്ക് ഈ ഉമ്മത്തിൽ വരാവുന്നതാണ്. അത്തരം നുബുവ്വത്ത് നിർത്തൽ ചെയ്യപ്പെട്ടു എന്നത് നമ്മുടെ മതമല്ല. പുതിയ ശരീഅത്ത് നിയമങ്ങൾ കൊണ്ടുവരുകയും റസൂൽ തിരുമേനിയെ പിൻപറ്റുന്നതിൽ നിന്നു വിട്ടു നിൽക്കുകയും ചെയ്യുന്ന നുബുവ്വത്തിന്റെ കവാടം എന്നെന്നേക്കുമായി അടഞ്ഞുപോയിരിക്കുന്നു. എന്നാൽ ഏതൊരാൾക്ക് അല്ലാഹുവിൽനിന്ന് ലഭിച്ച വഹ്യിൽ ഉമ്മത്തി എന്നും മറ്റൊരു ഭാഗത്ത് നബിയെന്നും പേരു വെക്കപ്പെട്ടിരിക്കുന്നുവോ അത്തരം വാദം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമല്ല. കാരണം, ആ ആൾക്ക് നുബുവ്വത്ത് ലഭിച്ചിരിക്കുന്നത് ഒരു ഉമ്മത്തി എന്ന നിലക്കാണ്. വാസ്തവത്തിൽ ഈ നുബുവ്വത്ത് ഹസ്റത്ത് റസൂൽ തിരുമേനി (സ)യുടെ തന്നെ നുബുവ്വത്തിന്റെ പ്രതിച്ഛായയാണ്. സ്വതന്ത്രനുബുവ്വത്തല്ല "(പേജ് 352).

ഈ ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലായി വിശുദ്ധഖുർആന്റെ ആയത്തുകളുടെ വെളിച്ചത്തിൽ അവിതർക്കിതമായ രീതിയിൽ ഹസ്റത്ത് ഈസാനബിയുടെ മരണത്തെക്കുറിച്ച് സന്ദർഭാനുസരണം വിശദീകരിച്ചിരിക്കുന്നുവെന്നത് ഇവിടെ പ്രസ്താവ്യമാണ്.

ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് 'ഖാത്തിമ' എന്ന ശീർഷകത്തിൽ ഇതിൽ വിവരിക്കപ്പെട്ട നാലു കാര്യങ്ങൾ സംക്ഷിപ്തമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

(1) ഇസ്ലാമിന്റെ സത്യതയും യാഥാർത്ഥ്യവും

(2) വിശുദ്ധ ഖുർആന്റെ മഹോന്നതവും പരിപൂർണ്ണവുമായ അദ്ധ്യാപനങ്ങൾ.

(3) ബറാഹീനെ അഹ്മദിയ്യായുടെ നാലു വാള്യങ്ങളിൽ പ്രതിപാദിക്കപ്പെട്ട ദിവ്യവെളിപാടുകളുടെ പുലർച്ചയും പൂർത്തീകരണവും.

(4) തന്റെ പേര് ഈസാ എന്നു വെക്കപ്പെട്ട ഇൽഹാമുകളുടെ യാഥാർത്ഥ്യവും വിശദീകരണവും.———■

# ഐക്യരാഷ്ട്രസഭയുടെ ഭാവി

വി. ബി. ഉണ്ണിത്താൻ

**1919** സപ്തംബർ 25. അമേരിക്കൻകോൺഗ്രസ്സിലെ സെനറ്റംഗങ്ങളെ അഭിസംബോധന ചെയ്യുകയാണ് അന്നത്തെ പ്രസിഡണ്ട് വുഡ്രോ വിൽസൺ: "ലോക സമാധാനത്തിനും സുരക്ഷിതത്വത്തിനുമായി ലീഗ് ഓഫ് നേഷൻസ് ഇനി ലോകത്തിൽ നാഴികക്കല്ലാകും. അത് എല്ലാരാജ്യങ്ങളുടെയും ആഭ്യന്തര അവകാശങ്ങൾ സംരക്ഷിക്കുകയും ലോക സമാധാനത്തിനും സുരക്ഷിതത്വത്തിനുംവേണ്ടി എക്കാലവും നിലകൊള്ളുകയും ചെയ്യും. ഇതിൽ ഞാൻ മുന്നോട്ടുവെച്ച 14 തത്ത്വങ്ങൾ നിയമരേഖയിലും ലീഗിന്റെ 'കവനെന്റിലും' സ്ഥാനം പിടിച്ചകാര്യം എക്കാലവും അമേരിക്കക്കാർക്ക് അഭിമാനിക്കാം".

ബ്രിട്ടീഷ് കൊളോണിയൽ സംസ്കാരത്തിന്റെ വറുതിയിൽനിന്ന് സ്വാതന്ത്ര്യം നേടിയ പഴയ 13 അമേരിക്കൻ സ്റ്റേറ്റുകളുടെ ചിന്തകളായിരുന്നു, ഈ പ്രസംഗം കഴിഞ്ഞ് അടുത്ത മാസങ്ങളിൽ വിൽസനെ നയിച്ചത്. ഔദ്യോഗികമായി 'ലീഗ്' നിലവിൽവരുകയും അതിൽ നിന്ന് അതിബുദ്ധിപരമായി തന്നെ വിൽസൺ മാസങ്ങൾക്കകം പിൻവാങ്ങുകയും ചെയ്തു. ഒന്നാം ലോക യുദ്ധത്തിൽ ജർമനിയെ കശക്കിയെറിയുകയും യുദ്ധ പുനർ നിർമാണത്തിനായി വൻ തുക അടിച്ചേൽപിക്കുകയും ചെയ്ത സഖ്യകക്ഷികളിൽ മുമ്പനായ അമേരിക്ക, അന്നേ പുത്തൻ കണക്കുകൂട്ടലുകളുടെ മേച്ചിൽപുറങ്ങൾ തേടി എന്നതാണ് സത്യം. വുഡ്രോ വിൽസണ് വ്യക്തിപരമായ ശാരീരിക അസുഖങ്ങളാണെന്നും ലീഗിൽ ചേരുന്ന കാര്യം തീരുമാനിക്കാൻ ഇപ്പോഴത്തെ അവസ്ഥയിൽ കഴിയില്ലായെന്നുമുള്ള അമേരിക്കൻ കോൺഗ്രസ്സിന്റെ പ്രഖ്യാപനത്തിനു പിന്നിലും വിൽസൺ തന്നെയായിരന്നുവെന്ന് അക്കാലത്ത് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ.റിച്ചാർഡ് ഹൂബിസ് എഴുതിയിരുന്നു. 14 തത്ത്വങ്ങളിലൂടെ ലോകത്തെ ഒരു സംഘടനയ്ക്കുള്ളിലാക്കുക; എല്ലാം നോക്കി യാതൊന്നും ബാധകമല്ലാതെ ഒരു വലിയ 'ഒറ്റയാനായി', ആർക്കും നിയന്ത്രിക്കാനാവാതെ ലോകം കൈപ്പിടിയിലൊതുക്കുകയെന്ന ലക്ഷ്യവും ലീഗിൽ ചേരാതെ മാറി നിന്നതിനു പിന്നിൽ അമേരിക്കയ്ക്കുണ്ടായിരുന്നു.

1933ന് ശേഷം ഹിറ്റ്ലർ ജർമനിയിലെ ജൂതന്മാരെ നിഷ്കരുണം കൂട്ടക്കൊല നടത്തിയപ്പോൾ റഷ്യയടക്കമുള്ള അന്നത്തെ ശക്തികൾ അതിനെതിരെ കൈകോർക്കാൻ അമേരിക്കൻ നേതൃത്വത്തോട് അഭ്യർത്ഥിച്ചിരുന്നു. പക്ഷേ, അവർ വഴങ്ങിയില്ല.

രാഷ്ട്രങ്ങൾ വ്യക്തിപരമായി 'ലീഗി'നെ അവഗണിച്ചത് തന്നെയായിരുന്നു അതിന്റെ പതനത്തിന് മുഖ്യഹേതു. 1935ലെ ഇറ്റലിയുടെ അബിസീനിയൻ ആക്രമണവും 1936ലെ സ്പാനിഷ് ആഭ്യന്തരയുദ്ധവും ഇതിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്. രാജ്യങ്ങളുടെ സമത്വത്തിൽ ഒരിക്കലും വിശ്വസിക്കാതിരുന്ന ഹിറ്റ്ലറുടെ നടപടി ലീഗിന്റെ ആണിക്കല്ലുകൾ അടർത്തിയെറിഞ്ഞെങ്കിൽ, ഇതിനെല്ലാം വെളിയിൽ എന്തോ ലക്ഷ്യംവെച്ച് മാറിനിൽക്കുക മാത്രമായിരുന്നു അന്നും അമേരിക്ക. ഇന്ന് യു. എൻ.ന്റെ ആണിക്കല്ലുകൾ അടർത്തിയെറിയാൻ അമേരിക്കയാണ് ശ്രമിക്കുന്നത്.

വലിയ ലോകരാഷ്ട്രങ്ങളുടെ പിന്തുണയില്ലായ്മ, സാമ്പത്തിക പ്രശ്നം, തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം, ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കളിപ്പാവയാകേണ്ടിവന്നത്, കൂട്ടുസുരക്ഷയ്ക്ക് പദ്ധതിയില്ലാതിരുന്നത്, ഫ്രാൻസും ബ്രിട്ടനും തമ്മിലുള്ള അഭിപ്രായ ഭിന്നത എന്നിവയെല്ലാം 'ലീഗ്' തകർന്നതിന്റെ മുഖ്യ കാരണങ്ങളായി എടുത്ത് പറയാമെങ്കിലും ഹിറ്റ്ലറെയും മുസ്സോളിനിയേയും നിയന്ത്രിക്കാൻ കഴിയാത്തതായിരുന്നു 'ലീഗി'ന്റെ പതനത്തിന് മുഖ്യകാരണം. ഇന്ന് യു.എസ്സിനെ നിലയ്ക്കുനിർത്താൻ ഐക്യരാഷ്ട്രസഭയ്ക്കാവുന്നില്ല.

ലീഗിനെ തകർക്കാൻ ഹിറ്റ്ലറും മുസ്സോളിനിയും കളിച്ച അതേകളിയിന്ന് അമേരിക്കൻ പ്രസിഡണ്ട് ജോർജ് ഡബ്ല്യു ബുഷ് ആവർത്തിക്കുന്നു. യു. എന്നിൽ അംഗരാഷ്ട്രങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ട് അതു മറ്റൊരു 'ലീഗാ'യി മാറാനും ബുഷിന്റെ നടപടികൾ കാരണമായേക്കാം. ഇറാഖിനെ ആക്രമിക്കാൻ പിൻതുണ നൽകാതിരുന്ന ഐക്യരാഷ്ട്രസഭയുടെ തീരുമാനത്തോട് ബുഷ് പ്രതികരിച്ചതുതന്നെ മുസ്സോളിനിയുടേയും ഹിറ്റ്ലറുടേയും ധാർഷ്ട്യത്തിൽ തന്നെ. "അമേരിക്കയുടെ ആവശ്യം അംഗീകരിക്കാത്ത യു. എൻ. അമേരിക്കക്കാർക്ക് ആവശ്യമുണ്ടോ?" ഇതാണ് ബുഷിന്റെ മനോഭാവം.

കഴിഞ്ഞ ദിവസങ്ങളിൽ അമേരിക്കൻ വിദേശകാര്യസെക്രട്ടറി കോളിൻ പവൽ പ്രഖ്യാപിച്ചതും പണ്ട് ഹിറ്റ്ലർ പോളണ്ടിന്റെ കാര്യത്തിൽ എടുത്ത നിലപാടും വ്യത്യസ്തമായി കാണാൻ പറ്റില്ല. സദ്ദാം ഹുസൈനെ സ്ഥാനഭ്രഷ്ടനാക്കിയ ശേഷം ഇറാഖിന്റെ നിയന്ത്രണം ഐക്യരാഷ്ട്രസഭയ്ക്ക് വിട്ടുകൊടുക്കില്ലെന്നും അത് അമേരിക്കയും ബ്രിട്ടനും തീരുമാനിക്കുമെന്നുമാണ് പവൽ പറഞ്ഞത്.

ഐക്യരാഷ്ട്രസഭ അമേരിക്കയ്ക്ക് ഒന്നുമല്ല; "ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കു''മെന്ന ഈ അമേരിക്കൻ ധാർഷ്ട്യം യു.എന്നിനെ തകർക്കാനല്ലാതെ മറ്റെന്തിനാണ്?

അമേരിക്ക ഇറാഖിൽ ചെയ്യുന്ന അതേ കൃത്യം ഇനിയുള്ള നാളുകളിൽ മറ്റ് ശക്തികൾ മറ്റ് പലയിടത്തും ആവർത്തിച്ചാൽ ഐക്യരാഷ്ട്രസഭയ്ക്ക് എന്ത് ചെയ്യാനാകും? ഇങ്ങനെ കൊച്ചുകൊച്ചു യുദ്ധങ്ങളായിരുന്നു രാഷ്ട്രങ്ങൾ തമ്മിൽതെറ്റി, രണ്ടാം ലോകയുദ്ധത്തിന് കളമൊരുക്കിയത്; ലീഗിന്റെ മരണത്തിനും. ചരിത്രത്തിൽ നിന്ന് നമ്മൾ എന്നാണ് പാഠം പഠിച്ചു തുടങ്ങുന്നത്? ■



# അമീർ സാഹിബുമായുള്ള അഭിമുഖം

**രണ്ടുവർഷത്തേക്ക് കൂടി (2005 വരെ) കേരളസംസ്ഥാന അമീറായി ഖലീഫത്തുൽ മസീഹിൽ നിന്നു നിയമനം ലഭിച്ച ഏ. പി. കുഞ്ഞാമു സാഹിബുമായി സത്യദൂതൻ പ്രതിനിധി നടത്തിയ അഭിമുഖം വ്യക്തിപരവും മതപരവും സാമൂഹികവുമായ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വെളിപ്പെടുത്തുന്നു.**

**ചോദ്യം: താങ്കളുടെ കുടുംബ പശ്ചാത്തലം വിവരിക്കാമോ?**

ഉത്തരം: കണ്ണൂർ ജില്ലയിലെ തലശ്ശേരിക്കും പഴയ ഫ്രഞ്ചുകോളനിയായ മാഹിക്കും ഇടയിലെ പുന്നോൽ എന്ന ഗ്രാമമാണ് എന്റെ സ്വദേശം. 1934 ആഗസ്റ്റ് 21ന് പുന്നോലിലെ ആലമ്പത്ത് തറവാട്ടിലാണ് ഞാൻ ജനിച്ചത്. പിതാവ് ഫ്രഞ്ച് മാഹി സ്വദേശിയായ കുഞ്ഞിപ്പോക്കറും മാതാവ് കുഞ്ഞിമറിയവും. എ. കെ. കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന മാഹി സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്ക് വഹിച്ചയാളാണ് പിതാവ്. എനിക്ക് അഞ്ചു കുട്ടികളാണ്. ഖലീലുറഹ്മാൻ, വസീം അഹ്മദ്, സാജിത, സാലിഹ, സാബിറ. സഹോദരന്മാർ, ഏ.പി.കുഞ്ഞിമൂസ(മർഹൂം), ഏ.പി.അബൂട്ടി(മർഹൂം), ഡോ. ഏ. പി. അഹ്മദ്, പ്രൊഫ. ഹംസ, അഡ്വ.ഖാദർകുട്ടി. രണ്ടു സഹോദരിമാരും.

**ചോ. അഹ്മദിയ്യാ ജമാഅത്തിലേക്ക് എത്തുന്നതിന് മുമ്പത്തെ മത-സാമൂഹിക ജീവിതം?**

ഉ: എന്റെ ഗ്രാമവും കുടുംബവുമെല്ലാം വളരെ യാഥാസ്ഥിതിക പശ്ചാത്തലത്തിലാണ് കഴിഞ്ഞുവന്നത്. പുരോഗമനപരമായ ഒരു മതപ്രസ്ഥാനത്തിന്റെ കണിക പോലും ഞങ്ങളുടെ ചുറ്റുപാടിലുണ്ടായിരുന്നില്ല. മൗലൂദ്, നേർച്ച എന്നിവകൾ മുറപോലെ നടത്തിവന്നു എന്നല്ലാതെ മതകീയ ജീവിതം തികച്ചും നിർജ്ജീവമായിരുന്നു. ചെറുപ്പത്തിൽ മതത്തിനോട് സജീവമായ ഒരാഭിമുഖ്യം എനിക്കുണ്ടായിരുന്നില്ല. എങ്കിലും സാമുദായികാഭിമാനം എന്റെ ഒരു വികാരമായിരുന്നു. കലാസാഹിത്യ രംഗങ്ങളിലെ മുസ്‌ലിം നായകന്മാരെ കാണുമ്പോൾ അവ്യക്തമായ ഒരു സാക്ഷാൽക്കാര നിർവൃതി അനുഭവപ്പെട്ടു. വലിയ സിനിമാപാട്ടുകാരൻ മുഹമ്മദ് റാഫി, പ്രശസ്ത സിനിമാനടൻ ദിലീപ്കുമാർ(യൂസുഫ്ഖാൻ), പാട്ടുകാരി നൂർജഹാൻ മുസ്‌ലിംകളായ ഇവരെല്ലാം അതത് രംഗങ്ങളിൽ മുമ്പന്മാരായി വന്നതിൽ ഞാനും അഭിമാനം കൊണ്ടിരുന്നു. ഇസ്‌ലാമിനെക്കുറിച്ച് ആരെങ്കിലും വിമർശിച്ചാൽ അതേ ഭാഷയിലും സംസ്കാരത്തിലും മറുപടി പറയുകയും ചെയ്തിരുന്നു. റമസാൻ മാസമായാൽ നാലോ അഞ്ചോ നോമ്പനുഷ്ഠിക്കും. വിദ്യാർത്ഥിയായിരുന്നപ്പോൾ പരീക്ഷയായാൽ നമസ്കരിക്കും. നോമ്പ്കാലത്ത് തറാവീഹ് നമസ്കരിക്കാൻ പോകും. അത് വെറും രസത്തിനുവേണ്ടിയായിരുന്നു. ഇസ്‌ലാം ഒരു സാമുദായികാവേശം എന്നല്ലാതെ എന്റെ ആത്മാവിലേക്ക് അത് ഇറങ്ങി ച്ചെന്നിട്ടില്ലായിരുന്നു. ഇതാണ് അഹ്മദിയാവുന്നതിന്നു മുമ്പത്തെ എന്റെ മത ജീവിതം.

**ചോ: അഹ്മദിയായ സാഹചര്യം വിവരിക്കാമോ?**

ഉ: തേർഡ് ഫോമിൽ, അതായത് ഇപ്പോഴത്തെ 8ാം ക്ലാസിൽ പഠിക്കുന്ന കാലത്താണ് അഹ്മദിയ്യാ ജമാഅത്തിനെപറ്റി ആദ്യം കേൾക്കാനിടയായത്. മേലേക്കണ്ടി കുഞ്ഞാമുസാഹിബ് എന്നൊരാൾ ഞങ്ങളുടെ നാട്ടിൽ 'ഖാദിയാനി'യായി എന്ന ശ്രുതിയുണ്ടായിരുന്നു അന്ന്. അദ്ദേഹം അന്നത്തെ തലശ്ശേരി ഖാസിയായ മുത്തുക്കോയതങ്ങളെ ഒരുവിവാദത്തിൽ പരാജയപ്പെടുത്തുകയും അത് ഞങ്ങളുടെ നാട്ടിൽ വമ്പിച്ച കോളിളക്കം സൃഷ്ടിക്കുകയും ചെയ്തു. ഈ സംഭവത്തെ തുടർന്ന്

'ഖാദിയാനിസത്തിന്റെ മരണമണി' എന്ന പേരിൽ ഒരു നോട്ടീസ് പ്രത്യക്ഷപ്പെടുകയുണ്ടായി. നാട്ടിലെ ചില ചെറുപ്പക്കാർക്കിടയിൽ ഈ വിവാദങ്ങൾ ആളിപ്പടർന്നു. സ്വാഭാവികമായും ഞാനും ആ വിവാദങ്ങളിൽ പങ്കെടുത്തു. ഖാത്തമുന്നബിയ്യീൻ, ലാനബിയ്യ ബഅ്ദി എന്നീ പ്രമാണങ്ങളുള്ളിടത്തോളം കാലം ഖാദിയാനികളുടെ വാദത്തിനു പ്രസക്തിയില്ല എന്ന് അഹ്മദിയ്യാ അനുഭാവികളായ് ചെറുപ്പക്കാരോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിച്ചതായോർക്കുന്നു. എങ്കിലും മേലേക്കണ്ടി കുഞ്ഞാമുസാഹിബിനെതിരെയുള്ള സാമൂഹിക ബഹിഷ്കരണത്തോടും പന്തിവിരോധത്തോടും എന്റെ മനസ്സാക്ഷി യോജിച്ചിരുന്നില്ല. ഈ സംഭവത്തെ തുടർന്ന് എന്റെ ഗ്രാമത്തിലെ കുറച്ച് യുവാക്കൾ അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിച്ചതോടെ രംഗം ആളിക്കത്തി. മുജാഹിദ് പ്രസ്ഥാനത്തിനു തന്നെ ഈ അടുത്ത കാലത്താണ് അവിടെ വേരൂന്നാൻ കഴിഞ്ഞത്. അപ്പോൾ അക്കാലത്തെ ബഹളം പറയേണ്ടതില്ലല്ലോ. അതിന്റെ കാറ്റും കോളുമെല്ലാം കെട്ടടങ്ങി കുറെക്കഴിഞ്ഞപ്പോൾ ജനം അതെല്ലാം മറന്നു. പിന്നെയും ഞങ്ങളുടെ നാട്ടിലെ യാഥാസ്ഥിതിക സമൂഹം ക്ഷോഭങ്ങളൊന്നുമില്ലാതെ ശാന്തമായൊഴുകി.

ഞാൻ നല്ലൊരു വോളിബോൾ കളിക്കാരനായിരുന്നു. അതുകൊണ്ടാണ് തലശ്ശേരി ബ്രണ്ണൻ കോളജിൽ എനിക്ക് സീറ്റ് കിട്ടിയത്. മദ്രാസ് യൂനിവേഴ്സിറ്റിക്ക് വേണ്ടി ബാംഗ്ലൂരിലും മറ്റും പോയി കളിക്കാൻ എനിക്ക് അവസരമുണ്ടായി. ആ അവസരത്തിൽ കളിയുടെ മികവിന്റെ അടിസ്ഥാനത്തിൽ ഒരു ഉയർന്ന എയർഫോഴ്സ് ഉദ്യോഗസ്ഥൻ വ്യോമസേനയിൽ ചേരാൻ എന്നെ നിർബന്ധിച്ചുവെങ്കിലും വിധി ആ വഴി തട്ടിമാറ്റുകയാണുണ്ടായത്. ഇന്റർമീഡിയറ്റ് വരെ തുടർന്ന എന്റെ വിദ്യാഭ്യാസത്തിന് പിതാവിന്റെ സിലോണിൽ വെച്ചുള്ള മരണത്തോടെ വിരാമമായി. പിന്നീട് കോഴിക്കോട് ഒരു പ്രൈവറ്റ് കമ്പനിയിൽ ശമ്പളക്കാരനായി ജോലി നോക്കി. ജോലിയുടെ ഭാഗമായി കേരളത്തിനകത്തും പുറത്തും ധാരാളം സഞ്ചരിക്കേണ്ടിവന്നു. ഈ കാലഘട്ടം എന്റെ ജീവിതത്തിലെ കറുത്ത അദ്ധ്യായങ്ങളായിരുന്നു. ആ കാലത്താണ് എന്റെ ബാല്യം മുതൽക്കേ ആത്മസുഹൃത്തായിരുന്ന വി.സി. ഉസ്മാൻ സാഹിബുമൊത്ത് ഒരു കച്ചവടം കോഴിക്കോട്ട് ആരംഭിച്ചത്. ഇസ്ലാമിക കർമ്മങ്ങൾ കൃത്യനിഷ്ഠയോടെ പാലിച്ചിരുന്ന ഭക്തനായ എന്റെ സുഹൃത്ത് മുജാഹിദ് പ്രസ്ഥാനക്കാരനായിരുന്നു. അദ്ദേഹവുമായുള്ള സഹവാസം എന്നിൽ പതുക്കെ പരിവർത്തനമുണ്ടാക്കി. ആ സന്ദർഭത്തിലാണ് ജമാഅത്തെ ഇസ്ലാമി നേതാവായ കെ.സി. അബ്ദുള്ള മൗലവി സാഹിബ് കുറ്റിച്ചിറയിൽ ഖാദിയാനികൾക്കെതിരെ പ്രസംഗ പരമ്പര ആരംഭിച്ചത്. അക്കാലത്ത് കോഴിക്കോട് ഖലീഫാ മസ്ജിദിൽ ഖുത്ബയോതിയിരുന്ന അദ്ദേഹത്തിന്റെ പ്രസംഗത്തോട് എനിക്ക് വളരെ ആഭിമുഖ്യമുണ്ടായിരുന്നു. പ്രസംഗങ്ങളെല്ലാം ഞാൻ കൗതുകപൂർവ്വം ശ്രവിച്ചു. കുറ്റിച്ചിറ പ്രസംഗത്തിന്റെ സമാപ്തി ദിനത്തിൽ ഖാദിയാനീ പക്ഷത്ത് നിന്നു മറുപടിയുണ്ടാകുമെന്ന ഒരു കൊച്ചു നോട്ടീസ് ലഭിച്ചു. ഏതായാലും അതും കേട്ടുകളയാം എന്നുകരുതി. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. ഏ. ആയിരുന്നു പ്രഭാഷകൻ. ആ പ്രസംഗധോരണി അക്ഷരാർത്ഥത്തിൽ എന്നെ കീഴ്പ്പെടുത്തി. എച്ച്. ഏ. എന്ന ചുരുക്കപ്പേരിലറിയപ്പെട്ടിരുന്ന ആ മൗലവി കെ. സി. യുടെ വാദമുഖങ്ങളെ ഒന്നൊന്നായി ഖണ്ഡിച്ചു. പ്രമാണങ്ങൾ നിരത്തിയുള്ള ആ പ്രസംഗത്തിനുമുമ്പിൽ കെ. സി. യുടെ ഒരു ന്യായത്തിനും നിലനിൽപ്പില്ല എന്നെനിക്ക് തോന്നി. പിന്നീട് കോഴിക്കോട്ടെ ദാറുസ്സലാമിൽ വെച്ച് മൗലവി സാഹിബിന്റെ സവിധത്തിൽ നടന്ന നിരന്തരമായ സംശയനിവാരണ സംഗമങ്ങളാണ് എന്നെ ഈ പരിശുദ്ധമായ ജമാഅത്തിലെത്തിച്ചത്. മാത്രമല്ല അല്ലാഹുവിൽ നിന്നുള്ളതാണ് എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്ന നല്ല സ്വപ്നങ്ങളും ഈ ജമാഅത്ത് സത്യമാണെന്ന് എനിക്ക് ദൃഢബോധ്യം വരുത്തി. 1960 സെപ്തംബറിലോ ഒക്ടോബറിലോ ആണ് ഞാൻ ബൈഅത്ത് ചെയ്തത്.

**ചോ: ബൈഅത്ത് ചെയ്തതിന് ശേഷമുള്ള സാഹചര്യം?**

ഉ: ബൈഅത്ത് ചെയ്യുമ്പോൾ വളരെയേറെ പ്രശ്നങ്ങളുണ്ടായിരുന്നു. രണ്ടു സഹോദരികൾ, ഇളയമ്മയുടെ മകൾ ഇവർക്കൊക്കെ ഭർത്താവിനെ കിട്ടാനുള്ള പ്രയാസം. ഞങ്ങൾ കടമായി ചരക്കെടുത്തിരുന്നവരെല്ലാം സുന്നികളായിരുന്നു. ഇതൊക്കെ എന്നെ തുറിച്ചുനോക്കിയ വ്യക്തിപരമായ പ്രതിസന്ധികളായിരുന്നു. എനിക്ക് ഏറ്റവും കൂടുതൽ സഹായകരമായത് എന്റെ ജ്യേഷ്ഠൻ അബൂട്ടി സാഹിബ് എന്നോടൊപ്പം ബൈഅത്ത് ചെയ്തിരുന്നു എന്നതാണ്. ഞങ്ങൾ ഇരുവരും ഈ പ്രയാസങ്ങൾ തരണം ചെയ്യാൻ ദൃഢ നിശ്ചയമെടുത്തു. മറ്റൊന്ന് എന്റെ വന്ദ്യമാതാവിൽ നിന്ന് എതിർപ്പുണ്ടായിരുന്നില്ല. അവർക്ക് പിന്നീട് ജമാഅത്തിൽ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. അല്ലാഹു അവർക്ക് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. കുടുംബാംഗങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ലഘുതരമായ എതിർപ്പുകളൊക്കെ ഉണ്ടായിരുന്നു. അല്ലാഹു അതെല്ലാം എനിക്ക് എളുപ്പമാക്കിത്തന്നു. പരീക്ഷണങ്ങൾ എന്ന നിലക്ക് എന്റെ ആത്മീയ ജീവിതത്തിന് അതെല്ലാം നന്മയായി വന്നു എന്ന് ഞാൻ കരുതുന്നു.

**ചോ: കോഴിക്കോട് ജമാഅത്തായിരുന്നല്ലോ താങ്കളുടെ പ്രവർത്തനരംഗം. താങ്കൾ വരുമ്പോഴും അതിനുശേഷവുമുള്ള കോഴിക്കോടിന്റെ അവസ്ഥ?**

ഉ: കോഴിക്കോട് അനുഗൃഹീതമായ ഒരു ജമാഅത്താണ്. ഭൂരിഭാഗം പേരും

സ്വാത്വികരും സാധുക്കളുമായിരുന്നു. സിൽക്ക് സ്ട്രീറ്റിലെ ദാറുസ്സലാമിലെ അന്നത്തെ ചെറിയ സദസ്സുകൾ എന്നും സജീവമായിരുന്നു. എനിക്ക് ലഭിച്ച ആദ്യത്തെ ഔദ്യോഗികസ്ഥാനം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ് സ്ഥാനമാണ്. രണ്ടാം പ്രാവശ്യവും ഖായിദായി തിരഞ്ഞെടുക്കപ്പെട്ടു. ഒരു വർഷം കഴിഞ്ഞപ്പോൾ ജമാഅത്തിന്റെ പ്രസിഡന്റായി. അന്നുമുതൽ എന്റെ ഓർമ്മ ശരിയാണെങ്കിൽ 35 വർഷമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ തുടരുന്നു. (പിന്നീട് കോഴിക്കോടിന്റെ അമീർസ്ഥാനവും ലഭിച്ചു.)

**ചോ: അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാന അമീർ എന്ന നിലയ്ക്കുള്ള പ്രവർത്തനം?**

1993 മുതൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ സംസ്ഥാന അമീറാണ്. സാധാരണ തിരഞ്ഞെടുപ്പ് നടത്തി ഖലീഫത്തുൽ മസീഹിന്റെ അംഗീകാരം ലഭിക്കുന്ന രീതിയാണ് ഉണ്ടാവാറുള്ളത്. നേരിട്ടുള്ള നിയമനവും ഉണ്ടാകാറുണ്ട്. ഇത്തവണ ഹുസൂർ തിരുമനസ്സ് എന്നെ നേരിട്ട് രണ്ട് വർഷത്തേക്ക് (2003-5) അമീറായി നിയമിക്കുകയാണുണ്ടായത്. ഈ രംഗത്തെ എന്റെ പ്രവർത്തനങ്ങൾക്ക് ഞാൻ എന്റെ സഹപ്രവർത്തകരോടാണ് കടപ്പെട്ടിരിക്കുന്നത്. അതാത് വകുപ്പ് സെക്രട്ടറിമാർ അവരുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നിർദ്ദിഷ്ട ലക്ഷ്യങ്ങളിലെത്തിക്കണമെന്നാണ് എന്റെ ആഗ്രഹം. അവർക്കെല്ലാം ഒരു പരിധി വരെ വിജയംപ്രാപിക്കാൻ സാധിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

**ചോ: കേരളത്തിലെ പ്രവർത്തനങ്ങൾ? മറ്റു സംസ്ഥാനങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ ജമാഅത്തിലേക്ക് വന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിൽ അങ്ങനെ സംഭവിക്കാതിരിക്കാൻ കാരണം?**

ഉ: കേരളത്തിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. പ്രചാരണ-പ്രസിദ്ധീകരണരംഗത്ത് ഈയടുത്തകാലത്ത് വളരെയേറെ പുരോഗതിയുണ്ടായിട്ടുണ്ട്. പൊതു മാനദണ്ഡമനുസരിച്ച് എണ്ണത്തിൽ കുറവാണെങ്കിലും വൈവിധ്യമുള്ള പല പുസ്തകങ്ങളും ഇറങ്ങിയിട്ടുണ്ട്. അതാത് പ്രദേശത്തുള്ള ജനസംഖ്യയുടെ പത്ത് ശതമാനം പേർക്ക് നമ്മുടെ സാഹിത്യങ്ങൾ എത്തിക്കണമെന്ന ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശം കേരളത്തിൽ വളരെ വ്യവസ്ഥാപിതമായി നടത്തി. മറ്റൊന്ന് ജമാഅത്ത് നാല് പബ്ലിക് സ്കൂളുകൾ നടത്തുന്നു.

മറ്റു സംസ്ഥാനങ്ങളിൽ സംഭവിക്കുന്നതുപോലെ കേരളത്തിൽ ആളുകൾ കൂട്ടംകൂട്ടമായി വരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. യു. പി. യിലും ബംഗാളിലും ജമാഅത്തിന്റെ അംഗസംഖ്യ കോടികൾ കവിഞ്ഞു നിൽക്കുകയാണ്. ഉറുദു സാഹിത്യവുമായി നേരിട്ടുബന്ധമുള്ളത് കൊണ്ടാവാം അവിടങ്ങളിൽ ഇത്രവലിയ വിജയങ്ങളുണ്ടാകുന്നത്. കേരളം സാക്ഷരതയിൽ മുന്നിലാണെങ്കിലും മുസ്‌ലിം ജനങ്ങളിൽ ബഹുഭൂരിഭാഗവും യാഥാസ്ഥിതിക ഉലമാക്കളുടെ കീഴിലാണ്. മറ്റു മുസ്‌ലിം കക്ഷികളും ഇവിടെ സജീവമാണ്. അവർ ജമാഅത്തിന്നെതിരെ ജനങ്ങൾക്കിടയിൽ വളരെ വിപുലമായും ആഴത്തിലും തെറ്റിദ്ധാരണകൾ പരത്തുന്നു. തീർച്ചയായും ഈ അവസ്ഥക്ക് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അടുത്ത് തന്നെ കേരളത്തിലും അഹ്മദിയ്യത്തിലേക്ക് ജനപ്രവാഹമുണ്ടാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ പണിപ്പുരയിലാണ് ജമാഅത്ത്-ഇൻശാഅല്ലാഹ്.

**ചോ: കേരളത്തിൽ മറ്റു മതകക്ഷികളുമായി ജമാഅത്തിനുള്ള ബന്ധം?**

ഉ: അവർ പല കക്ഷികളായി ഭിന്നിച്ചു നിൽക്കുന്നുവെങ്കിലും അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കുന്ന കാര്യത്തിൽ എല്ലാവരും ഒന്നാണ്. 72 കക്ഷികളും മോക്ഷാർഹമായ ഒരു കക്ഷിയും എന്ന റസൂൽ തിരുമനിയുടെ പ്രവചനമാണ് വാസ്തവത്തിൽ ഇവിടെ പുലരുന്നത്. മറ്റു കക്ഷികൾ അഹ്മദികളെ അവരുടെ വേദികളിലൊന്നും ക്ഷണിക്കാറില്ല. അഹ്മദികൾക്ക് അവരോടെല്ലാം അനുകമ്പാപൂർണമായ സമീപനമാണുള്ളത്.

**ചോ: കേരളത്തിലെ പൊതുസമൂഹത്തെപ്പറ്റിയുള്ള അഭിപ്രായം?**

ഉ: ഇന്ത്യയിലെ ഏറ്റവും സാക്ഷര സംസ്ഥാനം എന്ന നിലയ്ക്ക് കേരളം വളരെ പ്രബുദ്ധമാണ്. പൗരാവകാശത്തെപ്പറ്റിയും മതസൗഹാർദ്ദത്തെപ്പറ്റിയും ഇവിടത്തുകാർക്കറിയാം. കേരളത്തിലെ ബുദ്ധിജീവികൾക്കിടയിൽ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഔത്സുക്യം വർധിച്ചുവരുന്നതായി കാണുന്നുണ്ട്. ഈയ്യിടെ കോട്ടയം, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ മുതലായ സ്ഥലങ്ങളിൽ നടത്തിയ പുസ്തക പ്രദർശനങ്ങൾ വമ്പിച്ച വിജയമായിരുന്നു. ധാരാളം പുതിയ അന്വേഷകരെയും അത് സൃഷ്ടിച്ചിട്ടുണ്ട്.

**ചോ: ഖലീഫത്തുൽ മസീഹുമായുള്ള ബന്ധം?**

ഉ: ലോകത്തിലുള്ള എല്ലാ അഹ്മദികളും അവരുടെ ആത്മീയ നേതാവായ ഹുസൂറുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അതിന്നായി കത്തെഴുതുവാൻ അദ്ദേഹം ജമാഅത്തിനെ ഉപദേശിക്കാറുമുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ ഓരോ വ്യക്തിയും അവരുടെ വ്യക്തിപരവും കുടുംബപരവുമായ പ്രശ്നങ്ങളും ദുഃഖങ്ങളും സന്തോഷങ്ങളും ഹുസൂർ തിരുമനസ്സുമായി പങ്കുവയ്ക്കുകയും പ്രാർത്ഥനക്ക് അപേക്ഷിക്കുകയും ചെയ്യാറുണ്ട്. കേരളത്തിന്റെ പല പ്രവർത്തനങ്ങളെയും അവിടുന്ന് പ്രകീർത്തിച്ചിട്ടുണ്ട്. തെറ്റുകൾ കാണുമ്പോൾ തിരുത്തിയിട്ടുമുണ്ട്.

**ചോ: ഇന്ത്യയിലുള്ള പ്രവർത്തനം?**

ഉ: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ അഭൂതപൂർവമായ പുരോഗതിയാണുണ്ടായിട്ടുള്ളത്. യു. പി., ബംഗാൾ, ആന്ധ്ര എന്നീ സംസ്ഥാനങ്ങളാണ് മുന്നിൽ. ഏകദേശം 8 കോടി അഹ്മദികൾ ഇന്ത്യയിലുണ്ട്. മസീഹ് മൗഊദിന്റെ (അ) ഗ്രന്ഥങ്ങളുമായി നേരിട്ട് ബന്ധപ്പെടാൻ അവർക്കു കഴിയുന്നു. പാവപ്പെട്ട നിരക്ഷരരും ഇസ്ലാമിനെക്കുറിച്ച് യാതൊന്നും അറിയാത്തവരുമായ ഗ്രാമീണരായ മുസ്ലിംകളും അക്കൂട്ടത്തിലുണ്ട്.

**ചോ: ആഗോളവ്യാപകമായി ജമാഅത്തിന്റെ പ്രവർത്തനം?**

ഉ: ഇസ്ലാം എന്ന സാർവജനീന വിശ്വമതത്തിന്റെ സാക്ഷാൽക്കാരമാണ് അഹ്മദിയ്യാ ജമാഅത്ത്. 178 ഓളം രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. 100 ലോകഭാഷകളിൽ ഖുർആൻ വിവർത്തനം ഏകദേശം പൂർത്തിയായിവരുന്നു. മലയാളത്തിലുള്ളത് രണ്ട് വർഷംമുമ്പ് പൂർത്തിയായി. എം.ടി.എ. എന്ന ടെലിവിഷൻ ചാനൽ ഇസ്ലാംമതപ്രചാരണവുമായി രംഗത്തുണ്ട്.

**ചോ: മതങ്ങളുടെ നാടായ ഇന്ത്യയിലാണല്ലോ വാഗ്ദത്ത മഹ്ദി ജനിച്ചത്. മറ്റ് മുസ്ലിം നാടുകളെ അപേക്ഷിച്ച് ഭാരത സമൂഹത്തിനും സർക്കാരിനും അഹ്മദികളോടുള്ള സമീപനം?**

ഉ: വിവിധ മതങ്ങളുടെ സജീവ സാന്നിദ്ധ്യമുള്ള ഇന്ത്യയിലാണ് അല്ലാഹുവാഗ്ദത്ത മസീഹി(അ)നെ അയച്ചത്. എല്ലാ മതസ്ഥരും ഒരു വാഗ്ദത്ത പരിഷ്ക്കർത്താവിനെ പ്രതീക്ഷിച്ചിട്ടുണ്ട്.

ഹസ്റത്ത് അഹ്മദ് (അ) എല്ലാ മതസ്ഥർക്കുമായിട്ടാണ് അവതീർണനായത്. ഇന്ത്യ മതങ്ങളുടെ നാടായിരിക്കെത്തന്നെ മതേതരരാഷ്ട്രം കൂടിയാണ്. നമ്മുടെ ഭരണം എല്ലാ മതങ്ങൾക്കും ഇവിടെ വിശ്വാസസ്വാതന്ത്ര്യവും പ്രചാരണ സ്വാതന്ത്ര്യവും ഭരണഘടനാപരമായ അവകാശമായി അംഗീകരിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇത് ഒരു ഇസ്ലാമിക മൂല്യമാണ്. മറിച്ച് മുസ്ലിം രാജ്യങ്ങളിൽ മറ്റു മതസ്ഥർക്ക് എന്നുവേണ്ട മുസ്ലിം കക്ഷികൾക്ക് പോലും പ്രവർത്തന സ്വാതന്ത്ര്യമോ പ്രചാരണ സ്വാതന്ത്ര്യമോ ഇല്ല. ഇസ്ലാമിക രാജ്യങ്ങൾ ഭാരതത്തെ ഇക്കാര്യത്തിൽ അനുകരിക്കേണ്ടതുണ്ട്. കാരണം ഭാരതമാണ് ഇക്കാര്യത്തിൽ ഇസ്ലാമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നത്.

**ചോ: ഇപ്പോഴത്തെ രാഷ്ട്രീയ രംഗത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായം?**

ഉ: അഹ്മദിയ്യാ ജമാഅത്തിന് സജീവ രാഷ്ട്രീയമില്ല. അതേസമയം ജനങ്ങളുടെ സിവിൽ ജീവിതത്തെപ്പറ്റി ബോധവാന്മാരുമാണ്. രാഷ്ട്രീയ വിരക്തി എന്നത് സന്യാസതുല്യമായ അരാഷ്ട്രീയതയൊന്നുമല്ല. ഇവിടെ മതേതരത്വത്തെ അനുകൂലിക്കുന്നവർ ഉണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. രാഷ്ട്രീയത്തിൽ മതം കലരാൻ അനുവദിക്കരുത്. മതരാഷ്ട്രവാദം ആരുടേതായാലും അംഗീകരിക്കാൻ സാധ്യമല്ല. അത്തരം രാഷ്ട്രീയപ്പാർട്ടികൾക്ക് അഹ്മദികൾ വോട്ട് നൽകി അനുകൂലിക്കില്ല. ഭരണഘടനാനുസൃതം നിലവിൽ വന്ന ഒരു ഗവൺമെന്റിനെ അവരുടെ ആശയം എന്തായിരുന്നാലും ശരി, ആ ഭരണകൂടത്തെ അനുസരിക്കാനും അവരോട് കൂറുകാട്ടാനും പ്രതിജ്ഞാബദ്ധരാണ് അഹ്മദികൾ. ഈ നാട് ക്ഷേമരാഷ്ട്രമായിത്തീരാനും ഈനാടിന്റെ യശസ്സ് ലോകം മുഴുവനും വ്യാപിക്കാനും അഹ്മദികൾ ആഗ്രഹിക്കുന്നു.

**ചോ: താങ്കൾക്ക് ഏറ്റവും സന്തോഷം തോന്നിയ സന്ദർഭം?**

ഉ: ഹുസൂർ തിരുമനസ്സിന് രോഗം പിടിപെട്ടപ്പോൾ തീർത്തും അവശനാവുകയുണ്ടായി. അദ്ദേഹത്തിന് ഖുത്ബ നിർവഹിക്കാൻപോലും സാധ്യമാവാതെവന്നു. അതിന് ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ രോഗവിമുക്തനായി പൂർണ ആരോഗ്യത്തോടെ ഖുത്ബ യിലും മറ്റുപരിപാടികളിലും പഴയ ഊർജ്ജസ്വലതയോടെ പങ്കെടുത്തു തുടങ്ങിയപ്പോൾ എനിക്ക് വളരെയേറെ സന്തോഷം തോന്നി.

**ചോ: ഏറ്റവും ദു:ഖിപ്പിച്ച സന്ദർഭം?**

ഉ: നമ്മുടെ ഒരു സഹോദരൻ കൊടുങ്ങല്ലൂർ സലിം സാഹിബിനെ അഹ്മദിയ്യത്തിന്റെ എതിരാളികൾ മർദ്ദിച്ച് പരിക്കേൽപിച്ചപ്പോൾ നിസ്വാർത്ഥനായ ആ യുവാവിന്റെ അവസ്ഥയോർത്ത് ഞാൻ ദുഃഖിച്ചിട്ടുണ്ട്.

**ചോ: അമേരിക്കയുടെ ഇറാഖ് യുദ്ധത്തെപ്പറ്റിയുള്ള അഭിപ്രായം?**

ഉ: ഇറാഖ് യുദ്ധം മൂന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കമായാണ് ഞാൻ കാണുന്നത്. എണ്ണ കൈയ്യടക്കാനുള്ള തികച്ചും അനീതിപരമായ അമേരിക്കയുടെ യുദ്ധമാണിത്. ആ എണ്ണയുടെ പങ്ക് റഷ്യ, ചൈന, ഫ്രാൻസ്, ജർമ്മനി എന്നിവർക്കും വേണ്ടേ? തീർച്ചയായും യുദ്ധാനന്തരം ഒരു രാഷ്ട്രീയ ശാക്തിക ധ്രുവീകരണത്തിന് സാധ്യതയുണ്ട്. വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദിന്റെ (അ) പ്രവചനങ്ങളിൽ സർവ്വനാശകാരിയായ ഇത്തരം ഒരു മഹായുദ്ധത്തെപ്പറ്റി മുന്നറിയിപ്പുണ്ട്. മനുഷ്യൻ ദൈവത്തെയും ധാർമികമൂല്യങ്ങളെയും തിരസ്ക്കരിക്കുന്നത് കൊണ്ടാണ് ഇത്തരം വിപത്തുകൾ ഉണ്ടാകുന്നത്. മുസ്ലിംകൾ അവരുടെ മോചകനായി വന്ന മസീഹിനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ ഖലീഫയുടെ കീഴിൽ അണിനിരന്ന് പ്രവർത്തിച്ചാലല്ലാതെ ഈ വിപത്തിൽനിന്നു മോചനം ലഭിക്കില്ല. തീർച്ചയായും ഒരു ലോകവ്യാപകമായ യുദ്ധത്തിന്ന് ശേഷം സർവ്വമതങ്ങളും പ്രബോധിച്ച സമാധാന സമ്പൂർണമായ ലോകക്രമം വരുമെന്നാണ് അഹ്മദികൾ കരുതുന്നത്. ഇൻശാ അല്ലാഹ് അങ്ങനെ ഒരു ലോകം വേഗം വന്നണയാൻ നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം.——■

കുറിപ്പുകൾ
മുസാഫിർ

# ഇറാഖ് യുദ്ധം: കാണാപ്പുറങ്ങൾ

അവർ ഒരു തന്ത്രം ആസൂത്രണം ചെയ്തു. അവർ അറിയാത്ത വിധത്തിൽ (അവർക്കെതിരെ) നാമും ഒരു തന്ത്രം പ്രയോഗിച്ചു. അവരുടെ തന്ത്രത്തിന്റെ പരിണിതിയെങ്ങനെയായിരുന്നു എന്നുനോക്കുക. തീർച്ചയായും നാം അവരെയും അവരുടെ ജനതയേയും എല്ലാവരേയും നിശ്ശേഷം തകർത്തുകളയും.

വിശുദ്ധ ഖുർആൻ (27:51,52)

ഇറാഖ് യുദ്ധം ഒരു നൂറ്റാണ്ടുമുമ്പ് ആസൂത്രണം ചെയ്ത ഒരു ഗൂഢാലോചനയുടെ ഭാഗമാണ്. 1897ൽ സ്വിറ്റ്സർലാന്റിലെ ബാസിൽവച്ച് തിയോഡർ ഹെർസലാണ് സിയോണിസ്റ്റ് പ്രസ്ഥാനത്തിന് രൂപം നൽകിയത്. അതേ യോഗത്തിൽ വെച്ചുതന്നെ സിയോണിസ്റ്റുകൾ ഒരു രഹസ്യരേഖയ്ക്കു രൂപം നൽകി. 'ദി പ്രോട്ടോകോൾ ഓഫ് ദ ലേൺഡ് എൽഡേർസ് ഓഫ് സിയോൺ' എന്നതായിരുന്നു ആ രഹസ്യരേഖ. 1903 ആഗസ്റ്റ് 26 മുതൽ സംപ്തംബർ 7 വരെ റഷ്യയിലെ സ്നാമ്യ എന്ന പത്രത്തിൽ യഹൂദൻമാരുടെ ഈ ഗൂഢാലോചനയെ സംബന്ധിച്ച് ലേഖന പരമ്പരകൾ പ്രത്യക്ഷപ്പെടുകയുണ്ടായി. തുടർന്നുള്ളവർഷങ്ങളിൽ റഷ്യയിൽ യഹൂദികൾക്കെതിരെയുള്ള പോഗ്രോം എന്നറിയപ്പെടുന്ന ജൂത വിരുദ്ധ കലാപങ്ങൾ അരങ്ങേറുകയുണ്ടായി.

ആഗോളതലത്തിൽ ഒരു രഹസ്യ ഭരണകൂടം സ്ഥാപിച്ച് ദാവീദിന്റെ ഗൃഹത്തിനു കീഴിൽ മുഴുലോകത്തേയും കൊണ്ടുവരികയെന്നതായിരുന്നു ആ രഹസ്യപദ്ധതി. ഐക്യരാഷ്ട്ര സഭയോ അതിന്നു മുമ്പുള്ള ലീഗ് ഓഫ് നാഷനോ ഇല്ലാതിരുന്ന കാലത്ത് ഇത്തരമൊരു ആഗോള സ്ഥാപനം ലോകത്ത് രൂപവത്കരിക്കുക, അതിലൂടെ യഹൂദലക്ഷ്യങ്ങൾ നേടുക, യുവാക്കളെ വിപ്ലവാശയങ്ങളിലൂടെ വഴിതെറ്റിക്കുക, ജനങ്ങളെ അവരുടെ ഭരണാധികാരികളിലൂടെ സ്വാധീനിക്കുക, മദ്യപാനവും ലൈംഗിക അരാജകത്വവും പ്രചരിപ്പിക്കുക മുതലായ അനേകം പദ്ധതികൾ യഹൂദ ലക്ഷ്യങ്ങളുടെ ഭാഗമായി പ്രസ്തുത പ്രോട്ടോകോളിൽ വ്യവസ്ഥചെയ്തിട്ടുണ്ടെന്ന് പറയപ്പെടുന്നു. ഒരിക്കൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ദിസ്റയേലിനോട് ഈ പ്രോട്ടോകോൾ യഥാർത്ഥത്തിൽ യഹൂദികൾതന്നെ ആസൂത്രണം ചെയ്തതായിരുന്നുവോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പ്രതികരിച്ചത് ഇപ്രകാരമായിരുന്നു. 'ഒന്നുകിൽ ഈ പദ്ധതി ആരുടെ മേൽ ആരോപിക്കപ്പെടുന്നുവോ അവർതന്നെ അത് ആവിഷ്കരിച്ച് നടപ്പാക്കിയതാണ്. അനന്തര സംഭവവികാസങ്ങൾ കൃത്യമായും അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അല്ലായിരുന്നുവെങ്കിൽ ഇത്ര കൃത്യമായും കണിശമായും കാര്യങ്ങൾ നടക്കുകയില്ലായിരുന്നു. അല്ലെങ്കിൽ ഒരു പക്ഷേ ദൈവത്തിൽ നിന്നും വെളിപാടുകൾ ലഭിക്കുന്ന ഒരു പ്രവാചകന്റെ വെളിപാടുപുസ്തകമായിരിക്കാമത്.' പ്രോട്ടോകോളിനെപ്പറ്റി മറിച്ചൊരഭിപ്രായം അദ്ദേഹം പറഞ്ഞില്ല. പ്രോട്ടോക്കോൾ രേഖ യഹൂദികൾക്കുമേലുള്ള ഒരു ദുരാരോപണം മാത്രമാണെന്ന് പറഞ്ഞ് ഇതിനെ നിഷേധിക്കുന്നു.

ഒന്നാം ലോകമഹായുദ്ധകാലത്ത് തുർക്കിയിൽ നിന്നു ഫലസ്തീൻ ഉൾപ്പെടെയുള്ള അറബ് ദേശത്തെ മോചിപ്പിച്ച് അറബികൾക്കുതന്നെ നൽകാമെന്ന് പറഞ്ഞു പ്രേരിപ്പിച്ചാണ് അറബികളെ ബ്രിട്ടനും ഫ്രാൻസും റഷ്യയും തങ്ങളുടെ പക്ഷത്തു നിർത്തിയത്. യുദ്ധം കഴിഞ്ഞപ്പോൾ ബ്രിട്ടന്റെ കീഴിലുണ്ടായിരുന്ന ഫലസ്തീൻ 1917ൽ അവർ യഹൂദികൾക്ക് നൽകിക്കൊണ്ട് മാൻഡേറ്ററി ഭരണത്തിനു കീഴിലാക്കി അറബികളെ വഞ്ചിക്കുകയാണുണ്ടായത്. ഇതായിരുന്നു ബാൾഫർ പ്രഖ്യാപനം. 1948ൽ ഐക്യരാഷ്ട്ര സഭയിലൂടെ അനേകം നാടകീയമായ രംഗങ്ങൾക്കും സാമ്രാജ്യത്വ ശക്തികളുടെ സമ്മർദ്ദതന്ത്രങ്ങൾക്കും ശേഷം ഇസ്രായേൽ രാഷ്ട്രം രൂപീകൃതമായി. പ്രോട്ടോകോളിൽ പറഞ്ഞ രീതിയിലുള്ള ഒരു ആഗോള സ്ഥാപനം തന്നെ യഹൂദികളുടെ സഹായികളായി വന്നത് ദുരൂഹമായിരിക്കുന്നു.

സിയോൺ എന്നത് ജറുസ്സലേമിലെ ഒരു കുന്നിന്റെ പേരാണ്. ആ കുന്നിലായിരുന്നു ദാവീദിന്റെ കൊട്ടാരവും അദ്ദേഹത്തിന്റെ പിൻഗാമികളുടെ ആസ്ഥാനവും. സിയോണിനോടുള്ള യഹൂദികളുടെ പൗരാണികമായ ആത്മീയ സ്നേഹം ഒരു രാഷ്ട്രീയ ശക്തിയും അവകാശവുമായി വളർത്തിക്കൊണ്ടുവരികയായിരുന്നു സിയോണിസത്തിന്റെ ദൗത്യം. ഒന്നാം നൂറ്റാണ്ടിലെ റോമൻ ആക്രമണത്തിന് ശേഷം ബാക്കിയായ ജൂതൻമാരെ കുരിശുയുദ്ധക്കാർ ഫലസ്തീനിൽ നിന്നു കുടിയൊഴിപ്പിച്ചു.അവർ സ്പെയ്നിൽ കുടിയേറുകയുണ്ടായി. 1492ൽ കത്തോലിക്കരാജാക്കന്മാർ സ്പെയ്നിൽ നിന്നും അവരെ പുറത്താക്കിയപ്പോഴാണ് മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കും കുടിയേറിയത്. ഹെർസലിനു മുമ്പ് ആരുംതന്നെ ഫലസ്തീനിലേക്കുള്ള അഥവാ വാഗ്ദത്ത ഭൂമിയിലേക്കുള്ള തിരിച്ചുവരവ് എന്ന അർത്ഥത്തിൽ സിയോൺ എന്ന പദം ഉപയോഗപ്പെടുത്തിയിട്ടില്ല. യൂറോപ്യൻ നാടുകളിലും റഷ്യയിലും മറ്റു രാജ്യങ്ങളിലും ചിതറിപ്പാർത്തിരുന്ന യഹൂദികൾ പലസ്തീനിലേക്കുവരാൻ തൽപരല്ലായിരുന്നു. സിയോണിസ്റ്റുകൾ സ്ഥാപിച്ചെടുത്ത ഫലസ്തീനിലേക്ക് യഹൂദികളുടെ പ്രവാഹം ഉണ്ടാകാൻ അവർ താമസിക്കുന്ന യൂറോപ്യൻ നാടുകളിലെ ഭരണകൂടങ്ങളെ സ്വാധീനിച്ച് സ്വന്തം ജനതക്കെതിരെ പീഡനം അഴിച്ചുവിടാൻ സിയോണിസ്റ്റുകൾ തന്നെ ഗൂഢാലോചന നടത്തിയതായി പല ചരിത്രകാരന്മാരും തെളിയിച്ചിട്ടുണ്ട്.

പശ്ചിമേഷ്യയിലെ സാമ്രാജ്യ ശക്തിയായിത്തീരാനും വിശാല ഇസ്രായേൽ സ്വപ്നം സാക്ഷാത്കരിക്കാനും പ്രതിജ്ഞാ ബദ്ധമായ ഇസ്രായേൽ മധ്യപൗരസ്ത്യ ദേശത്തെ ശക്തന്മാരായ മുസ്‌ലിം രാജ്യങ്ങളെ ഒന്നൊന്നായി കീഴ്പ്പെടുത്താനും അവിടുത്തെ വിഭവങ്ങൾ അമേരിക്കൻ മുതലാളിത്ത

വുമായി ചേർന്ന് പങ്കിടുവാനുമാണ് ഗൂഢനീക്കങ്ങൾ നടത്തുന്നത്. യഹൂദികൾ തന്നെ ഉൾപ്പെട്ട എണ്ണക്കമ്പനികളുടെയും ആയുധ വ്യവസായങ്ങളുടെയും നിർലോപ പിന്തുണയും ഇതിനുണ്ട്. അമേരിക്കയിലെ ഏറ്റവും വലിയ ആയുധ കമ്പനി ലോക്ക് ഹീഡ്മാർട്ടിന്റെ ഡയറക്ടർ അമേരിക്കൻ വൈസ് പ്രസിഡണ്ട് ഡിക്ചെന്നിയുടെ ഭാര്യ ലിൻ വി ചെന്നിയാണ്. അമേരിക്കയിലെ അതിശക്തന്മാരായ യഹൂദ ലോബിയുടെ ഊഹാതീതമായ അദൃശ്യവലയത്തിന്റെ സ്വാധീനത്തിലാണ് അമേരിക്കൻ ഭരണകൂടമുള്ളത്. ഒരുദാഹരണം നോക്കുക. വെർജീനിയയിൽ നിന്നുള്ള ഡെമോക്രാറ്റ് അംഗം ജയിംസ് മോറാൻ, ജൂതലോബിയുടെ സമ്മർദ്ദഫലമായാണ് ഇറാഖ് യുദ്ധം തുടങ്ങിയത് എന്ന സത്യം പറഞ്ഞുപോയി. ജൂതൻമാർക്ക് മേധാവിത്തമുള്ള അമേരിക്കൻ മാധ്യമങ്ങൾ ആന്റിസെമിറ്റിസമാണ് ഇതെന്ന് പറഞ്ഞ് ഇളകിമറിഞ്ഞു. പേടിച്ചു പോയ ജയിംസ് മോറാൻ മാപ്പുപറഞ്ഞു. അതുകൊണ്ടൊന്നും സിയോണിസ്റ്റ് ലോബി മെരുങ്ങിയിട്ടില്ല. അദ്ദേഹത്തിന്റെ രാജിയാണ് അവർ ആവശ്യപ്പെടുന്നത്.

ഇപ്പോഴത്തെ ഇറാഖ് യുദ്ധത്തിന് കാരണമായ ഇറാഖിന്റെ കുവൈത്ത് അധിനിവേശം തന്നെ ഇറാഖിലെ അമേരിക്കൻ അംബാസിഡറായിരുന്ന മിസ്. ഏപ്രിൽ ഗ്ലാസ്പി ഇറാഖ് പ്രസിഡണ്ട് സദ്ദാം ഹുസൈനെ പ്രേരിപ്പിക്കുകയായിരുന്നുവെന്ന് ഗാർഡിയൻ പത്രം തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഡ്ഢിയായ സദ്ദാം ഇടംവലം നോക്കാതെ കുവൈത്തിനെ ആക്രമിക്കുകയും അമേരിക്കൻ മാധ്യമങ്ങൾ ഇറാഖിനെ കുറ്റവാളിയായി പ്രഖ്യാപിച്ച് ശിക്ഷണ നടപടികളും ഉപരോധവും പ്രഖ്യാപിക്കുകയും ചെയ്തു. അവസാനം ഇപ്പോൾ യുദ്ധം നടത്തി ഇറാഖിനെ കീഴ്പ്പെടുത്തുകയാണ്. ഇതെല്ലാം തന്നെ ഒരു ഗൂഢാലോചനയുടെ ആസൂത്രിതമായ നീക്കങ്ങളായിരുന്നു.

1997ൽ ബിൽക്ലിന്റൻ അമേരിക്കൻ പ്രസിഡണ്ടായിരുന്നപ്പോൾ അമേരിക്കയിലെ തീവ്ര വലതുപക്ഷ നേതാക്കന്മാരും യഹൂദി പ്രമാണിമാരും ചേർന്ന് രൂപം കൊടുത്ത 'പ്രൊജക്റ്റ് ഫോർ ന്യൂ അമേരിക്കൻ സെഞ്ചറി, (PNAC) പദ്ധതി പ്രകാരമാണ് ഇപ്പോഴത്തെ ഇറാഖ് ആക്രമണം നടത്തിയത്. ഡിക് ചെന്നി, റൊണാൾഡ് റംസ് ഫീൽഡ്, റിച്ചാർഡ് ഫെറി, പോൾ വോൾഫോവിറ്റ്സ്, എലിയറ്റ് എബ്രഹാം മുതലായ തിങ്ക് ടാങ്കുകളാണ് ഈ പദ്ധതിക്ക് രൂപം നൽകിയത്. എണ്ണസമ്പന്നമായ ഇറാഖിനെ കീഴ്പെടുത്തി വിഭജിച്ച് ശക്തികുറക്കാൻ അതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇസ്രായേലിന്റെ സുരക്ഷയാണ് ഇതിൽ പ്രധാനം. ഇറാഖിലെ ജനസംഖ്യ ഗണ്യമായി കുറക്കലും ഈ രഹസ്യപദ്ധതിയുടെ ഭാഗമാണ്. അതിനായിരുന്നു ന്യൂക്ലിയർ റേഡിയേഷനുള്ള ബുള്ളറ്റുകൾ ഇറാഖുമുഴുവൻ വിതറി പിഞ്ചുതലമുറയിൽ പെട്ടവരെയും ഗർഭസ്ഥ ശിശുക്കളേയും കൊന്നൊടുക്കിയത്. മരിച്ചവർ ഏഴുലക്ഷം വരും. ബാക്കിയുള്ളവർ രോഗികളുമായി. PNAC യുടെ പ്രയോജകനാവാൻ ബിൽ ക്ലിന്റനെ നോക്കിയെങ്കിലും അദ്ദേഹത്തിൽനിന്ന് അനുകൂലമായ സമീപനമുണ്ടായിരുന്നില്ല. അതിനുശേഷമാണ് മോണിക്കാ ലെവിൻസ്കി എന്ന യഹൂദ സ്ത്രീയുമായുള്ള ലൈംഗികാപവാദത്തിൽ പെട്ട് ക്ലിന്റൻ വലഞ്ഞുപോയത്. പിന്നീട് ക്ലിന്റൻ പോയപ്പോഴാണ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ ബുഷ് തിരഞ്ഞെടുപ്പിൽ നാടകീയമായി ജയിച്ചുകയറുന്നത്. 14-3-2003ന് റോയിറ്റേഴ്സ് റിപ്പോർട്ട് ചെയ്ത ഒരു വാർത്തയിൽ ബുഷ് അഡ്മിനിസ്ട്രേഷനിലെ രണ്ടാം നിര (യാഥാസ്ഥിക ജൂതവിഭാഗം) ഇസ്രായേലിന്റെ സുരക്ഷക്കുവേണ്ടി സദ്ദാമിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രതിരോധ സഹസെക്രട്ടറി പോൾ, പ്രതിരോധ അണ്ടർസെക്രട്ടറി ഡഗ്ലസ്, ഡിഫൻസ് മന്ത്രാലയത്തിലെ ഉപദേഷ്ടാവ് റിച്ചാർഡ് പേൾ, ദേശീയ സുരക്ഷാസമിതിയിലെ മിഡ്ലീസ്റ്റിന്റെ ചുമതലയുള്ള എലിയറ്റ്, ഡിക്ചെനിയുടെ ഓഫീസ് മേധാവി ലൂയിസ് എന്നിവർ ആ നിരയിൽ പെടുന്നു. അതിൽ യഹൂദികളുടെ പങ്ക് നിർണായകമാണ്. ബുഷിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കുമെല്ലാം എണ്ണക്കമ്പനികളുമായുള്ള ബന്ധം സുദൃഢമാണ്.

P.N.A.C പ്രാവർത്തികമാക്കാൻ 2001 സപ്തംബർ 11ലെ ട്രേഡ്സെന്റർ ആക്രമണം നിമിത്തമാക്കുകയായിരുന്നു. മാധ്യമങ്ങളുടെ ആഗോള നിയന്ത്രണമുള്ള അമേരിക്ക അതൊരു സംഭവമാക്കി മാറ്റി. ട്രേഡ്സെന്റർ ആക്രമണത്തിലെ പ്രതി ഉസാമാ ബിൻലാദനാണെന്ന് പ്രചാരണം നടത്തി അഫ്ഘാനിസ്ഥാൻ കീഴടക്കി; ഇപ്പോൾ ഇറാഖും. രണ്ടുലക്ഷ്യങ്ങളാണ് ഇതിലൂടെ അമേരിക്കയും ഇസ്രായേലും സ്ഥാപിച്ചെടുക്കുന്നത്. ഒന്ന് ഇസ്രായേലിന് പ്രതിയോഗികളാകാൻ കെൽപ്പുള്ള രാജ്യങ്ങളുടെ നട്ടെല്ലൊടിക്കുക. രണ്ടാമതായി അറബ് നാടുകളിലെ എണ്ണ വിഭവം അധീനപ്പെടുത്തുക.

പക്ഷേ, 1991 പോലെയല്ല ഇപ്പോഴത്തെ സ്ഥിതി. അമേരിക്കക്കെതിരെ പൊതുജനവികാരം ലോകവ്യാപകമായി ആഞ്ഞടിക്കുകയാണ്. പന്ത്രണ്ടു വർഷം മുമ്പത്തേതുപോലെ മാധ്യമങ്ങളുടെ കുത്തക നിയന്ത്രണം അമേരിക്കക്കും ബ്രിട്ടനും ഇപ്പോഴില്ല. ഇന്റർനെറ്റും മറ്റു ഇലക്ട്രോണിക് മാധ്യമങ്ങളും അത് ഇല്ലാതാക്കിയിരിക്കുന്നു. ഇറാഖിലെ സിവിലിയൻമാരെ കൂട്ടക്കൊല നടത്തുന്നതും അമേരിക്കൻ യുദ്ധതന്ത്രങ്ങൾ ഇറാഖിന്റെ റിപ്പബ്ലിക്കൻ ഗാർഡുകൾക്കുമുമ്പിൽ പതറിപ്പോവുന്നതും കൊച്ചുകൊച്ചു മാധ്യമ പ്രവർത്തകരിലൂടെ ലോകം മുഴുവൻ പ്രചരിക്കുകയാണ്. സി.എൻ. എന്നിനേയും ബി.ബി.സി.യേയും പാർട്ടി പത്രങ്ങൾ പോലെ ജനങ്ങൾ അവഗണിച്ചിരിക്കുന്നു. ഇപ്പോഴത്തെ ഇറാഖ് യുദ്ധം മൂന്നാം ലോകമഹായുദ്ധമായി തീർന്നേക്കാം. അത്രമാത്രം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഈ യുദ്ധം വരുത്തിത്തീർക്കുക. അമേരിക്കയുടെ ഉറ്റ തോഴരായിക്കഴിയുന്ന യഹൂദികൾ അമേരിക്കയെ വഞ്ചിച്ച് എതിർ ചേരിയിലേക്ക് പോകുന്നത് നാം കാണാനിരിക്കുന്നതേയുള്ളൂ. ജ്ഞാനികളുടെ പ്രവചനങ്ങൾ നമ്മെ അങ്ങനെ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു. ഏതായാലും ഇപ്പോൾ ലോകത്ത് ശക്തമായ രണ്ടു ചേരികളാണ്. ഒരു ഭാഗത്ത് അമേരിക്കയും അവരുടെ ഭൃത്യരാജ്യങ്ങളും മറുഭാഗത്ത് ലോകമനസ്സാക്ഷിയും. ഈ യുദ്ധത്തിൽ ഗൂഢാലോചനക്കാർ പരാജയപ്പെടുകയും ലോകമനസ്സാക്ഷി വിജയിക്കുകയും ചെയ്യട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ■

കുറിപ്പുകൾ

മുസാഫിർ

# പാവം ഡൽഹി ഇമാമും ഇവിടുത്തെ മുസ്‌ലിംകക്ഷികളും

അമേരിക്ക ഇറാഖിനെതിരെ നടത്തുന്ന യുദ്ധത്തെയും അവരെ സഹായിക്കുന്നവരെയും ലോകത്തുള്ള എല്ലാ മനുഷ്യസ്നേഹികളും കഠിനമായി അപലപിക്കുകയുണ്ടായി. കൂട്ടത്തിൽ നമ്മുടെ ഡൽഹി ഇമാം അബ്ദുല്ല ബുഖാരിയും നന്നായി ഒന്നപലപിച്ചു. മുമ്പിൽ ആളുകളെകണ്ടപ്പോൾ ഉദരംമറന്നായിരുന്നു അമേരിക്കയെ സഹായിക്കുന്ന കുവൈത്തിനെ ഇമാം വിമർശിച്ചത്. പിന്നീട് റസീറ്റുബുക്കുമായി ഗൾഫിൽ മുറപ്രകാരം നടത്തുന്ന ഭിക്ഷാടനത്തിനു വേണ്ടി ഇമാം അവർകൾ കുവൈത്ത് എംബസിയിൽ വിസക്കപേക്ഷിച്ചപ്പോൾ കുവൈത്ത് എംബസി കൈയോടെ അതു നിരസിച്ചു. അപ്പോഴാണ് ഇമാമിന് അക്കിടി മനസ്സിലായത്.

സാക്ഷര കേരളത്തിലെ ബുദ്ധിമാന്മാരായ മുജാഹിദ്, ജമാഅത്ത്, സുന്നി നേതാക്കൻമാരുടെ അപലപനത്തിലെ ഡിപ്ലോമസി ഡൽഹി ഇമാമിനില്ലാത്തതാണ് കുഴപ്പം. നമ്മുടെ മുസ്‌ലിം കക്ഷി നേതാക്കന്മാർ, താഗൂത്തി ഭരണത്തിന് കീഴിൽ ഒരു നിമിഷം പോലും ജീവിക്കരുത് എന്ന തീപ്പൊരി സിദ്ധാന്തം അവതരിപ്പിച്ച വിപ്ലവ ഇസ്‌ലാമിസ്റ്റുകൾ വരെയുണ്ട് അക്കൂട്ടത്തിൽ, അവർ അമേരിക്കയേയോ പാശ്ചാത്യ സംസ്കൃതിയേയോ ആണ് തീപ്പൊരി വിമർശനത്തിന് വധേയമാക്കുന്നത്. നല്ലതു തന്നെ. അമേരിക്കയിൽ നിന്നും യൂറോപ്യൻ നാടുകളിൽ നിന്നും ഫണ്ട് പിരിവില്ലാത്തതുകൊണ്ട് വിമർശനം എത്ര കൂടിയാലും കുഴപ്പമില്ല. പക്ഷെ സ്വന്തം സഹോദരന്മാരെ കൂട്ടക്കൊല ചെയ്യാൻ കൂട്ടുനിൽക്കുന്ന സൗദി അറേബ്യയും ഗൾഫുരാജ്യങ്ങളും സലഫികളുടെയും ഇസ്‌ലാമിസ്റ്റുകളുടെയും തീപ്പൊരി വിമർശന ലിസ്റ്റിലില്ല. ഡൽഹി ഇമാമിനേക്കാൾ ബുദ്ധി ജീവികളായതുകൊണ്ട് നയതന്ത്ര ഭാഷയിൽ നമ്മുടെ കക്ഷിനേതാക്കൾ അറബികളെ മാത്രമേ അപലപിക്കൂ.

ഇറാഖ് യുദ്ധത്തിന് അറബി ഭരണകൂടങ്ങളുടെ ഭാഗത്തുനിന്നുള്ള ഒത്താശകൾ എന്തുകൊണ്ട് നമ്മുടെ കക്ഷി നേതാക്കൻമാർ അനുസരിക്കുന്നില്ല? ഇറാഖ് യുദ്ധം തുടങ്ങുന്നതിന് മുമ്പ് ഈജിപ്തിലെ ശറമുശൈഖിലായിരുന്നു അറബ് ഉച്ചകോടി. 22അംഗ അറബ് ലീഗ് ഇറാഖിനെതിരെയുള്ള അമേരിക്കൻ യുദ്ധം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്ന പ്രമേയം പാസ്സാക്കി. ചർച്ചയിലുടനീളം അറബ് രാജ്യങ്ങൾ തമ്മിലുള്ള കടുത്ത ഭിന്നത പ്രകടമായിരുന്നു. സഊദിയുടെയും യു.എ.ഇ അമീർ ശെയ്ഖ് സായിദിന്റെയും നിലപാട് ഉടൻ സദ്ദാം ഇറാഖ് വിട്ട് അമേരിക്കൻ ക്രോധത്തെ ശമിപ്പിക്കണമെന്നായിരുന്നു. ഈജിപ്തിന്റെ ഹുസ്നിമുബാറക് ഈ ഉച്ചകോടിതന്നെ അപ്രസക്തമാണെന്നു പറഞ്ഞു കളഞ്ഞു. മുഅമ്മർ ഗദ്ദാഫിയും സഊദി രാജകുമാരൻ അബ്ദുല്ലയും തമ്മിൽ വാക്കേറ്റമുണ്ടായി. അവസാനം പ്രമേയം മാധ്യമങ്ങൾക്കു നൽകിയ അറബ് പ്രതിനിധി സംഘം വാർത്തനൽകിയത് ആരാണെന്നകാര്യം വെളിപ്പെടുത്തരുതെന്ന് വാർത്താ ഏജൻസിയോട് പ്രത്യേകം അഭ്യർത്ഥിച്ചുവത്രെ.

പൻസ് സുൽത്താൻ വിമാനത്താവളമുൾപ്പെടെ മൂന്നു വ്യോമത്താവളങ്ങൾ നൽകി ഇറാഖിൽ കൂട്ടക്കൊലയും അധിനിവേശവും നടത്താൻ എല്ലാസൗകര്യങ്ങളും അമേരിക്കക്കുചെയ്തുകൊടുക്കുന്ന സൗദി അറേബ്യയും കുവൈത്തും ഖത്തറും യു.എ.ഇ യും അറബ് ലീഗിലുണ്ട്. അവരുടെ ഈ നിലപാടിനെ ഒന്നു പരാമർശിക്കാൻ കൂടി ഉച്ചകോടിക്കായില്ല. ഇതാണ് അറബ് ഉച്ചകോടി എന്നു അറിയപ്പെടുന്ന 'ഖഅ്വാ' മാമാങ്കത്തിന്റെ അവസ്ഥ. മുസ്‌ലിം കക്ഷികളുടെ ലോക മുസ്‌ലിമിന്ന് ഇതിൽ കൂടുതലൊന്നും ചെയ്യാൻ സാധ്യമല്ല.

ഈ അറബി രാജാക്കന്മാരുടെ ഭക്തന്മാരാണ് ഇവിടുത്തെ മുസ്‌ലിം കക്ഷി നേതാക്കൾ. പത്ത് അറബികളെ ഒന്നിച്ചിരുത്തി തങ്ങളുടെ നാട്ടിൽ അഭിസംബോധന ചെയ്യാൻ അവസരം ലഭിച്ചിട്ടില്ലാത്ത അറബി പണച്ചാക്കുകളെ ഏക്കർകണക്കിന് പന്തലിട്ട് പതിനായിരങ്ങളെ പങ്കെടുപ്പിച്ച് ദീനിന്റെ പേരിൽ നാലുവാക്കു പറയിപ്പിച്ച് ഇവിടുത്തെ കക്ഷിനേതാക്കന്മാർ ഒന്ന് സുഖിപ്പിക്കും. ആനന്ദതുന്ദിലരാകുന്ന അറബി ഏമാൻമാർ എന്തെങ്കിലും ബച്ചീസ് കൊടുത്താണ് ഇവിടെ ഇവർ പ്രസ്ഥാനം വളർത്തുന്നത്. ഇസ്‌ലാമിക വിരുദ്ധമായ അറബികളുടെ ഈ നിലപാടിനെ വാനോളം പാടിപ്പുകഴ്ത്താനും അവർ മടിക്കില്ല. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം എന്നല്ലാതെ എന്ത് ഇസ്‌ലാം, എന്ത് ഇസ്സത്ത്. അമേരിക്ക അറബികളെ പറ്റിക്കുന്നതിനേക്കാൾ സമർത്ഥമായി ഇവിടുത്തെ കക്ഷിനേതാക്കാന്മാർ അവരുടെ വിഹിതവും അറബികളിൽ നിന്ന് ഇസ്‌ലാമിന്റെ പേര് പറഞ്ഞു പിടിച്ചു വാങ്ങുന്നു.

കണ്ണെടുത്താൽ പരസ്പരം കണ്ടുകൂടാത്ത രണ്ടു മുസ്‌ലിം കക്ഷിനേതാക്കൻമാർ കുവൈത്തിലെ ഒരു അറബിയുടെ മുമ്പിൽ വച്ച് പണ്ട് ഐക്യ കരാറുണ്ടാക്കി പാവം അറബിയെ പറ്റിച്ചത് നമുക്കോർമയുണ്ടല്ലോ. ആ കരാറിലെ

മഷി ഉണങ്ങുന്നതിന് മുമ്പേ നാട്ടിലെത്തി തെറിയുദ്ധം പൂർവ്വാധികം ജോറാക്കുകയാണുണ്ടായത്. മുജാഹിദുകൾ സുന്നിനേതാക്കന്മാരെ ഗൾഫിൽ വെച്ച് ഉപജാപം നടത്തി ജയിലിലടപ്പിക്കുന്നതും തിരിച്ച് സുന്നികൾ ഗൾഫിലെത്തുന്ന മുജാഹിദ് നേതാക്കന്മാർക്കെതിരെ പാര പണിയുന്നതും കേരളത്തിലെ കക്ഷി യുദ്ധങ്ങളുടെ അന്തർദേശീയ രൂപങ്ങളാണ്. ഈയിടെ മുജാഹിദ് പ്രസ്ഥാനം പിളർന്നപ്പോൾ ഒരു വിഭാഗത്തിന്റെ നേതാവിനെ തീവ്രവാദിയായി ചിത്രീകരിച്ച് മറുവിഭാഗം അറബിനേതാക്കന്മാർക്ക് കത്തെഴുതിയത് ഒരു വിവാദമായിരുന്നു. എങ്കിലും പാര പണിയലും ഒറ്റുകൊടുക്കലും ഇടക്കിടെ ഉണ്ടെങ്കിലും മൊത്തത്തിലുള്ള സാമ്പത്തിക താത്പര്യങ്ങളെക്കുറിച്ച് ബോധവാന്മാരായ ഈ പണ്ഡിത പ്രതിനിധികളുടെ ചെട്ടിമിടുക്കിനുമുമ്പിൽ അറബികൾ വീണുപോകും.

അറബികളുടെ അധഃപതനം ഇസ്‌ലാമിന്റെ അധഃപതനമാണെന്ന് അന്തർദേശീയ ഇസ്‌ലാമിക സംവാദത്തിലൂടെ അവരെ പറഞ്ഞു മനസ്സിലാക്കേണ്ട ബാധ്യത ഇവിടുത്തെ പണ്ഡിതന്മാർക്കുണ്ട്. അന്തർദേശീയ തലത്തിൽ അറബി നേതാക്കൻമാരെ പങ്കെടുപ്പിച്ച് ഇവിടുത്തെ മുസ്‌ലിം കക്ഷികൾ നടത്തുന്ന സമ്മേളനങ്ങളിൽ അറബികളും ആഗോള മുസ്‌ലിം സമൂഹവും അകപ്പെട്ട ജീർണതയെ സംബന്ധിച്ചും അതിൽ അറബ് ഭരണാധികാരികൾക്കുള്ള പങ്കും ചർച്ചക്ക് വിഷയമാക്കണം. ആ ചർച്ചകളിൽ നിന്നുണ്ടാകുന്ന അവബോധമെങ്കിലും അവരുടെ കണ്ണ് തുറപ്പിക്കാൻസഹായകമാവുമല്ലോ. അതിനു പകരം അമേരിക്കയുടെ അടിമകളായി മാറിയ അറബികളെ സുഖിപ്പിച്ച് സേവ ചെയ്ത് കാലയോഗംനടത്തുന്ന പ്രസ്ഥാനക്കാരോട് ഒരു കാര്യം മാത്രം പറയുന്നു. 'നിങ്ങൾക്ക് നാണം വരുമ്പേഴേക്കും നേരം വെളുക്കും.' ■

---

*28-ാം പേജിൽനിന്ന്*

മുസ്‌ലിം മുർത്തദ്ദാവാനിടയുള്ള ഒന്നാമത്തെ കാര്യത്തിൽ മുഫ്തി പറയുന്നു. "മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കുന്നതും അവരുടെ ഇസ്തിഗാസ നടത്തുന്നതും അവർക്ക് നേർച്ചയും ബലിയും നടത്തുന്നതും അവരോട് പ്രാർത്ഥിക്കുകയും ശിപാർശ ചോദിക്കുകയും അവരിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവൻ കാഫിറാണ് എന്നതിൽ ഇജ്മാഅ് ഉണ്ട്." (പേ.66). ഗ്രന്ഥകാരൻ വീണ്ടും പറയുന്നത് നോക്കുക: "മുർത്തദ്ദാകുന്ന മൂന്നാമത്തെ കാര്യമായി ശൈഖ് ഇബ്നുബാസ് (റ) എണ്ണിപ്പറയുന്നത് ഇപ്രകാരമാണ്." ശിർക്ക് ചെയ്യുന്നവരെ കാഫിറുകളായി പ്രഖ്യാപിക്കാതിരിക്കുകയോ അവരുടെ കുഫ്‌റിൽ സംശയിക്കുകയോ അവരുടെ വാദത്തെ അംഗീകരിക്കുകയോ ചെയ്യുന്നവരും കാഫിറായിരിക്കുന്നു" (പേ. 67). അങ്ങനെ കാഫിറുകളായാലും കുഴപ്പമില്ല. കേരള വഹാബികൾക്ക് ഇതംഗീകരിക്കാൻ നിവൃത്തിയില്ല പോലും. സുന്നികൾ ഭൂരിപക്ഷമുള്ള കേരളത്തിൽ ആരോഗ്യപരമായ കാരണങ്ങളാൽ അങ്ങനെയൊന്നും പച്ചയായി പറഞ്ഞുകൂടാ. കൂടാതെ ഖാദിയാനികളെ കാഫിറാക്കുന്ന ഒറ്റക്കെട്ട് ലോക മുസ്‌ലിംകളിൽ സുന്നികളും വേണമല്ലോ -കാപട്യമേ നിന്റെ ഗതികേടോർത്ത് സങ്കടം തോന്നുന്നു.

ഇനി ഖാദിയാനികളെ ഗ്രന്ഥകാരൻ കാഫിറാക്കുന്നത് കാണുക: മുസ്‌ലിംകൾ എന്ന് വാദിക്കുന്നവരെ മുസ്‌ലിംകളായി അംഗീകരിക്കണമെന്ന എ. പി. വിഭാഗത്തിന്റെ വാദത്തെ പരിഹസിച്ചുകൊണ്ട് ഗ്രന്ഥകാരൻ ചോദിക്കുന്നു: "ഖാദിയാനികളെ നാം കാഫിറുകൾ എന്ന് പരിചയപ്പെടുത്തുമ്പോൾ അവർ അത് സമ്മതിക്കുന്നുണ്ടോ? ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും ജൂതരെയും ഖാദിയാനികളെയും കാഫിറുകൾ എന്ന് വിശേഷിപ്പിക്കുന്നതിനെ അവർ സമ്മതിക്കാത്തതിനാൽ അങ്ങനെ വിശേഷിപ്പിക്കുന്നത് തെറ്റാണോ?'' (പേജ്-183) വീണ്ടും: "അദ്ദേഹം പറഞ്ഞത് പോലെ മുസ്‌ലിമാണെന്ന് വാദിക്കുന്നവരെയെല്ലാം മുസ്‌ലിമായി അംഗീകരിക്കുകയാണെങ്കിൽ എന്തായിരിക്കും അതിന്റെ സ്ഥിതി? അപ്പോൾ ഖാദിയാനികളും മുസ്‌ലിംകളല്ലേ? അവരെ മുസ്‌ലിംകളല്ലെന്ന് പറയുന്നത് ഇദ്ദേഹം പറയുന്ന ശൈലിക്ക് എതിരല്ലേ? ബഹായികളും റാഫിളികളും പിശാച് പൂജകരും എല്ലാം മുസ്‌ലിംകൾ!" (പേജ്-184) ഹൈന്ദവരും ക്രൈസ്തവരും വിഗ്രഹാരാധകരും ബഹായികളും തങ്ങൾ മുസ്‌ലിംകളാണെന്നവകാശപ്പെടുന്നില്ലെന്ന് മാത്രമല്ല ഇന്നത്തെ ലോകമുസ്‌ലിംകളുടെ നാണംകെട്ട് നാറിയ ചെയ്തികൾ കാരണം മുസ്‌ലിംകളുടെ നാലയലത്ത് പോലും എത്തിനോക്കാൻ ഇഷ്ടപ്പെടാത്തവരാണെന്ന കാര്യം കുനിയിൽ കുനിഞ്ഞിരിക്കുന്ന കൂപമണ്ഡൂകത്തിന്നറിയില്ല.

പിന്നെ ഖാദിയാനികൾ എന്ന് നിങ്ങൾ വിളിക്കുന്ന അഹ്മദികളായ ഞങ്ങൾ യഥാർത്ഥ മുസ്‌ലിംകളാണെന്ന് ഞങ്ങൾക്കറിയാം. സഊദിയിൽ ഒരു അന്ധൻ ഇമാമോ ഗൾഫിൽ വേറൊരു അഖീദയിൽ വിശ്വസിക്കുന്ന ബധിരൻ നേതാവോ ഞങ്ങൾക്കില്ല. ഉള്ളത് ഒരേയൊരു ലോക നേതാവ്. അദ്ദേഹത്തിന്റെ ആജ്ഞകൾ ശിരസാവഹിച്ചുകൊണ്ടും ദൈവപാശം മുറുകെ പിടിച്ചുകൊണ്ടും ഞങ്ങൾ ലോക അഹ്മദികൾ "ഒറ്റക്കെട്ടായി" മുന്നേറുകയാണ്. ഇത് നിങ്ങളെപ്പോലുള്ള വൈരുദ്ധ്യാശയക്കാരെ ഏച്ചുകൂട്ടിയ കൃത്രിമ ഒറ്റക്കെട്ടല്ല. അന്യോന്യം കടിച്ച് കീറി ചോര കുടിക്കുന്ന നികൃഷ്ടജീവികൾ ഞങ്ങൾക്കെതിരിൽ ഒറ്റക്കെട്ടായി അണിനിരക്കുന്നതിൽ ഞങ്ങൾക്കൊട്ടും പരാതിയോ പരിഭവമോ ഇല്ല. കാരണം അവസാനകാലത്ത് വന്യമൃഗങ്ങളെ ഒരുമിച്ചു കൂട്ടപ്പെടുമെന്ന ഖുർആനിക പ്രവചനം പുലരാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. അഹ്മദിയ്യത്ത് എന്ന ദൈവിക പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകൻ ഹസ്റത്ത് അഹമദ് (അ) തന്റെ ദൗത്യനിർവ്വഹണത്തിനും ഹുജ്ജത്ത് പൂർത്തീകരണത്തിനും വേണ്ടി താനും തന്റെ അനുയായികളും യഥാർത്ഥ മുസ്‌ലിംകളാണെന്ന് അല്ലാഹുവിൽ ആണയിട്ടുകൊണ്ട് പലവുരു വ്യക്തമാക്കിയതാണ്. എന്നിരിക്കെ ഒരു നൂറ്റാണ്ടിന് ശേഷം ഞങ്ങൾ മുസ്‌ലിംകളാണേ ഞങ്ങളെ അംഗീകരിക്കേണമേ എന്ന് വിലപിച്ചുകൊണ്ട് വയറുകൊണ്ട് ചിന്തിക്കുകയും ഗുദംകൊണ്ട് സംസാരിക്കുകയും ചെയ്യുന്ന ഭൗമിക ജീവികളുടെ മുമ്പിൽ സുജൂദ് ചെയ്യേണ്ട ഗതികേട് ഞങ്ങൾക്കില്ലെ എന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഈ കുറിപ്പ് തൽക്കാലം നിർത്തുന്നു. ■




## എം.കെ. മുഹമ്മദ് സാഹിബ്

മണ്ണാർക്കാട് ജമാഅത്ത് മുൻ പ്രസിഡന്റും മണ്ണാർക്കാട് ജമാഅത്ത് സ്ഥാപകരിൽ പ്രമുഖനുമായ ജനാബ് എം.കെ. മുഹമ്മദ് സാഹിബ് (92) മാർച്ച് 28-ാം തിയ്യതി നിര്യാതനായി. (ഇന്നാലില്ലാഹി...) 1941ൽ മുഹമ്മദ് സാഹിബ് ബൈഅത്ത് ചെയ്ത് ജമാഅത്തിലേക്ക് വന്നപ്പോൾ വളരെയേറെ എതിർപ്പുകൾ സഹിക്കുകയുണ്ടായി. പനയോല കൊണ്ട് കെട്ടിയുണ്ടാക്കിയ അദ്ദേഹത്തിന്റെ വീട് അഗ്നിക്കിരയാക്കാൻ ജമാഅത്ത് വിരോധികളായ നാട്ടുപ്രമാണിമാർ തുനിഞ്ഞു. സ്വന്തമായി തുന്നൽക്കട നടത്തിയിരുന്ന മുഹമ്മദ് സാഹിബിന് തുന്നൽക്കട ആഴ്ചകളോളം പൂട്ടിയിടേണ്ടിവരികയുണ്ടായി. അഹ്മദിയായതിന്റെ പേരിൽ വമ്പിച്ച പരീക്ഷണങ്ങൾ അദ്ദേഹത്തിന് സഹിക്കേണ്ടിവന്നു.

തബ്‌ലീഗ് കാര്യത്തിൽ തൽപ്പരനായിരുന്ന മുഹമ്മദ്സാഹിബ്, അലനല്ലൂർ, മുറിയക്കണ്ണി, ചേലക്കര, കാവശ്ശേരി,പാലക്കാട് എന്നീസ്ഥലങ്ങളിൽ ജമാഅത്തുകൾ സ്ഥാപിക്കുന്നതിൽ മുഖ്യ പങ്കാളിയായിരുന്നു.

മർഹൂം മൗലവി എം.കെ. മുഹമ്മദ് ബശീർ സാഹിബ്, എം.കെ. യൂസുഫ് സിദ്ധിഖ്, എം.കെ. കരീം, എം.കെ. അബ്ദുർറഹ്മാൻ, എം.കെ. ഫാത്തിമ, എം.കെ. അബ്ദുർറശീദ്, എം.കെ. അബ്ദുൽ കരീം, എം.കെ. അബ്ദുൽ മജീദ് എന്നിവർ മക്കളും സി.കെ. ഫാത്തിമക്കുട്ടി, എ.ക്യു. മുസ്‌ലിം, എം. കുഞ്ഞഹമ്മദ്, എ.ക്യു. മുസ്‌ലിഹ്, എ.ക്യു.സാലിഹ, സലീന, സുറയ്യ എന്നിവർ മരുമക്കളുമാണ്. പരേതന് അല്ലാഹു ജന്നത്തും മഹ്ഫിറത്തും നൽകുമാറാകട്ടെ.

*എം.കെ.അബ്ദുൾറശീദ്,*
*മണ്ണാർക്കാട്.*



## അഹ്മദ് കോയ മാസ്റ്റർ സാഹിബ്

പഴയങ്ങാടി ജമാഅത്തിലെ ജനാബ് എ.പി.അഹ്മദ് കോയ മാസ്റ്റർ സാഹിബ് മാർച്ച് 4 ചൊവ്വാഴ്ച നിര്യാതനായി. (ഇന്നാലില്ലാഹി.........) 74 വയസ് പ്രായമുണ്ടായിരുന്നു. മർഹൂം ജനാബ് എം. അഹ്മദ് സാഹിബിന്റെ സഹോദരപുത്രനാണ് പരേതൻ. പഴയങ്ങാടി ഏഴോം സ്വദേശിനിയായ സൗദത്ത് സാഹിബയാണ് ഭാര്യ. മെഹ്റുന്നിസ, ഹൈറുന്നിസ, സഫറുള്ള, രിസ്‌വാന, മുഹമ്മദ് കോയ എന്നിവർ മക്കളാണ്.

## സ്മരണിക പ്രകാശനം ചെയ്തു

മജ്‌ലിസ് അൻസാറുല്ലാഹ് കേരളയുടെ മുഖപത്രമായ 'സത്യമിത്രം' മൗലാനാ അബുൽവഫാ സാഹിബിന്റെ സ്മരണിക മാർച്ച് 30 ന് കോഴിക്കോട് ബൈത്തൂൽ ഖുദ്ദുസിൽ വെച്ച് സൂബായി അമീർ ഏ.പി.കുഞ്ഞാമുസാഹിബ് പ്രകാശനം ചെയ്തു. ചടങ്ങിൽ അൻസാറുല്ലാഹ് കേരളയുടെ നാസിം അഅ്‌ലാ ജനാബ് ബി.യം കോയസാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, പബ്ലിക്കേഷൻ സെക്രട്ടറി പ്രൊഫ.മഹ്മൂദ് അഹ്മദ് സാഹിബ്, എം.അബ്ദുർറഹ്മാൻ സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു. കോഴിക്കോട് അൻസാറുല്ലാഹ് സയിം ഏ.എം.മുഹമ്മദ് സലിംസാഹിബ് സ്വാഗതവും, സംസ്ഥാന അൻസാറുല്ലാഹ് ജ.സെക്രട്ടറി ടി.അഹ്മദ് സഊദ് സാഹിബ് നന്ദിയും പറഞ്ഞു.

## റേഡിയോ ഇസ്‌ലാമിക് അഹ്മദിയ്യ

ആഫ്രിക്കയിലെ ബൊർക്കാനോ ഫോസോയിൽ നിന്ന് അഹ്മദിയ്യാ ജമാഅത്ത് റേഡിയോ പ്രക്ഷേപണം ആരംഭിച്ചിരിക്കുന്നു. ഫ്രഞ്ച് ഭാഷയിലും പ്രാദേശിക ഭാഷകളായ മോരേ, ജോല എന്നീ ഭാഷകളിലും പരിപാടികൾ പ്രക്ഷേപണം ചെയ്യപ്പെടുന്നു. 24 മണിക്കൂറും സംപ്രേഷണം ചെയ്യപ്പെടുന്ന ഉപഗ്രഹ ചാനലായ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ (M.T.A)യും അഹ്മദിയ്യാ ജമാഅത്തിനുണ്ട്.

*10-ാം പേജിൽ നിന്ന്*

പ്രത്യേക താൽപ്പര്യത്തോടെയും പിന്തുണയോടെയും സ്ഥാപിതമായ ഇസ്രായീൽ രാഷ്ട്രത്തിലെസിയോണിസ്റ്റ് ക്രിമിനലുകളെ മുസ്‌ലിംകൾ ഒറ്റക്കെട്ടായി ചെറുക്കണമെന്ന് പ്രഭാഷകൻ ആഹ്വാനം ചെയ്യുന്നു. ആലസ്യവും തളർച്ചയും പ്രകടിപ്പിക്കാതെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഉദ്ധരിക്കാൻ, ജിഹാദിനോടുള്ള പ്രതിബദ്ധത മനസ്സിൽ വെച്ചുകൊണ്ട് കർമ്മ രംഗത്തേക്കിറങ്ങണമെന്ന് അദ്ദേഹം പറഞ്ഞു."

അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഉം അഹ്മദിയ്യാ ജമാഅത്തിലെ വിനീത സേവകനായിരുന്ന മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബും(റ) ഇസ്റായീൽ രാഷ്ട്ര സ്ഥാപനത്തിന്നെതിരായി നടത്തിയ ശ്രമത്തിന്റെ ഏതാനും ഉദാഹരണങ്ങളാണ് മുകളിൽ വിവരിച്ചത്. വാസ്തവമെന്തെന്നാൽ, അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റാരും തന്നെ ഇക്കാര്യത്തിൽ ക്രിയാത്മകമായി ഒന്നും ചെയ്തിട്ടില്ല. ഈ പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോ പോകട്ടെ, മുസ്‌ലിം സഹോദരന്മാർ അഹ്മദികളെ ഇസ്രായീൽ ഏജന്റുകളായി മുദ്രകുത്താനാണ് ശ്രമിക്കുന്നത്! ഇതാണോ ഇസ്‌ലാമിക നീതി!! എങ്ങനെ ഇവർ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകും?!!! ■